# മലയാള സാഹിത്യം–2

**STUDY MATERIAL**

**SECOND SEMESTER**

**COMMON COURSE : MAL2A08**

*For*

# BA/BSc

**(2017 ADMISSION ONWARDS)**


**UNIVERSITY OF CALICUT**

**SCHOOL OF DISTANCE EDUCATION**

Calicut University P.O, Malappuram, Kerala, India 673 635


509A

# UNIVERSITY OF CALICUT
## SCHOOL OF DISTANCE EDUCATION

**STUDY MATERIAL**

**SECOND SEMESTER**

# BA/BSc

## (2017 ADMISSION ONWARDS)

**COMMON COURSE :**
**MAL2A08 : മലയാള സാഹിത്യം–2**

***Prepared by :***
*Dr. Haskerali E.C.*
*Asst. Professor,*
*Sullamussalm Science College, Areekode.*

*Layout: 'H' Section, SDE*
©
Reserved

## CONTENT PAGE NO.

**മൊഡ്യൂൾ I** : **05 – 19**

1. ചിന്താവിഷ്ടയായ സീത – കുമാരനാശാൻ
2. വിവാഹ സമ്മാനം – ഇടശ്ശേരി
3. സഹ്യന്റെ മകൻ വൈലോപ്പിള്ളി

**മൊഡ്യൂൾ II** : **20 - 33**

1. പകലുകൾ രാത്രികൾ – അയ്യപ്പപ്പണിക്കർ
2. മുറ്റമടിക്കുമ്പോൾ – അനിതാ തമ്പി
3. ചോറൂണ് – ഒ.എൻ.വി
4. ഇവനെക്കൂടി – സച്ചിദാനന്ദൻ

**മൊഡ്യൂൾ III & IV** : **34 - 66**

1. ഹാസ്യത്തിന്റെ ഉല്പത്തി – എം.പി.പോൾ
2. സ്പന്ദിക്കുന്ന അസ്ഥി മാടം – എം.കെ.സാനു
3. മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ – വി. രാജകൃഷ്ണൻ
4. സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും – എം.തോമസ് മാത്യു
5. തപന്റെ അമ്മ – എം.എം.ബഷീർ
6. ഇതിഹാസ കഥാപാത്രങ്ങൾ – കുട്ടികൃഷ്ണമാരാർ

# മൊഡ്യൂൾ I

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ മലയാള കവിതാരംഗത്ത് കാല്പനികപ്രകാശം പരത്തി പ്രശോഭിച്ചുനിന്ന മൂന്ന് കവികളാണ് കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ. കവിത്രയം എന്ന പേരിലറിയപ്പെട്ടിരുന്ന ഈ മൂന്നു കവികളുടെ കാലത്താണ് മലയാള കവിതാലോകത്ത് ഖണ്ഡകാവ്യങ്ങളുടെ സുവർണ്ണകാലഘട്ടം ആരംഭിക്കുന്നത്. 1895–ൽ 'മലയവിലാസ'മെഴുതിക്കൊണ്ട് ആധുനിക ഖണ്ഡകാവ്യങ്ങൾക്ക് ഏ.ആർ.രാജരാജവർമ്മ നാന്ദികുറിച്ചു. എങ്കിലും ലക്ഷണമൊത്ത ആദ്യഖണ്ഡകാവ്യമായി കുമാരനാശാന്റെ 'വീണപൂവി'നെയാണ് വിളിക്കപ്പെടുന്നത്. ആധുനിക ഖണ്ഡകാവ്യങ്ങൾ ലഘുകാവ്യങ്ങളാണ്. ഭാവതീവ്രതയാണ് അവയുടെ മുഖമുദ്ര.

കവിത്രയത്തിൽ ഏറ്റവും കൂടുതൽ റൊമാന്റിക് പ്രവണത പ്രകടമാക്കിയത് കവി കുമാരനാശാനാണ്. കേസരി ബാലകൃഷ്ണപിള്ള റൊമാന്റിക് പ്രസ്ഥാനത്തെ 'മാനം നോക്കി പ്രസ്ഥാനം' എന്നാണ് വിളിച്ചിരുന്നത്. ഭാവനയും വികാരവുമാണ് ഈ പ്രസ്ഥാനത്തിന്റെ അന്തർധാര. വ്യക്തിപരമായ മാനസിക അവബോധമാണ് അതിന്റെ പ്രേരണ. തന്നിലേക്കുതന്നെ മുഖം തിരിച്ചുവെച്ച് തന്റെ മാനസികപ്രപഞ്ചത്തെ ഭാവനവഴി ആവിഷ്കരിക്കുകയാണ് റൊമാന്റിക് കലാകാരന്മാർ ചെയ്യാറുള്ളത്. വിചാരത്തേക്കാൾ വികാരത്തിന് പ്രാധാന്യം നൽകുന്നവരാണിവർ. അനിയന്ത്രിതമായ ഭാവനയാണ് റൊമാന്റിസിസത്തിന്റെ ആത്മാവ്. കവിതയ്ക്ക് ഉരുത്തിരിഞ്ഞു കിട്ടുന്ന രൂപവും ഭാവവും സ്വന്തം അനുഭൂതിയിൽനിന്നു ജന്മംകൊള്ളുന്നവയാണ്. ജീവിതാനുഭവങ്ങളുടെ പച്ചയായ പ്രതിഫലനമല്ല ഈ അനുഭൂതി. ഒരുതരം സ്വപ്നാടനത്തിൽനിന്നു രൂപം കൊള്ളുന്നതാണെന്നു പറയാം. റൊമാന്റിക് കവികളുടെ ആധ്യാത്മീകത മണ്ണിനെത്തള്ളി വിണ്ണിനെ ഉറ്റുനോക്കുന്നു. മനുഷ്യനാണ് ദൈവം എന്നാണ് കാല്പനികരുടെ ദൈവസങ്കല്പത്തിന്റെ സ്വഭാവം.

## ചിന്താവിഷ്ടയായ സീത

### കുമാരനാശാൻ

തിരുവനന്തപുരത്ത് ചിറയിൻകീഴ് താലൂക്കിൽ കായിക്കരയിൽ 1873–ൽ നാരായണന്റെയും കാളിയമ്മയുടെയും മകനായി കുമാരനാശാൻ ജനിച്ചു. പ്രശസ്ത പണ്ഡിതരുടെ കീഴിൽ സംസ്കൃതം, ദർശനം,ശാസ്ത്രം എന്നിവ പഠിച്ചു. പതിനാലാം വയസ്സിൽ അധ്യാപകനായി. 1891–ൽ ശ്രീനാരായണഗുരുവിനെ കണ്ടുമുട്ടി. മൈസൂരിൽ പൽപ്പുവിന്റെ കൂടെ താമസിച്ചു. സംസ്കൃതത്തിലും ഇംഗ്ലീഷിലും ഉപരിപഠനം നേടുന്നതും ഇക്കാലത്താണ്. 1907 മുതൽ 16 വർഷക്കാലം എസ്.എൻ.ഡി.പി.യുടെ സെക്രട്ടറിയായിരുന്നു. 1978–ൽ ഭാനുമതിയമ്മയെ വിവാഹം കഴിച്ചു. 1922–ൽ വെയിൽസ് രാജകുമാരൻ പട്ടും

വളയും നൽകി ബഹുമാനിച്ചു. 1924–ൽ പല്ലനയാറ്റിലെ ബോട്ടപകടത്തിൽവെച്ച് മരണ പ്പെട്ടു.

**പ്രധാന കൃതികൾ:** വീണപൂവ്, നളിനി, ലീല, കരുണ, ചിന്താവിഷ്ടയായ സീത, ദുരവ സ്ഥ, ചണ്ഡാലഭിക്ഷുകി, പ്രരോദനം.

## കവിതാസാരം

വാല്മീകിമഹർഷിയോടൊപ്പം പുത്രന്മാരായ ലവകുശന്മാർ അയോധ്യയിൽ അശ്വ മേധയാഗത്തിൽ പങ്കെടുക്കാൻപോയ ദിവസം. വിജനവും ഏകാന്തവുമായ സന്ധ്യക്ക് ആശ്രമത്തിന് സമീപത്തെ ഉദ്യാനത്തിൽ വിചാരമഗ്നനായിരിക്കുന്ന സീതയുടെ ചിത്ര ത്തോടെയാണ് കാവ്യം ആരംഭിക്കുന്നത്. ‘ചിന്താവിഷ്ടയായ സീത’ എന്ന പേരു സൂചി പ്പിക്കുന്നതുപോലെ സീതയുടെ ചിന്തകൾ സമഗ്രമായിത്തന്നെ കൃതിയിൽ ആവിഷ്കരി ക്കുന്നു. ചിന്താവിഷ്ടയായ സീതയുടെ വിചാരങ്ങളെ നാലു ഘട്ടങ്ങളായിട്ടാണ് സുകു മാർ അഴീക്കോട് ‘ആശാന്റെ സീതാകാവ്യം’ എന്ന പുസ്തകത്തിൽ വിവരിക്കുന്നത്. വിചിന്തനം, വിമർശനം, വിനിന്ദനം, വിഭാവനം തുടങ്ങിയവയാണ് ആ നാലു ഘട്ടങ്ങൾ.

ലവകുശന്മാർ മഹർഷിയോടൊത്ത് അയോദ്ധ്യയിലേക്ക് പോയദിവസം സന്ധ്യാ സമയത്ത് ആശ്രമത്തിന് സമീപമുള്ള ഉദ്യാനത്തിൽ പോയിരുന്ന സീതയെ കുമാരനാ ശാൻ വർണ്ണിച്ചിരിക്കുന്നത് ഹൃദ്യമായ രീതിയിലാണ്. കൊട്ടാരത്തിലായിരുന്നുവെങ്കിൽ അശ്വമേധയാഗം നടത്തുന്നവേളയിൽ രാമനോടൊപ്പം രത്നകംബളത്തിൽ വെൺകൊറ്റ ക്കുടയുടെ താഴെ ഇരിക്കേണ്ടവളായിരുന്നു സീത. അതറിഞ്ഞിട്ടാകാം പ്രകൃതിതന്നെ അവൾക്കുവേണ്ടി രാജകീയഇരിപ്പിടം നൽകിയത്. സീത ഇരുന്നതിനുമുകളിൽ പൂവാക യുടെ കൊമ്പുകൾ പൂപ്പന്തൽ കെട്ടിയതുപോലെ ശോഭിച്ചു. ഇന്ദ്രനീലവർണ്ണമായ പുല്ലു കൾ പട്ടുവിരിപ്പായി ചമഞ്ഞു. സൂര്യനസ്തമിച്ചതും പൂർണ്ണചന്ദ്രൻ പുഞ്ചിരിതൂകി എത്തി യതും സീത അറിഞ്ഞതേയില്ല. താൻ ഒറ്റയ്ക്കാണിരിക്കുന്നതെന്ന ബോധവും സീത യ്ക്കുണ്ടായിരുന്നില്ല. തമസാനദിയിൽ കുഞ്ഞലകൾ സൃഷ്ടിക്കുന്ന കാറ്റ് ജലശീകരണ ങ്ങളുമായി വന്ന സസ്യങ്ങളെ തലോടുന്നു. നനവുള്ള ഇലകളിൽ നിലാവുവീഴുമ്പോൾ അവ വെട്ടിത്തിളങ്ങുകയും വെള്ളിയിൽ വാർത്തപോലെ തോന്നിക്കുകയും ചെയ്യുന്നു. വെള്ളിയിൽ വാർത്തെടുത്ത ശില്പങ്ങൾ ചലിക്കില്ലെങ്കിലും ഇവിടെ ഇലകൾ ചലിച്ചു കൊണ്ടിരിക്കുന്നു. തമസാനദിയിലെ ജലവും നിലാവിൽ വെള്ളിയുരുക്കിയൊഴിച്ചതു പോലെ ശോഭിക്കുമല്ലോ.

വനമുല്ലയിൽനിന്ന് കാറ്റിലൂടെ പാറിവരുന്ന പൂക്കൾപോലെ സീതയുടെ മുടിയിൽ മിന്നാമിനുങ്ങുകൾ വന്നിരുന്നു. രാത്രിയിൽ വൃക്ഷങ്ങൾക്കിടയിലൂടെ കാണുന്ന നക്ഷത്ര ങ്ങൾ തിളങ്ങുന്ന ആകാശത്തിലെ നക്ഷത്രം പോലെ സീതയുടെ മുടി ശോഭിച്ചു. മനോഹരമായ ഉപമയുടെ സൗന്ദര്യം ഈ വരികളിൽ നിറയുന്നു. തന്റെ വെളിച്ചത്തിൽ

മിന്നാമിനുങ്ങുകൾ തിളങ്ങുകയല്ല. മറിച്ച് ഈ മിന്നാമിനുങ്ങുകൾ സീതയുടെ കാർമേഘംപോലെ കറുത്ത മുടിക്കെട്ടിൽ ആകാശത്തിലെ നക്ഷത്രങ്ങളെന്നപോലെ സീതയുടെ മുടിക്കെട്ടിൽ തിളങ്ങുന്നു. മാത്രവുമല്ല പച്ചപ്പുകൊണ്ട് നിബിഡമായ വനഭൂമിയിൽ വൃക്ഷങ്ങൾക്കിടയിലൂടെ നോക്കുമ്പോഴുണ്ടാകുന്ന ആകാശത്തിന്റെ ശോഭയും നക്ഷത്രത്തിളക്കത്താൽ പതിന്മടങ്ങ് വർദ്ധിക്കുമല്ലോ.

തന്റെ ഉടയാടകൊണ്ട് ശരീരം മറച്ച് കൈകൾ തുടയിൽവെച്ച് സീത ഇരിക്കുമ്പോൾ അവളുടെ മനസ്സിലെ ശോകച്ഛവിയും ചിന്താഭാരവും അനുവാചകമനസ്സിന് തിരിച്ചറിയാൻ കഴിയും. അർദ്ധനിമീലത നയനങ്ങളുമായിട്ടാണ് സീത ഇരുന്നത്. പരുഷമായ അളകങ്ങളുടെ കൂട്ടം കാറ്റിലുലഞ്ഞ് കണ്ണുകളിൽ പതിക്കുമ്പോൾപോലും സീതയുടെ നോട്ടം പുറത്തേക്ക് വന്നില്ല. അലസമായിരുന്ന സീത നിവർന്നിരുന്നു. സാമൂദ്രിക ശാസ്ത്രവിധിയിൽ പറയുംവിധം അല്പം കുനിഞ്ഞ പ്രകൃതമാണെങ്കിലും ഇപ്പോൾ നിവർന്നാണിരിക്കുന്നത്. നിയമംവിട്ട തെന്നൽമാതിരി അവളിൽനിന്ന് ദീർഘനിശ്വാസമുതിർന്നു. സീതയുടെ മനസ്സിൽ അലതല്ലിക്കൊണ്ടിരുന്ന ചിന്തയുടെ കടൽ അവളുടെ കവിൾത്തടങ്ങളിൽ പലതരത്തിലുള്ള ഭാവങ്ങളെയും മാറിമാറി പ്രതിഫലിപ്പിച്ചു. വല്ലാതെ ഉഴലുന്ന മനസ്സിനെ അടക്കാൻകഴിയാതെ ആത്മഗതമായി ചിലത് പറയാനും തുടങ്ങി.

''ഒരു നിശ്ചയിമില്ലയൊന്നിനും

വരുമോരോദശ വന്നപോലെ പോം

തിരയുന്നു മനുഷ്യനേതിനോ

തിരിയാ ലോകരഹസ്യമാർക്കുമേ''

ജീവിതത്തിൽ ഒന്നിനെക്കുറിച്ചും ഉറപ്പിക്കാനാവില്ല. ഓരോ അവസ്ഥയും വരികയും വന്നതുപോലെ പോവുകയും ചെയ്യുന്നു. മനുഷ്യൻ എന്തിനോവേണ്ടി ഉഴലുകയാണ്. ലോകരഹസ്യത്തെക്കുറിച്ച് ആർക്കും ഒരുപിടിയുമില്ല. മനസ്സ് രസബിന്ദുപോലെ ഓടിക്കളിക്കുകയും നെന്മണിപോലെ പൊരിഞ്ഞ് മലർക്കുകയും ചെയ്യുന്നു. ചിലപ്പോൾ തീവ്രമായും മറ്റു ചിലപ്പോൾ മന്ദമായും അത് ഉത്കണ്ഠാകുലമാകുന്നു. മനസ്സിന് ദുഃഖമൊഴിഞ്ഞ അവസ്ഥ അപ്രാപ്യമാണ്. ജീവിതത്തിന് ഏറെ സന്തോഷമുണ്ടായിരുന്ന പൂർവ്വകാലത്തെക്കുറിച്ച് സീത ഓർക്കായ്കയല്ല. ദുർവിധി അമിതമായ പുഞ്ചിരിയുമായെത്തി ആ സന്തോഷദിനങ്ങളെയെല്ലാം മായ്ചുകളഞ്ഞു. വേനൽപോയാൽ മഴയെത്തും. വേനലിൽ ഇലകളെല്ലാം പൊഴിഞ്ഞുപോകുമെങ്കിലും മഴയെത്തിയാൽ വീണ്ടും തളിർത്ത് പൂക്കളുണ്ടാകും. ആണ്ടുതോറും ഈ പ്രക്രിയ തുടരും. സുഖവും ദുഃഖവും മാറിമാറിവരുമെന്ന തത്വ മാണിവിടെ അനാവൃതമാകുന്നത്. ദുഃഖം ജന്തുക്കൾക്കും വൃക്ഷലതാദികൾക്കും ഭൂമിക്കും സാധാരണമാണെങ്കിലും ആത്മാഭിമാനമുള്ള മനുഷ്യനിലത് സ്ഥിരമായി നിൽക്കും. കാരണം മാനഹാനി മനുഷ്യന് പൊറുക്കാൻ കഴിയുന്ന ഒന്ന

ല്ല. സീതയുടെ ദുഃഖം സ്ഥിരമാണെന്ന് വ്യഞ്ജിപ്പിക്കുന്നു. ഇടതുതോൾ തുടിക്കുന്നത് ശുഭലക്ഷണമാണെങ്കിലും സീത അതിനെ പുഴുപോലെ എന്നാണ് പറയുന്നത്. കാരണം സുഖഭോഗങ്ങളെ പൂർണ്ണമായും ഉപേക്ഷിച്ച അവസ്ഥയിലാണ് സീത. വിവേകമില്ലാത്ത കുട്ടി നിഴലിന്റെ പുറകേ ഓടുന്നതുപോലെ താനിനി സുഖഭോഗങ്ങളിൽ ഭ്രമിച്ച് ഉഴലുകയില്ലെന്ന് സീത തീരുമാനിക്കുന്നു. ശ്രീരാമൻ പുത്രന്മാരിൽനിന്നും രാമായണകഥ പാടിക്കേട്ട് അവരെ തിരിച്ചറിയുകയും അവരോട് അനുതാപമുള്ളവനുമായി തീർന്നിരിക്കണമെന്ന് സീത കരുതുന്നു. ഭർത്താവിനോടൊപ്പം കഴിഞ്ഞ നാളുകൾ പൂർണ്ണമായും മറന്നിട്ടില്ലെങ്കിലും അവയൊന്നും ഇപ്പോൾ ചിന്തയിലൂന്നിടാതെയായിരിക്കുന്നു. കേൾവിയിൽ മാറ്റൊലിപോലെയായിരിക്കുന്നു അവ. പ്രണയം അല്പനേരത്തെ വിയോഗം പോലും സഹിക്കുകയില്ലെങ്കിലും ഇപ്പോൾ എന്നിലുള്ള ആ വികാരം ഉറങ്ങിയ അണലിപ്പാമ്പിനെപ്പോലെയാണ്. ഇന്ദ്രിയങ്ങൾക്ക് ആഹ്ലാദംപകരുന്ന വികാരങ്ങൾ പ്രാവുകൾ കൂടുപേക്ഷിക്കുന്നതുപോലെ സീതയെ ഉപേക്ഷിച്ചുപോയിരിക്കുന്നു. കൂരിരുട്ടിലും തെളിഞ്ഞ നക്ഷത്രത്തേയും സമുദ്രത്തിൽ അങ്ങിങ്ങ് ദ്വീപുകളും കാണാറുണ്ട്. അതുപോലെ വിപത്തിലും ആശ്വാസത്തിന്റെ രജതരേഖകളുണ്ടാവുമെന്ന് സീത കരുതുന്നു. ശ്രീരാമചന്ദ്രൻ പരിത്യജിച്ചതിലുള്ള ദുഃഖത്തിന് അല്പം ആശ്വാസം പകരാൻ മക്കൾക്ക് കഴിഞ്ഞു. സുഖമായും ദുഃഖമായും മാറിമാറിവരുന്നതൊക്കെയും ഒരേയൊരു ഭാവമായിരിക്കാം. മഹാത്മാക്കളായ ജ്ഞാനികൾ ഇവ രണ്ടിലും ചഞ്ചലരാവാത്തത് അതുകൊണ്ടായിരിക്കാമെന്ന് സീത കരുതുന്നു. സുഖത്തെത്തുടർന്ന് ദുഃഖം വരുത്തുന്നത് വിധിക്ക് മനുഷ്യനോടുള്ള അസഹിഷ്ണുതഃകൊണ്ടാണെന്ന് സ്ഥാപിച്ചിട്ട് സീത സുഖത്തെ വെറുക്കുകയും ദുഃഖത്തെ വരിക്കുകയും ചെയ്യുന്നു. കറുത്തപക്ഷവും വെളുത്തപക്ഷവും മാറിമാറിവരുന്നതുപോലെയാണ് ജീവജാലങ്ങൾക്ക് സുഖവും ദുഃഖവും മാറിമാറിവരുന്നത്. സന്തോഷംനിറഞ്ഞ പൂർവ്വകാലം സ്മരിക്കുമ്പോൾ ദുർവിധി പുഞ്ചിരിയുടെ ധാരാളിത്തംകൊണ്ട് അവയെ മായ്ചുകളഞ്ഞതായി സീത ഓർക്കുന്നു.

മർത്ത്യജിവിതം സുഖദുഃഖ സമ്മിശ്രമാണെന്നോർത്ത് സീത ആശ്വസിക്കാൻ ശ്രമിക്കുന്നു. ഇവിടെ മനുഷ്യജീവിതത്തിന്റെ അസ്ഥിരതയെ ഋതുഭേദങ്ങളോട് കവി സാമ്യപ്പെടുത്തിയിരിക്കുന്നു. സസ്യജന്തുജാലങ്ങളിലും അഴൽ മാറിമാറി വന്നുപെടുമെങ്കിലും ആത്മാഭിമാനമുള്ള മനുഷ്യനിൽ മാനഹാനിമൂലമുള്ള ദുഃഖം സ്ഥിരമായി നിൽക്കും.

ആശ്രമത്തിലെ വ്രതചര്യ തനിക്കിന്നു ശീലമായിരിക്കുന്നു. ആത്മവിദ്യതന്നെ ശാന്തശീലയാക്കി തീർത്തിരിക്കുന്നു. വിവേകശക്തികൊണ്ട് എല്ലാ ദുഃഖങ്ങളും തന്നിൽനിന്നും ഒഴിഞ്ഞുപോയിരിക്കുന്നു. എന്നാൽ 'അപമാനശല്യം' തന്നെ ഇപ്പോഴും ചുട്ടുപൊള്ളിക്കുന്നു. താൻ നിഷ്കരുണം വന മദ്ധ്യത്തിൽ ഉപേക്ഷിക്കപ്പെട്ട കാര്യം സീത ഓർക്കുന്നു. സ്വയം ജീവൻ വെടിയാൻ ആഗ്രഹിച്ച താൻ ഗർഭിണിയായതിനാൽ

അതിനുമുതിർന്നില്ല. ഇപ്പോൾ പ്രിയചേഷ്ടകൾകൊണ്ട് ആ ഉണ്ണികൾ തനിക്ക് കൗതുകമേകുന്നു. ഉണ്ണികളുടെ മന്ദസ്മിതരശ്മികൾ തന്റെ വേദനയകറ്റാൻപോന്ന ഔഷധമായി തീർന്നിരിക്കുന്നു. വേദനാനിർഭരമായ ജീവിതത്തിൽ അർഭകർ (മക്കൾ) ഔഷധമായി ചമയുന്നുവെന്ന് ആശാൻ ഓർമ്മിപ്പിക്കുന്നു.

കൂരിരുട്ടിലും തെളിഞ്ഞുപ്രകാശിക്കുന്ന ചില നക്ഷത്രങ്ങൾ കാണാം. അതുപോലെ കടൽപരപ്പിൽ ചെറുദ്വീപുകളും കാണാം. ഏതു വിപത്തിലും ആശ്വാസമേകാൻ എന്തെങ്കിലും മാർഗം ഇല്ലാതിരിക്കില്ല. മക്കളുടെ സാന്നിധ്യവും ചേഷ്ടകളുമാണ് സീതക്ക് ആശ്വാസമേകുന്നത്.

ഒരു കൈകൊണ്ട് തല്ലുന്ന നിയതി മറുകൈകൊണ്ട് തലോടുകയും ചെയ്യുമെന്ന് സീത ആശ്വസിക്കുന്നു. നിഴലും വെളിച്ചവുംപോലെ ഒരേ ഭാവത്തിന്റെ രണ്ടവസ്ഥകളാണ് സുഖവും ദുഃഖവുമെന്ന് സീത തിരിച്ചറിയുന്നു. മഹാത്മാക്കൾ ഇവ രണ്ടിലും അചഞ്ചലരാകുന്നത് ഈ സത്യം മനസ്സിലാക്കുന്നതുകൊണ്ടാണെന്ന് സീത കരുതുന്നു. ഇനിയും ലഭിച്ചേക്കാവുന്ന സുഖാനുഭവങ്ങളോട് സീത ഈർഷ്യത്തോടെ തിരിഞ്ഞ് നിൽക്കുന്നു. അവയെ 'വിനയാർന്ന സുഖ'മായി കാണുന്നു. തന്റെ ജീവിതത്തിലെ ഉല്ലാസനാളുകൾ വേദനയിലും അപമാനത്തിലുമാണല്ലോ ഒടുങ്ങിയത്. ദുഃഖത്തെ സ്വയംവരിക്കാൻ ചെല്ലുമ്പോൾ ദുർവിധി അതിന്റെ ഈർഷ്യഭാവം കൈവിടുമെന്നുതന്നെയാണ് സീതയുടെ പ്രതീക്ഷ. അപമാനാനുഭവത്തെയോർത്ത് നീറുന്ന സീതയുടെ സംഘർഷഭരിതമായ മനസ്സിൽനിന്നാണ് ഈ വാക്കുകൾ ഉതിരുന്നത്. ദുഃഖത്തെ ഏറ്റുവാങ്ങി ശരിയായ 'മധുരിച്ചിടാം സ്വയം പരിശീലിപ്പൊരു കയ്പുതനുമേ' എന്ന തിർപ്പിൽ സീത ആശ്വാസം കണ്ടെത്തുന്നു. ആശാന്റെ ചിന്താവിഷ്ടയായ സീതയുടെ പരിസമാപ്തിയിൽ, സീതയുടെ ആലോചനകൾ അവസാനിക്കുന്നിടത്തുനിന്നാണ് പിൽക്കാലത്ത് പുതിയ വിചാരങ്ങൾ സൃഷ്ടിക്കപ്പെട്ടത്.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

നിലയെന്നിയെ ദേവിയാൾക്കക
ത്തലതല്ലുന്നൊരു ചിന്തയാം കടൽ
പല ഭാവമണച്ചു മെല്ലെ നിർ–
മ്മലമാം ചാരു കവിൾതടങ്ങളിൽ – വ്യാഖ്യാനിക്കുക

**ഉപന്യാസമെഴുതുക**

'സ്ത്രീസ്വാതന്ത്ര്യചിന്തയുടെ ഉദാത്തമാതൃകയാണ് സീത' 'ചിന്താവിഷ്ടയായ സീത'യെ മുൻനിർത്തി വിശദീകരിക്കുക?

# വിവാഹസമ്മാനം

## ഇടശ്ശേരി ഗോവിന്ദൻ നായർ

ഒരു ഗ്രാമീണന്റെ ആർജ്ജവമുള്ള സത്യാന്വേഷണത്തിന്റെ രേഖകളാണ് ഇടശ്ശേരിയുടെ കവിതകൾ. ഗ്രാമത്തിലെ നന്മകളിലും ചെറുതും വലുതുമായ വൈയക്തികവും ഗാർഹികവും സാമൂഹികവുമായ പ്രമേയങ്ങളാണ് ഇടശ്ശേരി കവിതകളുടെ പ്രതിപാദ്യം. മലയാള കവിതാലോകത്തെ കരുത്തിന്റെയും പാരുഷ്യത്തിന്റെയും കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ. ഇടശ്ശേരിക്ക് കവിതയുടെ ലോകം തുറന്നുകൊടുത്തത് രാമായണം നിത്യപാരായണം ചെയ്ത അമ്മയും പുരാണകഥകൾ പറഞ്ഞുകൊടുത്ത ജ്യേഷ്ഠത്തിയുമാണ്. അദ്ധ്യാപകനായിരുന്ന ശങ്കുണ്ണിമേനോനും അദ്ദേഹത്തിൽ കവിതാ താത്പര്യം ജനിപ്പിച്ചു. വക്കീൽ ഗുമസ്തനും നാട്ടുകാര്യസ്ഥനുമായിരുന്ന അദ്ദേഹം തികഞ്ഞ ഗാന്ധിയനുമായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ പ്രതിനിധിയായി ജീവിച്ച ഇടശ്ശേരി താൻ തിരിച്ചറിഞ്ഞ ജീവിതയാഥാർത്ഥ്യങ്ങളാണ് കവിതയ്ക്ക് വിഷയമാക്കിയത്.

‘‘കുഴിവെട്ടി മൂടുക വേദനകൾ
ക്കുതിക്കൊൾക ശക്തിയിലേക്കു നമ്മൾ’’

സ്വാതന്ത്ര്യസമരകാലത്ത് ദേശീയവാദിയായി മുൻപന്തിയിൽ നിന്ന ഇടശ്ശേരി ഗുരുവായൂർ സത്യാഗ്രഹകാലത്തും ക്വിറ്റിന്ത്യാ സമരഘട്ടത്തിലും പൊന്നാനിയുടെ ഊർജ്ജകേന്ദ്രമായിരുന്നു. ഒരു രാഷ്ട്രീയ കക്ഷിയോടും മമത പുലർത്താതെ ജനസമ്മതിയും ആദരവും നേടാൻ ഈ മഹാകവിക്ക് കഴിഞ്ഞു. സ്വാതന്ത്ര്യമോഹം, രാഷ്ട്രീയഐക്യം, പുരോഗമന വാഞ്ഛ, പാരമ്പര്യമതിപ്പ്, ശക്തിയിലേക്ക് കുതിക്കാനുള്ള അന്തർദാഹം ഇവയുടെയെല്ലാം കെടാത്ത അഗ്നി ഉള്ളിൽ സൂക്ഷിച്ച ഇടശ്ശേരി സമൂഹത്തിന്റെ ദുരന്തമുഖത്തെ അനാവ+രണം ചെയ്തു.

‘‘അധികാരം കൊയ്യണമാദ്യം നാം
അതിന്മേലാകട്ടെ പൊന്നാര്യൻ’’

നാട്ടിൻപുറത്തെ നർമ്മവിഷാദസമ്മിശ്രമായ ഇതിഹാസം ഭാവഗാനങ്ങളിലൂടെയും ദേശീയകവിതകളിലൂടെയും കഥാകാവ്യങ്ങളിലൂടെയും നാടകങ്ങളിലൂടെയും ഇടശ്ശേരി ആവിഷ്കരിച്ചു.

**പ്രധാന കൃതികൾ**: പൂതപ്പാട്ട്, കാവിലെപ്പാട്ട്, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, ‘ബുദ്ധനും ഞാനും നരിയും, ‘പുത്തൻകലവും അരിവാളും’, ‘കറുത്ത ചെട്ടിച്ചികൾ’, ‘പണിമുടക്ക്’.

## കവിതാസാരം

ഗ്രാമീണജീവിതത്തെ കാവ്യവിഷയമാക്കുമ്പോഴും അതിന്റെ ശാലീനതകൾക്കും, നന്മകൾക്കും, ശീലവിചാരവിശുദ്ധികൾക്കുമപ്പുറം മറഞ്ഞിരിക്കുന്ന പൊരുത്തക്കേടുകളിലും സത്യത്തിന്റെ ക്രൂരമുഖങ്ങളിലുമാണ് ഇടശ്ശേരിയുടെ ശ്രദ്ധ ചെന്നുപറ്റുന്നത്. ഈ അന്വേഷണത്തിൽ നിന്നാണ് 'വിവാഹസമ്മാനം' എന്ന കവിത പിറവികൊള്ളുന്നത്. വ്യക്തിദുഃഖത്തിന്റെ നിസ്സഹായതലങ്ങൾ തീവ്രാനുഭവങ്ങളായി പകർന്നുതരുന്ന ഈ കവിത സംവേദനതലത്തിലാണ് നൊമ്പരങ്ങളുടെ മേഘച്ചാർത്ത് സൃഷ്ടിക്കുന്നത്. ചേച്ചി എന്ന കഥാപാത്രത്തിലൂടെയാണ് ഈ കവിത വളരുന്നത്. തന്റെ കാമുകനെ അനുജത്തി വിവാഹം കഴിക്കുന്നതോടെ ചേച്ചി ആത്മഹത്യക്ക് ശ്രമിക്കുന്നു. ഈ കഥയ്ക്കുപിന്നിൽ മനുഷ്യമനസ്സിന്റെ ഭിന്നവിചാരങ്ങളിലേക്കും സ്വകാര്യതകളിലേക്കുമുള്ള വിശദമായൊരന്വേഷണം നാടൻപദപ്രയോഗങ്ങൾകൊണ്ടും ബിംബങ്ങൾകൊണ്ടും കവി സൃഷ്ടിക്കുന്നു.

ഇതിലെ നായിക മരണമെന്ന് പറയുന്നതിനുപകരം പൂ പറിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ഇത്തരം ബിംബപ്രയോഗങ്ങൾ ദുരന്തങ്ങൾക്കുമുന്നിൽ ഇടശ്ശേരിയുടെ കഥാപാത്രങ്ങൾ തളർന്നുപോകുന്നില്ല എന്നതിന് ഉദാഹരണമാണ്. മരണത്തെ 'പൂപറിക്കലിന് 'സമാനമായി ബിംബവൽക്കരിക്കുന്നതിലൂടെ ജീവിതപ്രശ്നങ്ങളെ നിസ്സാരവൽക്കരിക്കുകയും അവയ്ക്കുമുന്നിൽ സധൈര്യം മുന്നേറാനുള്ള ഒരാഹ്വാനവുമാണ് ഈ ബിംബപ്രയോഗംകൊണ്ട് കവി സൃഷ്ടിക്കുന്നത്.

വിവാഹസമ്മാനം എന്ന കവിതയിലൂടെ വഞ്ചിക്കപ്പെട്ട ഒരു പെൺകുട്ടിയുടെ വേദനകളും സ്വയം ഇല്ലാതായിക്കൊണ്ട് നടത്തുന്ന പ്രതികാരവാഞ്ഛയുമാണ് ഇടശ്ശേരി ആവിഷ്കരിക്കുന്നത്. പ്രായപൂർത്തിയായ പെൺകുട്ടികളുടെ വീട് അകത്ത് അഗ്നി സൂക്ഷിക്കുന്ന പുരപോലെയാണെന്ന് പണ്ടുള്ളവർ പറയുമായിരുന്നു. അനിയത്തിയുടെ വിവാഹം കഴിഞ്ഞു. ജ്യേഷ്ഠത്തിയുടെ കാമുകനായിരുന്ന വ്യക്തിയാണ് അനുജത്തിയെ വിവാഹം ചെയ്തത് എന്ന ദുരന്തമുഖമുണ്ട് ഈ വിവാഹത്തിന്.

വിവാഹപ്പിറ്റേന്ന് രാവിലെ കൊച്ചനുജനേയുംകൂട്ടി ചേച്ചി കുളക്കടവിലേക്ക് പോയി.മുമ്പ് അനിയനെയും കൂട്ടി ഈ കുളക്കടവിൽ വരുമ്പോൾ ബാലസൂര്യന്റെ ആദ്യരശ്മിപോലെ മനോഹരമായ വിരലുകൾ ചൂണ്ടി കുളത്തിൽ വിടർന്ന്നിൽക്കുന്ന താമരപ്പൂക്കൾ പറിച്ചുനൽകണമെന്ന് പറഞ്ഞ് അവൻ ശാഠ്യം പിടിക്കാറുണ്ടായിരുന്നു. നിലയറ്റ വെള്ളത്തിലാണ് പൂക്കളെന്നതുകൊണ്ട് അവ പറിച്ചുനൽകാൻ പെൺകുട്ടി ഒരിക്കലും ധൈര്യം കാണിച്ചിട്ടില്ല. പക്ഷേ ഇന്ന് താനത് പറിച്ചുനൽകാം എന്ന് ചേച്ചി അനുജന് വാക്കുകൊടുത്തു. ഇന്നലെ വിവാഹം കഴിഞ്ഞ അനിയത്തിക്കും ഭർത്താവിന്നും ഈ പൂക്കൾ കല്പകപ്പൂ പറിച്ചേകുംപോലെ സമ്മാനിക്കണമെന്നാണ് പെൺകുട്ടി പറയുന്നത്.

അതിനുവേണ്ടി ശ്രമിക്കുമ്പോൾ അപകടത്തിൽ സംഭവിച്ചതാണ് തന്റെ മരണം എന്ന് വരുത്തിത്തീർക്കാനാണ് പെൺകുട്ടി കൊച്ചനുജനോട് ഇപ്രകാരം സംസാരിക്കുന്നത്. ഇന്നലെവരെ നിലയില്ലാക്കയത്തിലേക്കിറങ്ങാൻ താൻ ഏറെ ഭയന്നിരുന്നു. ഇന്ന് നിലയില്ലാക്കയത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ തനിക്ക് യാതൊരു ഭയവുമില്ലെന്നും അതിന്നുള്ള മനസ്സുറപ്പും തനിയെ വന്നുചേർന്നിരിക്കുന്നു എന്നും അവളറിയുന്നു. തിരസ്കരിക്കപ്പെട്ടവളുടെ തീവ്രവേദന പെൺകുട്ടിയുടെ തീരുമാനത്തിന്റെ പിന്നിലുണ്ടായിരുന്നു. അതാണ് എല്ലാ ധൈര്യത്തിന്റെയും അടിത്തറയായിത്തീർന്നിരിക്കുന്നതും. ഇളയ മകളുടെ വിവാഹം നടത്തി അല്പമൊരാശ്വാസം മനസ്സിൽ സൂക്ഷിക്കുകയാണമ്മ. അവൾ പിഴച്ചുപോകില്ലല്ലോ എന്ന ആശ്വാസമാണമ്മയുടെ മനസ്സിൽ. പക്ഷേ മൂത്ത മകളുടെ വിവാഹം നടത്താതെ ഇളയ മകളെ വിവാഹം നടത്തേണ്ടിവന്ന ദുഃഖവും ആ അമ്മയുടെ മനസ്സിലുണ്ട്. അതു മുഴുവൻ പലപ്പോഴായി അമ്മ മകളുടെ നേർക്കുള്ള ക്രൂരമായ വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നുണ്ട്.

കൈത്തിരി കൊളുത്തി ഇന്ന് പുലർച്ചെ കുളത്തിലേക്ക് പുറപ്പെടാൻനേരം അമ്മ പറഞ്ഞത് പെൺകിടാവിന്നാറാടാൻ തെല്ലു പുലർന്നാലെന്താണെന്നാണ്. ഓർത്തുനടക്കണമെന്നും അല്ലെങ്കിൽ ചിത്രം ഓട്ടപ്പെടുമെന്നുമവർ ഓർമ്മിപ്പിച്ചു. മകളുടെ ഓരോ ചലനവും അമ്മയുടെ മനസ്സിൽ ക്രൂരമായ ആശങ്കകൾക്കാണ് ജന്മം നൽകുന്നത്. രാവിലെ എഴുന്നേറ്റ് കുളിച്ചാൽ അത് അമ്മയുടെ കണ്ണിൽ വേശിയാട്ടമായി മാറും. കാലത്തെണീക്കാഞ്ഞാൽ അത് കള്ളനാട്യമായി വ്യാഖ്യാനിക്കപ്പെടും. അമ്പലത്തിൽ പോയാലും പോയില്ലെങ്കിലും അമ്മ കുറ്റം കണ്ടുപിടിക്കും. മകളെക്കുറിച്ചുള്ള വേവലാതിയായാൽ അമ്മയുടെ ജീവിതം തീ തിന്നലായി മാറി , മകൾക്കത് മുൾക്കിരീടവുമായി. അമ്മയുടെ മനസ്സിലെ വേവലാതികൾ അവർ കർശനനിയന്ത്രണങ്ങളായും ശകാരവുമായി പുറത്തെടുക്കുമ്പോൾ അതനുഭവിക്കേണ്ടിവരുന്ന മകളുടെ മനസ്സ് ഏറെ വേദനിക്കുന്നു.

ഇന്നലെ വിവാഹം കഴിഞ്ഞ അനിയത്തിക്കും ഭർത്താവിന്നും സമ്മാനം നൽകാൻ പൂ പറിക്കാൻ ശ്രമിക്കവേയാണ് ചേച്ചിക്ക് മരണം സംഭവിച്ചതെന്ന് പറയാൻ കൊച്ചനുജനെ പഠിപ്പിച്ചാണ് പെൺകുട്ടി മരണത്തിലേക്ക് നടന്നുപോകുന്നത്. കൊച്ചനുജനെ പുതപ്പിച്ച് കരയിലിരുത്തിയിട്ടാണ് ചേച്ചി ആഴങ്ങളിലേക്ക് നടക്കുന്നത്. താൻ കോച്ചുംതണുപ്പിൽ കഴുത്തറ്റം വെള്ളത്തിലിറങ്ങിയാൽ തിരിഞ്ഞുനോക്കാമെന്നും അപ്പോൾ തന്നെ നോക്കി ചിരിച്ചുകൊണ്ടിരിക്കണമെന്നും ചേച്ചി ആവശ്യപ്പെടുന്നു. കാരണം ചേച്ചിക്ക് മറ്റൊരു ചുണ്ടിൽനിന്നും മന്ദഹാസം പ്രതീക്ഷിക്കാനില്ല. അനിയത്തിയുടെ വിവാഹം കഴിഞ്ഞിട്ടും വിവാഹം ചെയ്തയക്കാൻ കഴിയാതെ പോയ മൂത്തമകളെക്കുറിച്ചുള്ള വേവലാതി മനസ്സിൽ തങ്ങിനിൽക്കുന്ന അമ്മ അറിയാതെയാണെങ്കിലും പറഞ്ഞുപോകുന്ന വാക്കുകൾ മകളുടെ മനസ്സിനെ കീറിമുറിക്കുന്നുണ്ട്. എന്തു ചെയ്താലും കുറ്റമായിത്തീരുന്ന ഒരവസ്ഥയിലാണ് പെൺകുട്ടിയിപ്പോൾ. ലോകത്തിന്റെ തനിനിറം തിരിയാത്ത

നിഷ്കളങ്കനായ കൊച്ചനിയൻ മാത്രമാണ് അവൾക്കിന്നാശ്രയം. അവന്റെ പുഞ്ചിരി കണ്ടുകൊണ്ട് മരണത്തിലേക്ക് നടന്നുപോകാനാണ് അവൾ ആഗ്രഹിക്കുന്നത്.

സ്നേഹത്തിനും പ്രേമത്തിനും വിലയുണ്ടായിരുന്ന കാലത്തെ പ്രതിനിധാനം ചെയ്യുന്ന പെൺകുട്ടിയാണ് വിവാഹസമ്മാനത്തിലെ ചതിക്കപ്പെട്ട കാമുകിയെന്നു കാണാം. അതുകൊണ്ടുതന്നെ കാമുകന്റെ ചതിയെ നിസ്സാരമായി തള്ളിക്കളയാൻ അവൾക്കാകുന്നില്ല. സ്വന്തം അനിയത്തിയെ ഭാര്യയാക്കി അയാൾ തന്റെ വീട്ടിൽത്തന്നെ കുടിയേറിയപ്പോൾ അപമാനവും വേദനയും അവളെ കീറിമുറിക്കുകയാണുണ്ടായത്. അതിന്റെ പരിണതിഫലമായിരുന്നു ഈ ആത്മഹത്യ.

കാമുകന്റെ വഞ്ചന മാത്രമല്ല വിവാഹസമ്മാനത്തിലെ പെൺകുട്ടിയുടെ ദുരന്തം. അയാൾ തന്റെ അനിയത്തിയെ വിവാഹം ചെയ്തു തന്റെ വീട്ടിൽത്തന്നെ എത്തിച്ചേർന്നി രിക്കുന്നു എന്നാണ്. അവളുടെ മനസ്സിലെ കോപതാപാദികൾ വളരെ ആഴത്തിൽ ആവി ഷ്കരിക്കാൻ ഇടശ്ശേരിക്കു കഴിഞ്ഞിരിക്കുന്നു. കൊച്ചനുജനെ സാക്ഷിയാക്കിക്കൊണ്ടു വധൂവരന്മാർക്ക് സമ്മാനിക്കാൻ താമരപ്പൂ പറിക്കാൻ ശ്രമിച്ചപ്പോൾ സംഭവിച്ചതാണ് തന്റെ മരണമെന്ന് വരുത്തിത്തീർത്തുകൊണ്ട് ഈ ലോകത്തുനിന്ന് വിടപറയാൻ ശ്രമി ക്കുകയാണ് പെൺകുട്ടി.

തന്റെ മരണം സംഭവിച്ചുകഴിഞ്ഞാൽ പഴയ കാമുകന്റെ മുമ്പിൽ തന്റെ ഈറൻ വസ്ത്രങ്ങളിൽപ്പൊതിഞ്ഞ ശരീരമായിരിക്കും ഉണ്ടാവുക. അതവൾക്ക് അസഹനീയമാ ണ്. കാരണം കുട്ടിയായിരുന്ന കാലം തൊട്ടേ അയാളുടെ മുമ്പിൽഅണിഞ്ഞൊരുങ്ങിയേ അവൾ നിന്നിട്ടുള്ളൂ. കുളിച്ച് കുറിയിട്ട് ഭംഗിയുള്ള വസ്ത്രവും ആഭരണങ്ങളുമണിഞ്ഞേ അയാളുടെ മുമ്പിലേക്ക് പോയിട്ടുള്ളൂ. പൂർവ്വകാലങ്ങളിലെ അവരുടെ സംഗമം കുളക്കട വിനടുത്തുള്ള പച്ചത്തണലിലായിരുന്നു. ആടിനെ കെട്ടാനെന്നോ താമരപ്പൂക്കൾ കണ്ടു രസിക്കാനെന്നോ പറഞ്ഞ് ഉച്ചസമയത്ത് അവൾ ആയാളുടെ സമീപത്തെത്തുമായിരുന്നു. അന്നെല്ലാം ആനന്ദത്താൽ ജ്വലിക്കുന്ന മനസ്സോടെയാണ് അവൾ അയാൾക്കടുത്തെത്തി യിട്ടിരുന്നത്. ചത്താലും ഒറ്റയ്ക്കായിരിക്കില്ല എന്ന ഉറച്ച വിശ്വാസത്തോടെയായിരുന്നു അവർ സ്നേഹിച്ചത്. പിന്നീടയാൾ യാത്രചൊല്ലി പിരിഞ്ഞെങ്കിലും ഉജ്ജ്വലവേഷവിധാന ത്തോടെയാണവൾ പുഞ്ചിരിച്ചുകൊണ്ട് അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. ഇപ്പോഴും അങ്ങനെ പ്രത്യക്ഷപ്പെടണമെന്നാഗ്രഹമെങ്കിലും അത് നടക്കില്ലല്ലോ എന്നോർത്ത് അവൾ ദുഃഖിക്കുകയാണ്. സാരമില്ല ഏറിപ്പോയാൽ ഈറനും കെട്ടി ഞാൻ നിന്നുവെന്നല്ലേ വരൂ എന്നവൾ സ്വയം ആശ്വസിപ്പിക്കുന്നു.

വിവാഹസമ്മാനത്തിലെ ഈ പെൺകുട്ടി ഏറെ ദുഃഖിതയാണെങ്കിലും ദുർബ്ബലയാ ണെങ്കിലും അഭിമാനിയായിരുന്നുവെന്ന് അവളുടെ ഈ ചിന്താഗതികളിലൂടെ നമുക്ക് വായിച്ചെടുക്കാം. മരണത്തിലേക്ക് നടന്നുപോകുമ്പോഴും അഭിമാനം കാത്തുസൂക്ഷി ക്കാൻ ആ മനസ്സ് വെമ്പുന്നുണ്ട്.

വിവാഹസമ്മാനത്തിലെ പെൺകുട്ടിയുടെ ആത്മഹത്യക്കു ശേഷം പലരുടെയും മനസ്സിൽ കുഴക്കുന്ന പല ചോദ്യങ്ങളുമുയരും. അത് സർവ്വസാധാരണമാണ്. അനിയത്തി യുടെ വിവാഹം ആദ്യം കഴിഞ്ഞതിലുള്ള നിരാശയായിരിക്കാം. അതല്ല മറ്റുവല്ല കാരണ വുമാണോ എന്നൊക്കെയുള്ള ചിന്ത അവരുടെ മനസ്സിൽ ഉരുത്തിരിയും. ചേച്ചി പറഞ്ഞു കൊടുത്തതുപോലെ വധൂവരന്മാർക്ക് സമ്മാനമായി നൽകാൻ താമരപ്പൂക്കൾ ശേഖരി ക്കാൻ ശ്രമിച്ചപ്പോൾ ഉണ്ടായ മരണമാണതെന്ന് മറ്റുള്ളവർ വിശ്വസിക്കണമെന്നില്ല. കാരണം പെൺകുട്ടിക്ക് ആ കുളത്തെക്കുറിച്ചും നിലയില്ലാത്ത ഇടങ്ങളെക്കുറിച്ചുമുള്ള ബോധമുള്ളതാണല്ലോ. കാരണങ്ങൾ ചികഞ്ഞുകൊണ്ടു ഊഹാപോഹങ്ങൾ നിരത്തി ക്കൊണ്ടും മറ്റുള്ളവർ നിൽക്കുമ്പോൾ പുറത്ത് വലിയ മാന്യനായ തന്റെ പഴയ കാമു കനും ഇപ്പോൾ അനിയത്തിയുടെ ഭർത്താവുമായ ആൾ അപ്പുവിനോട് ഓരോ കാര്യവും രഹസ്യമായി ചോദിക്കും.

മാന്യനെന്ന് നടക്കുന്ന ആൾക്ക് എന്താണ് മരണകാരണമെന്ന് നന്നായറിയാം. അത് മറ്റു ള്ളവർ അറിയുന്നതിലായിരിക്കും അയാൾക്ക് വിഷമം. അതറിയാവുന്ന പെൺകുട്ടി അനിയനോട് ഇങ്ങനെയേ പറയാവൂ എന്ന് പറഞ്ഞുറപ്പിക്കുന്നു. വധൂവരന്മാർക്ക് സമ്മാ നമായി നൽകാൻ താമരപ്പൂ പറിക്കുന്ന അവസരത്തിലാണ് മരണം നടന്നതെന്നേ പറയാ വൂ. അയാൾ നഷ്ടപ്പെട്ടതിലുള്ള നിരാശകൊണ്ടാണ് താൻ മരിച്ചതെന്ന് അയാൾപോലും ചിന്തിക്കുന്നത് അവൾക്കിഷ്ടമായിരുന്നില്ല. ഏറെ അഭിമാനിയായിരുന്നു പെൺകുട്ടി എന്ന് വ്യക്തമാക്കുന്നതാണ് ഈ ചിന്താഗതി. മാന്യശീലൻ എന്ന വാക്കിലൂടെ മറ്റുള്ളവ രുടെ മുമ്പിൽ ഏറെ മാന്യനാണെന്ന് അയാളെന്നും അങ്ങനെ വരുത്തിത്തീർക്കാനുള്ള നൈപുണ്യം അയാൾക്കുണ്ടെന്നും പെൺകുട്ടി വ്യക്തമാക്കുന്നു. മാന്യത എന്നത് അഭിന യിച്ച് നേടിയെടുക്കേണ്ട ഒന്നല്ലെന്നും അത് പെരുമാറ്റത്തിലൂടെ വ്യക്തമാക്കേണ്ട ഒന്നാ ണെന്നും അവളുടെ വാക്കുകളിലൂടെ മനസ്സിലാക്കിത്തരുന്നുണ്ട്. ഇവിടെ തന്റെ ആ പഴയ കാമുകൻ മാന്യശീലൻ മാത്രമാണെന്ന് അവൾ സ്വന്തം ജീവിതത്തിലൂടെതന്നെ പഠിച്ചു കഴിഞ്ഞിട്ടുള്ള പാഠമാണ്. മരണത്തിലൂടെ ജീവിതമൂല്ല്യം ഉയർത്തിപ്പിടിച്ച് ജീവിതം ദുരന്തചിത്രമായി വിവാഹസമ്മാനം മാറുന്നു.

**ഖണ്ഡികയിൽ ഉത്തരമെഴുതുക**

ആശിക്കാനില്ലൊരു മന്ദഹാസം

ചേച്ചിക്കു മറ്റൊരു ചുണ്ടിൽനിന്നും– ആശയം വിശദീകരിക്കുക

അപ്പുവിന് വിശദീകരിക്കാനുള്ള കാഴ്ചകൾ എന്തൊക്കെയാണ്?

**ഉപന്യാസമെഴുതുക**

1. ‘വിവാഹസമ്മാനം’ എന്ന കവിതയിലൂടെ വഞ്ചിക്കപ്പെട്ട ഒരു പെൺകുട്ടിയുടെ വേദനകളും സ്വയം ഇല്ലാതായിക്കൊണ്ട് നടത്തുന്ന പ്രതികാരവാഞ്ഛയുമാണ്.

# സഹ്യന്റെ മകൻ

## വൈലോപ്പിള്ളി ശ്രീധരമേനോൻ

1911–ൽ എറണാകുളത്തിനടുത്ത് കലൂരിലാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ ജനിച്ചത്. ശാസ്ത്രവിഷയത്തിൽ ബിരുദം നേടിയ വൈലോപ്പിള്ളി വിവിധ സ്കൂളുകളിൽ ശാസ്ത്രാധ്യാപകനായിരുന്നു. 'മാമ്പഴം' എന്ന ലഘുകാവ്യത്തിലൂടെ പ്രസിദ്ധനായി. കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവായിരുന്നു വൈലോപ്പിള്ളി.

**പ്രധാന കൃതികൾ:** കന്നിക്കൊയ്ത്ത്, മകരകൊയ്ത്ത്, കടൽക്കാക്കകൾ, ശ്രീരേഖ, ഓണപ്പാട്ടുകൾ, വിത്തും കൈക്കോട്ടും, കയ്പവല്ലരി.

## കവിതാസാരം

അമ്പലമുറ്റത്ത് പന്തങ്ങളുതിർക്കുന്ന വെളിച്ചപ്രളയത്തിൽ പൊന്നരുവികളുടെ ശോഭയുള്ള നെറ്റിപ്പട്ടങ്ങൾ കെട്ടിയ കരിമ്പാറകൾപോലുള്ള പതിനഞ്ചാനകളുടെ മുമ്പിലായാണ് കൊമ്പൻ നിൽക്കുന്നത്. മുറുക്കാൻ ചവച്ചിരിക്കുന്ന ഒരു സംഘം നടുക്കുള്ള കൊമ്പനാനയെക്കുറിച്ച് പറയുന്നത് കേൾക്കുക. ''അവൻ കുറുമ്പനാണ് ദേവന്റെ പൊൻതിടമ്പാണ് ഏറ്റുന്നതെന്തെങ്കിലും ആ മസ്തിഷ്കത്തിനുള്ളിൽ മന്ത്രിക്കുന്നത് പിശാചുക്കളാണ്. മദം ജലം മുഴുവൻ തോരുന്നതിനു മുമ്പുതന്നെ അവനെ ഉത്സവത്തിന് കൂട്ടിയിരിക്കുകയാണ്. എന്തൊരു തലപ്പൊക്കമാണവന്! അവന്റെ നീണ്ട കൊമ്പുകൾ എന്തെല്ലാമോ സാഹസത്തിന് ഒരുങ്ങി നിൽക്കുകയാണെന്ന് തോന്നുന്നു. കണ്ണുകൾ നിണസ്വപ്നം കാണുന്നു, തുമ്പിക്കരം മണ്ണുതോണ്ടുന്നു. പാവം ശാന്തിക്കാരൻ വിറച്ചു നിൽക്കുന്നു.'' വാദ്യഘോഷങ്ങളുടെ താളത്തിൽ മതിമറന്ന് തലയാട്ടിക്കൊണ്ടു നിൽക്കുന്ന ജനസമുദ്രം പൂത്തതാഴ്‌വരപോലെ ശോഭിച്ചു.

ഉത്സവവരംഗം വർണിക്കാൻ കവി ഉപയോഗിച്ച ബിംബങ്ങൾ നോക്കുക. കരിമ്പാറകൾ, അരുവികൾ, താഴ്‌വരകൾ എന്നീ ഉപമാനങ്ങൾ ഉപയോഗിച്ച് ആനയുടെ ദൃഷ്ടിയിലൂടെ ഉത്സവത്തെ കാണാനാണ് കവി ശ്രമിക്കുന്നത്.

ഉത്സവമേളം, ദീവെട്ടങ്ങൾ, ജനത്തിരക്ക് എന്നിവ തീർക്കുന്ന ശബ്ദസാഗരം കൊമ്പൻ അറിയുന്നതേയില്ല. തന്നെ തളയ്ക്കാനുള്ള കൂച്ചുചങ്ങലയെയോ കൂർത്ത തോട്ടി ചാരിനിൽക്കുന്ന പാപ്പാനേയോ അവൻ ഗൗനിക്കുന്നില്ല. ആ സമയത്ത് അവന്റെ പ്രൗഢമായ മസ്തികഷ്കത്തിന്റെ ഇരുളിൽ ഭ്രാന്തിന്റെ നിലാവ് പെയ്യുകയായിരുന്നു. ആനയുടെ അബോധത്തിൽ കാട് ഒരു കിനാവായി നിറയുന്നു.

പൊൽത്തിടമ്പിലേറിയ ദേവനെ മസ്തകത്തിൽ വഹിക്കുന്ന കൊമ്പന്റെ ശിരസ്സിനുള്ളിൽ പിശാചുക്കൾ മന്ത്രിക്കുന്നതുപോലുള്ള ഒരു തോന്നലുണ്ടായി. മുമ്പ് മദംപൊട്ടിയപ്പോൾ ഒഴുകാൻ തുടങ്ങിയ മദജലം ഒഴുകിത്തീർന്നിട്ടില്ല. അവന്റെ തലപ്പൊക്കം

എഴുന്നള്ളത്തിന് ഗാംഭീര്യം വർദ്ധിപ്പിക്കുമെന്നുള്ളതുകൊണ്ട് അവനെ പൊൻതിടമ്പേറ്റാൻ നിയോഗിക്കുകയായിരുന്നു. അവന്റെ കൊമ്പുകൾ ഒരോ നിമിഷവും മഹാസാഹസങ്ങൾ ചെയ്യുന്നതിനുവേണ്ടി വെമ്പുകയായിരുന്നു. കണ്ണുകളാകട്ടെ രക്തസ്വപ്നങ്ങൾക്കുവേണ്ടി തുടിക്കുകയായിരുന്നു. തുമ്പിക്കരംകൊണ്ട് മണ്ണ് തോണ്ടിക്കൊണ്ടിരുന്നു. ആനപ്പുറത്തിരിക്കുന്ന ശാന്തിക്കാരൻ വിറച്ചുകൊണ്ടിരുന്നു. ചുറ്റുപാടും ശബ്ദകോലാഹലങ്ങൾ നിറയട്ടെ, തീയിൽ ഭിത്തികളെരിയട്ടെ, മനുഷ്യർ തിക്കിത്തിരക്കട്ടേ, അതൊന്നും തന്നെ ബാധിക്കുന്നതല്ല എന്ന ചിന്തയായിരുന്നു ആ സഹ്യപുത്രന്റെ മനസ്സിൽ. കൂച്ചുവിലങ്ങുകൊണ്ട് തന്നെ കൽത്തൂണിൽ തളയ്ക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അതും നടത്തിക്കൊള്ളട്ടെ. കൂർത്ത തോട്ടികൊണ്ട് പിടിച്ചുനിർത്താനാണാഗ്രഹമെങ്കിൽ അതും നടത്തിക്കൊള്ളട്ടെ. കൃശഗാത്രനായ പാപ്പാന്റെ കർശനനിയന്ത്രണങ്ങൾക്കൊന്നും വഴങ്ങുന്നതായിരുന്നില്ല മസ്തിഷ്കത്തിൽ ഭ്രാന്തിൻനിലാവ് പരന്ന കൊലകൊമ്പന്റെ മനസ്സ്. സർവ്വനിയന്ത്രണങ്ങൾക്കു അതീതനായി, എന്താണ് തനിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിയാനാവാതെ വിഷമിക്കുകയായിരുന്നു ഈ സഹ്യപുത്രൻ.

തന്റെ കുട്ടിക്കാലത്ത് സഹ്യസാനുവിൽ കണ്ട വസന്തകാലത്തിന്റെ ഓർമ്മകൾ കൊമ്പനിൽ തിരിച്ചുവന്നു. ഭ്രാന്തമായ തലച്ചോറുമായിട്ടാണ് അവൻ അമ്പലമുറ്റത്ത് നിൽക്കുന്നതെങ്കിലും സഹ്യസാനുവിന്റെ ഓർമ്മകൾ അവനിൽ സൂക്ഷ്മഭാവത്തിലാണ് ഉണരുന്നത്. തന്നെപ്പോലൊരാനയ്ക്ക് മേഞ്ഞുനടക്കാൻ ഈ സഹ്യസാനുവിനേക്കാൾ മികച്ച ഒരിടം എവിടെയാണുള്ളത്. മലവാകകൾ പൂത്ത് മാണിക്യനിറമുള്ള പൂക്കൾ നിലത്ത് പരന്നുകിടക്കുന്നു. മലയപർവ്വതത്തിലെ ഇളംകാറ്റുവന്ന് ആ സുഗന്ധമേറ്റെടുത്ത് എന്റെ മസ്തകത്തിൽ തലോടുന്നു. പട്ടിനേക്കാൾ മൃദുലമായ പല്ലവങ്ങളും, ഈന്തൽപട്ടിലിന്റെ മുളകളുമായാണ് തനിക്ക് വിരുന്നൊരുക്കിയിരുന്നത്. കാട്ടിലെ പൂഞ്ചോലകളാകട്ടെ കുടിക്കാനായി അമൃതത്തേക്കാൾ മികച്ച ജലം കാണിച്ചാണ് തന്നെ ക്ഷണിക്കുന്നത്. പക്ഷേ എന്താണെന്നറിയില്ല തനിക്ക് മുൻകാലങ്ങളിലേപ്പോലെ ഒന്നിനും ഒരാശയും തോന്നുന്നില്ല. ചിന്തകൾ കടന്നൽക്കൂടിളകിയതുപോലെത്തന്നെ അസ്വസ്ഥപ്പെടുത്തുകയാണ്. നീട്ടിവെച്ച കാലുകളിൽ തെറിച്ചുവീണ് പാൽച്ചറവുമായി അവൻ കാട്ടുപാതയിലൂടെ മുമ്പോട്ടുനടന്നു. കാറ്റിൽ നിറഞ്ഞുനിൽക്കുന്ന ഗന്ധം പാലപ്പൂവിന്റേതാണോ, കാട്ടിലെ പനകളുടെ കള്ളൊഴുകുമ്പോഴുള്ള സുഗന്ധമാണോ അവന് വിവേചിച്ചറിയാൻ കഴിയുന്നില്ല. അതല്ല മെരുവിന്റെ മദദ്രവഗന്ധമാണെന്നു തോന്നുന്നു എന്ന് ചിന്തയുദിച്ചപ്പോൾ അവൻ തുമ്പിക്കൈയ്യുയർത്തി ഗന്ധം തിരിച്ചറിയാൻവേണ്ടി അല്പനേരം നിന്നു. പാറയിൽനിന്നും ജലം ഒഴുകുന്നതുപോല തന്റെ വീര്യമൊക്കെ ചോർന്നുപോകുന്നതായി അവനറിയുന്നു. താൻ എന്തെങ്കിലും വിഷവള്ളി തിന്നുപോയോ എന്നുമവൻ സംശയിക്കുന്നുണ്ട്. അതല്ല കഠിനജ്വരം പിടിപെട്ടോ എന്നും ചിന്തിക്കാതിരുന്നില്ല. സഹ്യസാനുവിലെ വലിയ വൃക്ഷശാഖകൾ തന്റെ തുമ്പിക്കൈകൊണ്ട് പൊട്ടിവീഴുന്ന

തായി അവന് തോന്നുന്നു. ചെമ്മണ്ണിന്റെ പൂമ്പൊടിപോലുള്ള തരികൾ തന്റ മസ്തക ത്തിൽ വന്നുവീഴുന്നതായും അവൻ വിഭാവനചെയ്തു. ഉൾത്തരിപ്പാർന്ന കവിളുകൾ പാലയിലുരസിയപ്പോൾ പാലയുടെ പാലും കവിളിലെ രക്തവും ചേർന്ന് ഒന്നിച്ചൊഴു കാൻ തുടങ്ങി. ബലം ചോർന്നുപോകുമ്പോഴും തന്റെ ശരീരത്തിന്റെ വീര്യം കൂടുന്ന തായും സ്നേഹവ്യഗ്രമെങ്കിലും മനസ്സ് നിഗ്രഹിക്കാനുള്ള അദമ്യവാസനയോടുകൂടിയ തായും അവൻ തിരിച്ചറിയുന്നു. വസന്തത്തിന്റെ കാലടിമണം തങ്ങിനിൽക്കുന്ന പാതയി ലൂടെ ആ കാനനപുത്രൻ നടന്നുനീങ്ങി. പക്ഷേ അവൻ ചെയ്തുകൊണ്ടിരുന്നത് അമ്പല മുറ്റത്തെ വിറപ്പിച്ചുകൊണ്ട് തന്റെ മദപ്പാടിളകിയ അവസ്ഥയിലുള്ള ഭയാനകമായ ചെയ്തികളായിരുന്നു. വസന്തത്തിന്റെ കാലടിമണം തങ്ങിനിൽക്കുന്ന പാതയിലൂടെ അവൻ നടന്നു. കാട്ടുപൊന്തയിൽ പതുങ്ങിയിരിക്കുന്ന പുള്ളിപ്പുലിയെ കണ്ടെങ്കിലും അവനെ കൊമ്പിൽ കോർക്കാനുള്ള ആവേശമൊന്നും സഹ്യപുത്രനുണ്ടായില്ല. ഒന്നിനു പുറകേ ഒന്നായി തന്നെ കണ്ട ഭയത്താലോടുന്ന കുരങ്ങന്മാരും വഴക്കടിക്കാനായി പുച്ഛി ക്കുന്ന വാക്കുകളൊന്നും പറയുന്നില്ല. കാട്ടുപോത്തുകൾ കാട്ടുപൊയ്കയിൽ കൊമ്പിട്ട ടിച്ചുരസിക്കുന്നു.

കാട്ടുപന്നികൾ തേറ്റകൊണ്ട് വൃക്ഷങ്ങളിൽ കുത്തിരസിക്കുന്നു. വേടന്മാർ ഏറുമാ ടങ്ങളിലിരുന്ന് പാടുന്ന ചേറുതേനിന്റെ മനോഹാരിതയുള്ള പാട്ടു കേൾക്കുവാനും സമ യമില്ല. പകൽ കടന്നുപോകാറായിരിക്കുന്നു. വൃക്ഷനിഴലുകൾക്ക് പാലു കൊടുക്കാ നായി ഇരുട്ടും കടന്നുവരുന്നു. പക്ഷികൾ തങ്ങളുടെ കൂടുകളിലേക്ക് തിരിച്ചുപറക്കുന്നു. ആകാശനീലിമയുടെ സൗന്ദര്യമുള്ള ചിറകുകൾ വിടർത്തി മയിൽപ്പൂവൻ നൃത്തം ചവിട്ടു ന്നു. വനമല്ലികപ്പൂക്കൾ സുഗന്ധം വിതറുന്ന നിലാവിൽനിന്ന് വനദേവതമാർ നൃത്തം ചവിട്ടുന്നുണ്ട്. രാത്രിയിൽ ഇരകളെ തേടുന്ന വന്യജീവികളുടെ ഓട്ടത്തിനിടയിൽ വൃക്ഷ ങ്ങളുടെ ഇളംചില്ലകൾ ഒടിഞ്ഞുവീഴുന്നു. കുറുക്കന്മാർ ശവത്തിനുവേണ്ടി ഓളിയിടുന്നു. ഇരുളിന്റെ നിശബ്ദതയെ ഭഞ്ജിക്കാനായി നൂറായിരം ചീവീടുകൾ ഒന്നിച്ച് വിലപിക്കു ന്നു.

ഇടയ്ക്കൊന്ന് ബോധതലത്തിലേക്ക് സഹ്യപുത്രന്റെ മനസ്സുണർന്നുവെങ്കിലും വീണ്ടുമത് സഹ്യകാനനത്തിലേക്ക് കടന്നുചെന്നു. അമ്പലപ്പറമ്പിലെ ശബ്ദങ്ങൾ അവന്ന് കാട്ടുപൊയ്കയിലെ തവളകളുടെ കരച്ചിലായിട്ടാണ് അനുഭവപ്പെട്ടത്. അമ്പലമുറ്റത്തെ വെളിച്ചപ്രളയം കാട്ടിലെ വള്ളിക്കുടിലുകളിൽ വന്നിരിക്കുന്ന മിന്നാമിനുങ്ങുകളുടെ വെളിച്ചമായേ തോന്നിയുള്ളൂ. രാത്രി അകലുന്നതായും പകലെത്തിയതോടെ വള്ളിക്കെ ട്ടുകളിൽ എട്ടുകാലികൾ വല കെട്ടുന്നതായും അവനു തോന്നി. പേടമാനുകൾ പേടി യോടെ വള്ളിക്കെട്ടിനുള്ളിൽനിന്ന് എത്തി നോക്കുന്നായി തോന്നി. പ്രാണനിർവ്വാണപ്രദ മായ ഏതോ ഒരു ഗന്ധം വായുവിൽ തങ്ങിനിൽക്കുന്നതായി അനുഭവപ്പെട്ട ഉടനെ അവ നത് തിരിച്ചറിയാൻ ശ്രമിക്കുന്നു. വൃക്ഷശാഖകൾ ഒടിഞ്ഞ വടുക്കൾ മരങ്ങളിൽ കണ്ടു.

കൂടാതെ താമരയിലകളുടെ ആകൃതിയിലുള്ള കാലടിപ്പാടുകളും ആവിപൊങ്ങുന്ന ആനപ്പിണ്ടവും കണ്ടതോടെ അവൻ തിരിച്ചറിയുന്നു. ആനകൾ വെള്ളം കുടിക്കാനായി ആ വഴി നടന്നുപോയിട്ടുണ്ടെന്ന്. ഇവിടെ ബാല്യത്തിൽനിന്ന് കൗമാരത്തിലേക്കെത്തുമ്പോഴുള്ള പുരുഷാനുഭവത്തെ കവി വ്യംഗമായി സൂചിപ്പിക്കുന്നു. എങ്ങോട്ടോ കുതിക്കാനുള്ള വെമ്പൽ ലഹരിപിടിപ്പിക്കുന്ന ആന്തരികചോദനകൾ. ബലം ചോർന്നുപോകുംപോലെയും ഇരട്ടിക്കുംപോലെയുമുള്ള തോന്നൽ. ആരെയൊക്കെയോ സ്നേഹിക്കാനും കൊല്ലാനുമുള്ള വ്യഗ്രത. മദ്യലഹരിയിൽ കാൽക്കീഴിൽ അമരുന്നതും വീഴുന്നതും വൃക്ഷശാഖകളല്ല, മനുഷ്യരാണെന്ന് ആനയറിയുന്നില്ല. കവിശ് ചേർത്തുരയ്ക്കുന്നത് ക്ഷേത്രത്തൂണിലാണെന്നും അറിയുന്നില്ല. മാമരശിഖരങ്ങളൊടിഞ്ഞുണ്ടായ വഴിയിൽ താമരയിലെ വടിവുള്ള പിടിയാനയുടെ കാൽപാടുകൾ ആവിപൊങ്ങുന്ന പച്ച പിണ്ഡം. ഈ വഴി ആനകൾ വെള്ളംകുടിക്കാൻ പോയിട്ടുണ്ടെന്ന് അവൻ ഊഹിക്കുന്നു. അമ്പലത്തിൽനിന്നുയരുന്ന കൊമ്പുവിളി ചിന്നംവിളിയെന്ന് അവൻ തീർച്ചപ്പെടുത്തുന്നു.

പുലർവായുവിൽ ചാമരംവീശുന്ന ദർഭകൾ നിറഞ്ഞ ആറ്റുവക്കിൽ സഹ്യന്റെ സൗന്ദര്യധാമങ്ങളായ ആനക്കൂട്ടത്തെ കാണുന്നു. അവയ്ക്കൊപ്പം ചേരാൻ കൊതിച്ച് കുതിച്ച അവന്റെ കൂച്ചുചങ്ങല പൊട്ടുന്നു. അവയെ കാട്ടുവള്ളികളായേ അവൻ ഗണിച്ചുള്ളു. 'ആനയോടി' എന്ന ആർപ്പുവിളിയോടെ ജനം ജീവനും കൊണ്ടോടുമ്പോൾ കാറ്റിൽ കൊടുങ്കാറ്റുപടർന്നതായി ആനക്ക് തോന്നുന്നു. മലവെള്ളപ്പാച്ചിലോ കാടിളക്കുന്ന കാട്ടാളന്മാരുടെ ആരവമോ ആണെന്ന് ആന സന്ദേഹിക്കുന്നു. കുരങ്ങന്മാർ തന്റെ പുറത്തുകയറി മറിയുകയാണോ? പൂത്ത കാട്ടുമരങ്ങൾ പേടിച്ചോടുകയാണോ, കാൽച്ചുവട്ടിൽ ഞെരിയുന്ന ചെടികൾ കരയുന്നതെങ്ങനെ? ഉരിഞ്ഞെടുക്കുന്ന മരക്കൊമ്പുകളിൽനിന്ന് രക്തം കിനിയുന്നതെന്താണ്? കൊലക്കളമായിത്തീർന്ന അമ്പലത്തിൽനിന്ന് പുറത്തുകടക്കാനുള്ള അറിയിപ്പ് വന്നു. അല്പസമയംകൊണ്ട് ശബ്ദഘോഷവും വെളിച്ചവും അടങ്ങി. മൂക്കിൽ തങ്ങിനിൽക്കുന്ന ദുർഗന്ധം മാത്രം ബാക്കിയായി.

ആനകളുടെ ഉള്ളിൽ വീണ്ടും ഒരു വനചിത്രം തെളിഞ്ഞു. കൊമ്പുമുളയ്ക്കാൻ തുടങ്ങിയിട്ടും കളി കൈവെടിയാതെ കോമളന്മാരായ കുട്ടിയാനകൾ. ആറ്റുനീർ കുടിക്കുമ്പോഴും പ്രണയനീർ കൊത്തിക്കുന്ന പിടിയാനകൾ അവരോടൊത്ത് കളഌഒത്ത വെള്ളം കുടിച്ചും കരിമ്പൊത്ത നായ്ക്കണ ചീന്തിയും അവൻ രസിച്ചുവോ? കൂട്ടത്തിൽ സുന്ദരിയായ പിടിയാനയുടെ കാട്ടുതാളിലപോലുള്ള കോമളകർണങ്ങളിൽ തന്റെ മനോരഥം മന്ത്രിച്ചുവോ? ചങ്ങല തൊടാത്ത അവളുടെ കാലിൽ തുമ്പിക്കൈകൊണ്ട് അവൻ പ്രേമച്ചങ്ങല ബന്ധിച്ചുവോ? ഇതിന്റെ പരമാർഥമറിയുന്നത് ഉത്സവപ്പറമ്പിലെ കുലവാഴകൾക്കായിരുന്നു. പലരീതിയിൽ കുഴഞ്ഞുമറിഞ്ഞു കിടക്കുന്നു. അവയോടായിരുന്നുവല്ലോ അവന്റെ പ്രേമലീലകളെല്ലാം.

മറ്റൊരു കൊമ്പനാനതന്നെ എതിർക്കാൻ വരുന്നതായി അവനു തോന്നി. അവന്റെ യമദണ്ഡംപോലുള്ള തുമ്പിക്കൈ തന്റെ നേർക്ക് ഉയരുന്നു. കാടുകുലുങ്ങുന്നു. പിടിയാനകൾ നോക്കിനിൽക്കുന്നു. കുട്ടികൾ നടുങ്ങുന്നു. ഉള്ളിൽ അടിമച്ചേറാണെങ്കിലും തന്നിൽ വീര്യം ഉണരുന്നത് അവൻ അറിയുന്നു. അഹങ്കാരം പതയുന്ന ശത്രുവിന്റെ മസ്തകത്തിൽ അവൻ ആഞ്ഞു പ്രഹരിച്ചുവോ. ഗോപുരത്തിലെ ഇടിഞ്ഞുവീണ തൂണുകൾക്കും കൽക്കഷ്ണങ്ങൾക്കുമേ പരമാർഥമറിയൂ.

ഇരുട്ടത്ത് പേടിച്ചോടിയ മാലോകരുടെ ധൈര്യം പകൽവെളിച്ചത്തിൽ ഉണർന്നു ദുർമൃത്യുവിന്റെ സേവക്കാരനെപ്പോലൊരു പട്ടാളക്കാരൻ ക്ഷേത്രമതിലിൽ കയറിയിരുന്നു. അയാളുടെ വെടിയുണ്ടയിൽ അശരണനായ ആ മദയാന ആരെയോ വിളിച്ചലറി പിടഞ്ഞുവീണു. കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം ആ വിളി കേട്ടുവോ? ആ നിലവിളി സഹ്യ ഹൃദയത്തിൽ ചെന്നു തട്ടി പ്രതിധ്വനിച്ചു. പുത്രവിയോഗം സഹിക്കാതെ സഹ്യനും ആ സങ്കടത്തിൽ പങ്കുകൊണ്ടു.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

‘അറിയില്ലൊരു പക്ഷേ

പന്തലിൽ പലേപടി

മറിയും കുലവാഴ

യ്ക്കറിയാം പരമാർത്ഥം’ – സന്ദർഭം വിവരിക്കുക?

വിഷവല്ലരി തിന്നോ?

വിപിനാന്തരാളത്തിൽ

വിഷമജ്വരം വന്നു

തന്നെയും ബാധിച്ചെന്നോ? – ഇങ്ങനെ തോന്നാൻ കാരണമെന്ത്?

**ഉപന്യാസമെഴുതുക**

പടിപടിയായി വികസിക്കുന്ന പ്രാകൃതചോദനകൾ ‘സഹ്യന്റെ മകനി’ൽ എപ്രകാരമാണ് കവി ചിത്രീകരിച്ചിരിക്കുന്നത്?

# മൊഡ്യൂൾ II

# പകലുകൾ രാത്രികൾ

### അയ്യപ്പപണിക്കർ

മലയാളത്തിലെ ആധുനികതാപ്രസ്ഥാനത്തിന്റെ പ്രയോക്താക്കളിൽ പ്രധാനി എന്ന നിലയിലാണ് അയ്യപ്പണിക്കർ എന്ന കവി അറിയപ്പെടുന്നത്. ടി.എസ്. എലിയറ്റിന്റെ 'തരിശുഭൂമി' (THE WASTELAND) എന്ന കവിത ഇംഗ്ലീഷ് സാഹിത്യത്തിൽ ഉണ്ടാക്കിയ ചലനങ്ങൾക്ക് സമാനമായ ചലനങ്ങൾ അയ്യപ്പണിക്കർ മലയാളത്തിൽ സൃഷ്ടിച്ചു. 'കുരുക്ഷേത്രം' എന്ന കവിത ഏറെ കൊണ്ടാടപ്പെട്ട ഒന്നാണ്. പരിഹാസവും ആക്ഷേപഹാസ്യവും സാമൂഹ്യവിമർശനവുമാണ് അയ്യപ്പണിക്കരുടെ കവിതകളുടെ മുഖമുദ്രയായി കരുതിപ്പോരുന്നത്. വ്യത്യസ്തമായ കാവ്യരീതികളെ മലയാളി ആസ്വാദകർക്ക് മുമ്പിൽ അവതരിപ്പിക്കാൻ അയ്യപ്പപ്പണിക്കർ എപ്പോഴും ഉത്സാഹം കാണിച്ചു. കവിയെന്നതിനോടൊപ്പം അദ്ദേഹം കവിതാനിരൂപകൻകൂടിയായിരുന്നു.

**പ്രധാന കൃതികൾ:** കുരുക്ഷേത്രം, മൃത്യുപൂജ, കുടുംബപുരാണം, അഗ്നിപൂജ, ഹൂഗ്ലി, ഗോപികാദണ്ഡകം, പകലുകൾ രാത്രികൾ, കാർട്ടൂൺ കവിതകൾ, ഗോത്രായനം.

## കവിതാസാരം

പല ഖണ്ഡങ്ങളാക്കിത്തിരിച്ചിരിക്കുന്ന കവിത വ്യത്യസ്തങ്ങളായ ആശയങ്ങൾ ചിതറിക്കിടക്കുംമട്ടിലാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ ആധുനിക മനുഷ്യാവസ്ഥയുടെ പല മട്ടിലുള്ള ചിത്രീകരണമായതിനാൽ അവ പരസ്പരം ബന്ധിപ്പിയ്ക്കപ്പെട്ടിരിക്കുന്നു. രൂപത്തിൽ പ്രത്യക്ഷതലത്തിലുള്ള ഈ ചിതറൽ അക്കാലത്തെ മനുഷ്യരുടെ ജീവിതയാഥാർത്ഥ്യത്തെ ആവിഷ്ക്കരിക്കാനുള്ള തന്ത്രമായിരുന്നു. അയ്യപ്പപ്പണിക്കരുടെ മൃത്യുപൂജ, കുടുംബപുരാണം, കുരുക്ഷേത്രം തുടങ്ങിയ കവിതകളോട് 'പകലുകൾ രാത്രികൾ' എന്ന ഈ കവിത ആശയപരമായി ചേർന്നുനിൽക്കുന്നുണ്ട്. മനുഷ്യന്റെ നിസ്സഹായത,മാറിവരുന്ന കാലത്തോടുള്ള പ്രതികരണങ്ങൾ, മൂല്യച്യുതി തുടങ്ങിയവ കവിതയിൽ ഉൾച്ചേർന്നിരിക്കുന്നു. തിയ്യതികളിട്ടു വേർതിരിച്ചിരിക്കുന്ന ഭാഗങ്ങളിൽ ഒക്ടോബർ 10–15 വരെയുള്ള ഭാഗമാണ് ഇവിടെ പ്രതിപാദിയ്ക്കുന്നത്.

സന്ധ്യയോട് നീ തന്നെ ജീവിതവും നീ തന്നെ മരണവും എന്ന് കവി പറയുന്നത് വിശാലമായ അർത്ഥത്തിലാണ്. ഒരേ സമയം ജീവിതത്തിന്റെയും മരണത്തിന്റെയും പ്രതീകം എന്ന നിലയ്ക്കാണ് ഈ കവിതയിൽ അയ്യപ്പണിക്കർ സന്ധ്യയെ അവതരിപ്പിക്കുന്നത്. നിന്റെ കണ്ണിൽ നിബിഡമായ അന്ധകാരം വന്ന് നിറയുന്നു. ചുണ്ടിൽ ഘനശൈത്യം ഉറയുന്നു. നിന്നിൽ പകലുകൾ പിറക്കുകയും രാത്രികൾ മരണമടയുകയും

ചെയ്യുന്നു. നീ രാത്രിയുടെ ജനനിയും മരണത്തിന്റെ കാമുകിയുമാകുന്നു. പുണ്യപാപപരിഹാരവും നീ തന്നെ എന്നെല്ലാം സന്ധ്യയെ അഭിസംബോധന ചെയ്തുകൊണ്ടു പറയുന്നു. നരനായി പിറന്നതുകൊണ്ട് താങ്ങേണ്ടി വന്ന ദുരനുഭവങ്ങളുടെ വിളറിയ ഓർമ്മകൾ കവിയെ അസ്വസ്ഥനാക്കുന്നു. സ്വർഗ–നരകാനുഭവങ്ങൾ കവി ഓർത്തെടുക്കാൻ ശ്രമിക്കുന്നു. കണ്ണാടിയിൽ കാണുന്ന സ്വന്തം മുഖത്തെ വെറുപ്പോടെ നോക്കാനേ കവിക്ക് സാധിക്കുന്നുള്ളൂ. ഏതൊരാളെയും പോലെ കവിയേയും ജീവിതത്തെ പ്രസന്നതയോടെ നോക്കിക്കാണാൻ ദുരനുഭവങ്ങൾ അനുവദിക്കുന്നില്ല. കനിവിന്റെ നനവൂറി നിൽക്കുന്ന കണ്ണുകളുമായി എത്തി തന്നെ ആശ്വസിപ്പിക്കാൻ കവി സന്ധ്യയോടാവശ്യപ്പെടുന്നു. സന്ധ്യയെ കാമുകിയായും കവി സങ്കല്പിക്കുന്നു. സന്ധ്യയെക്കുറിച്ചുള്ള ഓർമകൾ നിറകണ്ണിൽ മുദ്രകളായി നിഴൽ നട്ടുനിൽക്കെ നിദ്ര വരാതെയായി എന്ന് കവി പറയുന്നു. സന്ധ്യയുടെ മുടിച്ചുരുളിൽ വിരൽചുറ്റി രസിക്കുന്ന കാമുകനായി മാറുന്നു കവി. സന്ധ്യയുടെ മടിക്കുഴിയിൽ തന്റെ കരൾക്കൊത്തി വലിയുന്നതായി കവിയ്ക്ക് അനുഭവപ്പെടുന്നു. പുല്ലിനും പുഴുവിനുമടക്കം എല്ലാവർക്കും വസിക്കാൻ ഇടമുള്ള ഈ ഭൂമിയിൽ താൻ അഭയമന്വേഷിക്കുന്നത് മുടി പിന്നിമെടയുന്ന വിരൽ നീണ്ടു നീണ്ട സന്ധ്യയുടെ മടിയിലെക്കുടിലിലാണെന്ന് കവി തിരിച്ചറിയുന്നു.

സുഖദുഃഖസമ്മിശ്രമാണ് മനുഷ്യജീവിതം. കവിതയുടെ ഈ ഭാഗത്ത് പ്രണയത്തിന്റെ തീക്ഷ്ണതയും വിരഹത്തിന്റെ വേദനയും നിറഞ്ഞു നില്ക്കുന്നു. പകലും രാത്രിയും സംഗമിക്കുന്നത് സന്ധ്യയിലാണ്. അതുകൊണ്ടുതന്നെ സന്ധ്യയിൽ ജീവിതവും മരണവും കാണാൻ കഴിയും. സന്ധ്യയുടെ കമനീയമായ മടിത്തട്ടിൽ അഭയം കണ്ടെത്തുന്ന കാമുകനായി കവി മാറുകയാണ്. പകലുകൾ രാത്രികളിലേക്ക് കടന്നുപോകുന്ന വേളകളിൽ നീ വന്നെത്താറുണ്ടായിരുന്നല്ലോ എന്നു പറയുന്ന കവി അക്കാലത്തെ മധുരോദാരമായ നിമിഷങ്ങളെ അയവിറക്കുന്നു. കാമോന്മാദങ്ങളില്ലാതെ പ്രേമത്തിന്റെ ഏറ്റവും വിശുദ്ധമായ ഭാവങ്ങളുമായി കുന്നിൻചെരുവിൽ ശുഭരാത്രി നേരാതെ സ്വപ്നം കണ്ട് കിടന്നത് കവി അയവിറക്കുന്നു. പുണരുകയോ ചുംബനം നല്കുകയോ ചെയ്യാതെ മഞ്ഞിന്റെ കുളിരണിഞ്ഞ് കിടക്കുകയായിരുന്നു അവർ. സന്ധ്യ കടന്നുവന്ന് സ്നേഹത്തിന്റെ തലോടൽ നല്കി ജീവിതത്തെ അർത്ഥപൂർണ്ണമാക്കി. പിന്നീട് വേദന നല്കി തിരിച്ചുപോവുകയും ചെയ്തു. വളരെ ലാഘവത്തിലായിരുന്നു ആ തിരിച്ചുപോക്ക്. ഒച്ചയുണ്ടാക്കാതെ ഒരു വാതിൽ തുറക്കുന്നതുപോലെ കരിയില കൊഴിയുന്നത്ര നിസ്സാരമായി ഒരു മഞ്ഞുകട്ട അലിയുന്ന ലാളിത്യത്തോടെ കവിയെ വിട്ട് സന്ധ്യ കടന്നു പോയി. ഇവിടെ വേർപിരിയലിന് സ്വാഭാവികവും ശാന്തവുമായ ഒരു പശ്ചാത്തലമാണ് കവി നൽകുന്നത്.

വരുമെന്നു ചൊല്ലിയാണ് നീ പോയതെങ്കിലും കാലമേറെ കഴിഞ്ഞുപോയിട്ടും ഒരു തിരിച്ചുവരവുണ്ടായില്ല. 'ഘടികാരസൂചിയുടെ പിടിയിൽ നിൽക്കാത്ത കാലം'

എന്ന പ്രയോഗം ശ്രദ്ധേയമാണ്. പലരും നിന്നെ പ്രശംസിച്ചപ്പോൾ നീയാ വാക്കുകളുടെ ലഹരിയിൽ വീണുപോയിരിക്കാം. അതല്ലെങ്കിൽ മറിവാന തിന്ന് അതിന്റെ ലഹരിയിൽ കഴിഞ്ഞുപോയ കാലങ്ങളെയൊക്കെ വിസ്മരിച്ചിരിക്കാം. എന്താണ് നിനക്ക് സംഭവിച്ചതെന്ന് പറയാൻ സന്ധ്യയോട് കവി ആവശ്യപ്പെടുകയാണ്. ചിറകറ്റുവീഴുന്ന താരത്തിന് ചിത കൂട്ടുകയാണ് കാലം. ഇനി നീ വരില്ലെന്നും നീ ഇരുൾക്കയമായെന്നും അതുകൊണ്ടുതന്നെ നിനക്കിന്ന് എന്റെ മനസ്സിൽ ശവദാഹമാണെന്നും കവി സന്ധ്യയോടു പറയുന്നു. എന്റെ മനസ്സിൽ നല്ല ഓർമ്മകളുടെയും ജീവിതപ്രതീക്ഷകളുടേയും ആകാശം നിന്റെ വരവും പ്രതീക്ഷിച്ചിരുന്നു. പക്ഷേ ചിതയിലേക്കെടുക്കുമ്പോൾ അതിലെരിക്കാനായി ജീവിതത്തിലെ സന്തോഷമുള്ള നിമിഷങ്ങളുടെ കുറച്ചോർമ്മകൾ ഇപ്പോഴും ചിതലരിക്കാതെ മനസ്സിലുണ്ട്.

കരിയിലകൾ പൊഴിഞ്ഞുകൊണ്ടിരുന്നു. നാഴികകളും വിനാഴികകളും കടന്നുപോകുന്നു. മേഘങ്ങൾ വിറകൊള്ളുന്നു. കാലം അനസ്യൂതം കടന്നുപോകുന്നു. അമൃതമാണോ വിഷമാണോ അതോ വിഷാദമാണോ നീ എന്ന് കവി സന്ധ്യയോട് ചോദിക്കുന്നു. ഒരേ സമയം അമൃതവും വിഷവുമാവാൻ സന്ധ്യയ്ക്ക് കഴിയുന്നു. വൈരുദ്ധ്യങ്ങളുടെ മേളനമാണ് സന്ധ്യ. വരാൻപോകുന്ന ദുഃഖത്തിന്റെയും പ്രതീക്ഷയില്ലായ്മയുടേയും കൂരിരുൾകയമോർത്തുകൊണ്ട് നീ സ്നേഹത്തിന്റെ അല്പം കനിവുമായി കടന്നുവരുമെന്ന് പ്രതീക്ഷിച്ചു. നിന്റെ നിഴലുകളൊക്കെയും നിന്നിലെ ദുഖമാണെന്നു കരുതിയ ഞാൻ എന്റെ തന്ത്രികളെ നിന്റെ വിരലുകളിൽ ചേർത്തുവെച്ചു. പക്ഷേ നിന്നിലെ വിഷത്തിന്റെ മൂർച്ഛയിൽ പിടയുകയാണു ഞാൻ. എങ്കിലും ചിരിമാഞ്ഞുപോയ എന്റെ ചുണ്ടിന്റെ കോണിൽ ഒളിപ്പിച്ച പരിഹാസമുദ്ര നീ കാണുമെന്നും ഒരു ജീവിതത്തിന്റെയും സൗഹൃദത്തിന്റെയും മരണമുദ്ര അതിൽ പതിഞ്ഞു കിടപ്പുണ്ടാകുമെന്നും കവി സന്ധ്യയെ ഓർമിപ്പിക്കുന്നു.

എവിടെയാണോ ജ്വലിക്കാത്ത സൂര്യനും, വിളറാത്ത ചന്ദ്രനും വിരിയാത്ത നക്ഷത്രങ്ങളും അലറാത്ത കടലും മഞ്ഞിലുറയാത്ത മലയും കാറ്റിലുലയാത്ത വലിയ മരവും കാണുന്നത് അവിടെ എന്റെ പരാജയം പണി ചെയ്ത സ്മാരകം നിവർന്നു നിൽക്കട്ടെയെന്ന് കവി സന്ധ്യയോടു പറയുന്നു. ചലനാത്മകത നഷ്ടപ്പെടുക എന്നാൽ മരണത്തിന്റെ ശാന്തത അനുഭവിച്ചറിയുക എന്നാണ്. തന്റെ ജീവിത പരാജയത്തിന്റെ സ്മാരകം പണിത ഭൂമിയാണത്. മേൽപറഞ്ഞ വിശേഷണങ്ങളിലെല്ലാം ഒരു തരം അയഥാർഥപ്രതീതിയുണ്ട്. അവിടെയാണ് കവിതയുടെ യുക്തി പ്രവർത്തിക്കുന്നത്. മരണവും ജീവിതവും സമ്മാനിക്കുന്നതും ഇരുളുകയും മറയുകയും ചെയ്യുന്നതും ഇതേ സന്ധ്യതന്നെ.

എവിടെനിന്നാണ് ഇത്ര കടുത്ത കയ്പുരസം എന്റെ വായിലേക്കു വന്നതെന്നറിയാതെ ഞാൻ വിഷമിച്ചു നില്ക്കേ കരിവീണ മനസ്സ് എരിയുകയും പുകയുകയും

ചെയ്തു. ഒരു നക്ഷത്രത്തെ മേഘം വിഴുങ്ങി. ഇരുട്ട് കാർമ്മേഘക്കൂട്ടങ്ങളേയും വിഴുങ്ങി. സൗരയൂഥങ്ങളെല്ലാം ഇരുട്ടിന്റെ കയത്തിൽ മുങ്ങിപ്പോയിരിക്കുന്നു. ഈ ഇരുട്ടും കയ്പുമെല്ലാം കവിയുടെ പ്രതീക്ഷ നഷ്ടപ്പെട്ട മാനസികാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. എല്ലാ പ്രതീക്ഷകളുമറ്റ ഞാനിതാ അവസാനയാത്ര പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ചിറകറ്റുപോയ പക്ഷിയായ എനിക്ക് പ്രതീക്ഷയുടെ ചിറകുമായി പുറകേ വരല്ലേ വരല്ലേ എന്ന് കവി സന്ധ്യയോടു പറയുന്നു. എല്ലാ മൂല്യങ്ങളിലും പ്രതീക്ഷ നഷ്ടപ്പെട്ട കവിയുടെ കടുത്ത നിരാശയാണ് ഇത്തരം വരികളിൽ സൂചിതമാകുന്നത്.

സന്ധ്യയെ ജീവിതത്തിന്റെയും മരണത്തിന്റെയും പ്രതീകമായിട്ടാണ് അയ്യപ്പപ്പണിക്കർ കാണുന്നത്. ഉഷഃസന്ധ്യ പ്രഭാതത്തിന് ജന്മം നൽകുന്നു. സായംസന്ധ്യ പകലിന്റെ മരണത്തിന് സാക്ഷ്യം വഹിക്കുന്നു. കവിയുടെ അഭിപ്രായത്തിൽ സന്ധ്യയിൽ പകലുകൾ പിറക്കുകയും രാത്രികൾ മരണമടയുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ രാത്രിയുടെ അമ്മയും മരണത്തിന്റെ കാമുകിയുമാണ് നീയെന്ന് കവി സന്ധ്യയെ വിളിക്കുന്നു.

മനുഷ്യനായി പിറന്നതുകൊണ്ട് അനുഭവിക്കേണ്ടിവന്ന ദുഃഖങ്ങളുടെ ഓർമ്മകൾ കവിയെ ആകുലനാക്കുന്നു. സ്വർഗീയസുഖങ്ങളും നരകീയ യാതനകളും കവി ഭൂതകാലത്തു നിന്ന് ഓർത്തെടുക്കുന്നു. കണ്ണാടിയിൽ നോക്കുമ്പോൾ സ്വന്തം ജീവിതത്തെക്കുറിച്ചോർത്ത് ദുഃഖിക്കുന്ന കവി തന്റെ മുഖത്തെ വെറുപ്പോടെയാണ് കാണുന്നത്. ദുഃഖങ്ങളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ ജീവിതത്തെ പാടെ വെറുക്കുന്ന സാധാരണക്കാരന്റെ പ്രതീകമാകുന്നു ഇവിടെ കവി. സന്ധ്യയോട് കനിവൂറുന്ന കണ്ണുകളുമായി തന്നെ സമാശ്വസിപ്പിക്കുന്നതിനായി എത്താൻ കവി പറയുന്നു.

സ്നേഹത്തിന്റെ കാല്പനികഭാവവും ആഴങ്ങളും ഈ കവിതയിലുണ്ട്. വിരഹത്തിന്റെ തേങ്ങലുകളുമുണ്ട്. അതോടൊപ്പംതന്നെ ആഴമില്ലാത്ത സ്നേഹത്തിന്റെ മുഖങ്ങളും അതിന്റെ വൈരുദ്ധ്യതയും നിസ്സഹായതയും കവിതയിൽ വ്യഞ്ജിപ്പിക്കുന്നു. നീ കത്തിച്ചുവെച്ച മെഴുകുതിരികൾ ദഹിച്ചു തീർന്നിരിക്കുന്നു. ദീപങ്ങളും വെളിച്ചവും ഇനി ശേഷിക്കുന്നില്ല. നിന്റെ കാലടികളിലെ പൊടികൂടി തട്ടിക്കളഞ്ഞ് പടിവാതിൽ കൊട്ടിയടച്ചിരിക്കുന്നു. നിന്റെ മറവികൂടി നീ മറയ്ക്കൂ എന്ന് കവി സന്ധ്യയോട് പറയുന്നു. നീ തന്ന ജീവിതവും നീ തന്ന മരണവും നീ തന്നെ കൊണ്ടുപോകുന്നുവെന്ന് പറഞ്ഞ് കവി അവസാനിപ്പിക്കുന്നു.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

സന്ധ്യയെ എന്തെല്ലാമായിട്ടാണ് കവി കാണുന്നത്

ചിറകറ്റ പക്ഷിക്കു ചിറകുമായി

നീയിനി പിറകേ വരൊല്ലേ വരൊല്ലേ– ആശയം വിശദീകരിക്കുക

**ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക**

'പകലുകൾ രാത്രികൾ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

# മുറ്റമടിക്കുമ്പോൾ

**അനിതാതമ്പി**

2004–ൽ പ്രസിദ്ധീകരിച്ച കവിതാ സമാഹാരമാണ് 'മുറ്റമടിക്കുമ്പോൾ'. കവിതാ വിവർത്തക എന്ന നിലയിലൂടെ പ്രശസ്തയാണ് അനിതാതമ്പി. കേരളീയ സാമൂഹ്യഘടനയിലുള്ള സ്ത്രീ സ്വത്വങ്ങളിലൂടെ അനുഭവലോകം അനിതാതമ്പിയുടെ കവിതാ പ്രപഞ്ചത്തിൽ വരുന്നു.

**പ്രധാന കൃതികൾ:** 'അഴകില്ലാത്തവയെല്ലാം', 'അരിവാൾ'.

## കവിതാസാരം

അനിതാതമ്പിയുടെ 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയിൽ അനശ്വരമായ ജീവിതത്തിന്റെയും സ്വപ്നങ്ങളുടെയും ചിത്രമാണവതരിപ്പിക്കുന്നത്. വീട് കണ്ണുംപൂട്ടി ഉറങ്ങുമ്പോൾ വീട്ടിൻമുറ്റത്ത് കൺകുരിപ്പുകൾ പൊങ്ങിയപോലെ മൺവീടുകൾ പൊന്തിയിരിക്കുന്നു. മണ്ണിരകൾ നനഞ്ഞ മണ്ണിളക്കി നിർമ്മിച്ച ഈ മൺവീടുകൾ മുറ്റമടിച്ചു വൃത്തിയാക്കുക എന്ന ദൗത്യത്തിനിടയിൽ ഇല്ലാതാകുന്നു. പഠിച്ച വിഷയങ്ങളോടുണ്ടായിരുന്ന മമത സുക്ഷ്മ ആവിഷ്കാരത്തിനും പ്രതീകവൽക്കരണത്തിനും പിന്തുണയേകി അനിതാതമ്പിയുടെ മനസ്സിലുണ്ടായിരുന്നു. ഇഷ്ടമില്ലാത്ത ഓർമ്മകളെ അകറ്റിനിർത്താൻ, അടിച്ചു കളയാൻ മനുഷ്യരെപ്പോഴും ശ്രമിക്കും. മുറ്റം വൃത്തിയാക്കാനെത്തുന്ന സ്ത്രീ തലേദിവസം മണ്ണിരകൾ വളരെ ശ്രമിച്ച് നിർമ്മിച്ച മൺവീടുകൾ ഈർക്കിലിച്ചൂലുപയോഗിച്ച് അടിച്ചുകളഞ്ഞു. അവശേഷിച്ചത് കുറച്ച് ഈർക്കിലിപ്പാടുകൾ മാത്രമായിരുന്നു. ഓർമ്മകളെ അടിച്ചോടിച്ചു കളയുമ്പോൾ അവശേഷിക്കുക കുറെ പോറലുകൾ മാത്രമായിരിക്കുമല്ലോ. നടുവേദനിക്കുന്നു എന്നുപറയുമ്പോൾ എത്ര ശ്രമകരമായാണ് ഓർമ്മകളെ ഒതുക്കിമാറ്റി നിർത്തുന്നതെന്ന് വ്യക്തമാവുന്നു. കൺകുരിപ്പുകൾ പൊങ്ങിയ മുറ്റം എന്ന വാക്കുകളിൽ കണ്ണീരിന്റെ സാന്നിദ്ധ്യമറിയുന്നു. കണ്ണുനീർ തളംകെട്ടി ദീർഘസമയം കഴിയുമ്പോഴാണല്ലോ കൺകോണുകളിൽ കൺകുരിപ്പുകൾ പ്രത്യക്ഷപ്പെടുക. അവയെ അടിച്ചു നീക്കി ഓർമ്മയാക്കുമ്പോൾ ഉണ്ടാകുന്ന വേദന അത്ര വേഗത്തിൽ ഒതുക്കിത്തീർക്കാൻ കഴിയുന്നതല്ല.

വീട്ടമ്മയായ സ്ത്രീയുടെ ജോലിഭാരത്തിന് കണക്കില്ല, പരിധിയുമില്ല.തലേദിവസം രാത്രിയിൽ മുറ്റം നനച്ച് മഴ കടന്നുപോയി. നനഞ്ഞ മുറ്റമായതുകൊണ്ടാണ് മണ്ണിരകൾക്ക് കൊച്ചുമൺവീടുകൾ നിർമ്മിക്കാൻ കഴിഞ്ഞത്. ഒരു സ്ത്രീ അനുകൂല സാഹചര്യങ്ങളിൽ തന്റേതായ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. ഏതെല്ലാം നേട്ടങ്ങളുണ്ടാക്കിയാലും ഒരു മധ്യവർഗകുടുംബത്തിലെ സ്ത്രീ ഗ്രാമീണ അന്തരീക്ഷത്തിലേക്കെത്തുമ്പോൾ ആ നേട്ടങ്ങളിൽനിന്നെല്ലാം അകന്നുപോകാൻ വിധിക്കപ്പെടുന്നു. വീടിന്റെ

ചുറ്റുപാടും അകത്തളങ്ങളും അവിടത്തെ ജോലികളും കടമകളുമെല്ലാം അവളെ ഒതുക്കിക്കളയുന്നു. മണ്ണിരകളുണ്ടാക്കിയ മൺവീടുകൾ പിറ്റേദിവസം ഈർക്കിലിച്ചൂലിന്റെ പോറലുകൾ മാത്രം അവശേഷിപ്പിച്ച് കടന്നുപോകുന്നതുപോലെ സ്ത്രീയുടെ നേട്ടങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുന്നു. അവൾ പല ഉത്തരവാദിത്വങ്ങളും ചെയ്തുതീർക്കാനുള്ള ഒരു യന്ത്രമായിത്തീരുന്നു.

വെളിച്ചം പ്രത്യക്ഷപ്പെടുന്നതിനു മുൻപ് വീട്ടമ്മ ഉണരുന്നു.വീടുണരുന്നതിനു മുമ്പേ വൃത്തിയാക്കൽ തുടങ്ങുന്ന അവൾ മുറ്റം മുഴുവൻ അടിച്ചു വൃത്തിയാക്കി കരിയിലയും ചവിട്ടടിയിലെ മണ്ണുപോലും ശുദ്ധീകരിച്ച് നില്ക്കുമ്പോഴേക്കും നടുവേദനയും ക്ഷീണവും കൊണ്ട് അവശയാകുന്നു.അപ്പോൾ അല്പംകാപ്പിമട്ടു കുടിക്കാൻഅവളുടെ മനസ്സിൽ മോഹമുദിക്കുന്നു. പുരുഷകേന്ദ്രിതമേൽക്കോമയിൽ നിശ്ചയിക്കപ്പെട്ട ചില നിയമങ്ങൾക്ക് വിധേയയാവുകയാണ് സ്ത്രീ. വീട്ടിലെ ജോലികളെല്ലാം സ്ത്രീക്ക് വിധിക്കപ്പെട്ടതാണെങ്കിലും ഭക്ഷണകാര്യമാകുമ്പോഴേക്കും മറ്റുള്ളവരുടെയെല്ലാം താല്പര്യങ്ങൾ സംരക്ഷിച്ചു കഴിയുമ്പോൾ ബാക്കി വരുന്നതും കാപ്പിമട്ടായിരിക്കും അവൾക്ക് വിധിക്കപ്പെട്ടത്. മറ്റുള്ളവർക്കുവേണ്ടി ജീവിക്കാൻ വിധിക്കപ്പെടുന്ന മധ്യവർഗകുടുംബത്തിലെ ഭാരം ചുമക്കുന്ന വ്യക്തിമാത്രമാണ് കുടുംബിനിയായ സ്ത്രീ. ഒതുങ്ങിപ്പോകുന്ന തേങ്ങലുകളാണ് അവൾക്ക് സ്വന്തമായിട്ടുണ്ടാവുക. രാവും പകലും ഭേദമന്യേ അധ്വാനത്തിന്റെ പറയാത്ത,അറിയപ്പെടാത്ത വാർത്തകൾ സൃഷ്ടിക്കുന്നവളാണ് സ്ത്രീ. എന്നാൽ അത് പത്രത്തിലല്ല ജീവിതത്തിലാണ്. രാവിലെ വന്നെത്തുന്ന പത്രം എല്ലാ വാർത്തകളും പുതുപുത്തനായി വായനക്കാരിലെത്തിക്കുന്നതിന്നായി അവസാനനിമിഷം വരെ കാത്ത് പിന്നീട് പ്രഭാതത്തിൽതന്നെ വായനക്കാരുടെ മുമ്പിലെത്തുന്നതാണ്. രാത്രിയിലെ വാർത്തകൾപോലും ഉൾക്കൊള്ളിക്കാനുള്ള വെമ്പൽ മത്സരബോധത്തോടെ മുന്നേറുന്ന പത്രധർമ്മത്തിന്റെ പ്രത്യേകതയാണല്ലോ. ആ പത്രമെത്തുമ്പോഴേക്കും ഇരുൾനീങ്ങി വെളിച്ചം പരന്നുതുടങ്ങുമ്പോഴേക്കും തന്റെ ജോലി പൂർത്തീകരിച്ച് നില്ക്കുകയാണ് സ്ത്രീ. കേരളീയ ഗ്രാമജീവിതത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൊയ്ത സ്ത്രീയാണെങ്കിലും അവൾ വീട് എന്ന നാലു ചുവരുകൾക്കും അതിലെ ജീവിതപ്രശ്നങ്ങൾക്കും കീഴടങ്ങി ജീവിക്കേണ്ടി വരുന്നു. സമകാലീന ജീവിതവും ജീവിതപ്രശ്നങ്ങളും തന്റെ സൂക്ഷ്മ ദൃ കൾകൊണ്ട് ഒപ്പിയെടുക്കാനും ശക്തമായി അവതരിപ്പിക്കാനും കഴിവുള്ള വ്യക്തിയാണ് അനിതാതമ്പിയെന്ന് ഈ കവിത നമ്മെ ബോധ്യപ്പെടുത്തുന്നു.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

ചപ്പുവാരി നിവർന്നവൾക്കിത്ര

കാപ്പിമട്ടുകുടിക്കുവാൻ മോഹം– വിശദീകരിക്കുക

**ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക**

'മുറ്റമടിക്കുമ്പോൾ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

# ചോറൂണ്

## ഒ.എൻ. വി. കുറുപ്പ്

ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്ന ഒ.എൻ.വി. കുറുപ്പ് 1931 ൽ തിരുവനന്തപുരത്ത് ചവറയിലാണ് ജനിച്ചത്. കവിതയുടെ സംഗീതത്തെ ഉപയോഗപ്പെടുത്തിയ കവിയാണ് ഒ.എൻ. വി. സിനിമാഗാനങ്ങളുടെ രചയിതാവ് എന്ന നിലയിൽ ഏറെ പ്രസിദ്ധനാണ് ഒ.എൻ. വി. മാനവികതയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം ഒ.എൻ. വി കവിതകളുടെ മുഖമുദ്രകളാണ്. മനോഹരമായ കാവ്യഭംഗികൊണ്ടു വിപ്ലവാത്മകമായ ആശയധാരകൊണ്ടും ഒ.എൻ. വി. കവിതകൾ വേറിട്ടു നിൽക്കുന്നു.

**പ്രധാന കവിതകൾ**: മയിൽപ്പീലി, ഒരു തുള്ളി വെളിച്ചം, അക്ഷരം, അഗ്നിശലഭങ്ങൾ, ഉപ്പ്, ഭൂമിക്കൊരു ചരമഗീതം, ശാരങ്ഗക പക്ഷികൾ, മൃഗയ.

**കവിതാസാരം**

സമൂഹജീവിതത്തിന്റെ അലയാഴി മാത്രമല്ല, വ്യക്തിജീവിതത്തിന്റെ തുടുവെള്ളാമ്പൽപൊയ്കയും ഒ.എൻ.വിയുടെ കാല്പനിക ഭാവനയ്ക്ക് വഴങ്ങും എന്നതിന്റെ നല്ല തെളിവാണ് 'ചോറൂണ്' എന്ന കവിത. ഓമൽത്തളിർവിരലുണ്ട് മയങ്ങുന്ന മകന്റെ ചോറൂണ് നടത്താനായി കവിയും പ്രേയസിയും തിരുന്നാവായ ക്ഷേത്രത്തിലേക്ക് പോവുകയാണ്. ആ യാത്രയുടെ പുണ്യമായ അനുഭൂതികളാണ് ഈ കവിതയിൽ അനാവൃതമാക്കുന്നത്. വൈശാഖമാസം മോഹിച്ച കണ്ണുകൾക്ക് പൊൽകുഞ്ഞിപ്പൂക്കളും ദാഹിച്ച ചുണ്ടുകൾക്ക് തേൻകനികളും നൽകികൊണ്ട് ഭൂമിയുടെ നടപ്പന്തലിൽ നിൽക്കുന്ന കാഴ്ചയാണ് മകന് ചോറു കൊടുക്കാൻ ക്ഷേത്രത്തിലേക്ക് പോകുന്ന ദമ്പതികൾ കണ്ടത്. പാഴ്ച്ചെടികൾപോലും കടിഞ്ഞൂൽക്കനികൾക്ക് ജന്മം നൽകുന്ന കാഴ്ചയായിരുന്നു ചുറ്റുമുണ്ടായിരുന്നത്. ചൈത്രമാസത്തിലെ ഉപവാസത്തിനുശേഷം ദുഃഖം തീർത്ത് ദാഹജലം കുടിച്ച് ഉന്മേഷത്തോടെ നില്ക്കുന്ന പാടങ്ങളായിരുന്നു മകന്റെ ചോറൂണിന് പോകുന്ന അച്ഛനുമമ്മയും കണ്ടത്. കോരിത്തരിച്ചതുപോലെ ആടുന്ന ഞാറുകളും ഹൃദ്യമായ കാഴ്ചയായിരുന്നു അവർക്ക്. പൊട്ടവരമ്പിലും നെല്ലിച്ചെടികൾ പൂവിട്ടു നിന്നിരുന്നു. മകൻ തളിർവിരലുണ്ട് തോളിൽ കിടപ്പുണ്ടായിരുന്നു. പൊൻകമ്പികളുള്ള വീണയിൽ കൈവിരലുകൾ തട്ടുമ്പോഴുണ്ടാകുന്ന മനോഹരശബ്ദംപോലെ തോന്നിച്ചിരുന്നു പൈങ്കിളിപ്പാട്ടുകൾ. അതിൽ ശ്രദ്ധിച്ചു നിൽക്കെ, നേരമായി വൈകും എന്നുപറഞ്ഞ് തിടുക്കംകൂട്ടി ഭാര്യ. അപ്പോഴാണവൾ ദൂരെ തുടുത്തു നിൽക്കുന്ന തെച്ചിപ്പഴം കണ്ടത്. ഭാര്യയും അമ്മയുമൊക്കെ ആയെങ്കിലും നിന്നിലെ കൗമാരക്കാരി ഇപ്പോഴും അപ്രത്യക്ഷമായിട്ടില്ലല്ലോ എന്നായാളോർത്തു. മേലേവരമ്പിലൂടെ കുടക്കുത്തിപ്പിടിച്ച് ചെരിഞ്ഞിറങ്ങി തെച്ചിപ്പഴങ്ങളുമായി സൗഗന്ധികപുഷ്പ ജേതാവായ ഭീമനെപ്പോലെ അയാൾ ഭാര്യയുടെ മുമ്പിലെത്തി. ഒന്നെനിക്ക് ഒന്നുനിനക്ക് എന്ന് പറഞ്ഞ് തന്റെ ഓഹരി അകത്താക്കി. ഭാര്യയാകട്ടെ കുഞ്ഞിമോനിഷ്ടമാവുമെന്നു

പറഞ്ഞ് തന്റെ ഓഹരി കൈവെള്ളയിലൊതുക്കിപ്പിടിച്ചു. എത്രവേഗമാണ് കൊച്ചു കുസൃതിക്കുടുക്ക ഒരമ്മയായതെന്ന് അയാൾ ഓർത്തു.

ഗ്രാമത്തിലെ ഓരോ കാഴ്ചയും അയാൾക്ക് സന്തോഷം നൽകി.തത്തയുടെ ചിറകിന്റെ നിറമുള്ള ഞാറുകൾ നൃത്തംചെയ്യുന്ന പാടവരമ്പുകളിലൂടെ നടന്നു നീങ്ങുമ്പോൾ വാകയും കൊന്നയും പൂച്ചെണ്ടു നീട്ടി ഇരുഭാഗങ്ങളിലും നില്ക്കുന്നതു കണ്ടു. കാലിക്കിടാത്തനും പച്ചക്കറിക്കെട്ടുമായിപ്പോകുന്ന ചെറുമനും വെള്ളിച്ചിലമ്പും പട്ടുമണിഞ്ഞ ബീവിയും നാട്ടിൻപുറത്തിന്റെ നന്മകളായ വൃദ്ധകർഷകരും അവരെ കടന്നുപോയി.

തിരുനാവായ മൺപുറത്തിന്റെ മനോഹാരിതയും അതിന്നു ചുറ്റുമുള്ള പ്രകൃതിയുടെ സൗഭാഗ്യങ്ങളും കണ്ട ഭർത്താവ് അവിടെ ബാല്യകാലം കഴിച്ചുകൂട്ടാൻ കഴിഞ്ഞ ഭാര്യയോട് അസൂയയുള്ളവനായി മാറി. ചെത്തിപ്പഴങ്ങളും വളപ്പൊട്ടുകളും മയിൽപ്പീലിത്തുണ്ടുകളും ചോക്കിൻകഷ്ണങ്ങളും പങ്കിട്ടു വളർന്ന ബാല്യകാലത്തിലായിരിക്കും നിന്റെ മനസ്സെന്ന് കവി പറയുന്നു. അതെല്ലാം നഷ്ടപ്പെട്ട സൗഭാഗ്യങ്ങളാണെന്നും അരക്കില്ലമെരിഞ്ഞതുപോലെ മനുഷ്യജീവിതത്തിലെ സുവർണ്ണകാലമായ ബാല്യകാലം പെട്ടെന്ന് എരിഞ്ഞു തീരുമെന്നും കവി ഓർമ്മിപ്പിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലം ബാല്യകാലമാണല്ലോ. അതേ സമയം ബാല്യകാലജീവിതത്തെക്കുറിച്ചും കവി ഓർമ്മിക്കുന്നു. പാടങ്ങളും കൈതമലർപ്പോള ചൂടിയ കാടുകളും, മുളംകിളി പാടുന്ന തണലുകളും  നാട്ടിലെ സൗഭാഗ്യങ്ങളായിരുന്നു. കായലിൽ അലയടിച്ചിരുന്നത് വഞ്ചി തുഴയുന്നവർ പാടുന്ന കുചേലവൃത്തം വഞ്ചിപ്പാട്ടായിരുന്നു. ഒരവിൽപ്പൊതിക്കൊണ്ട് സമ്പന്നത നേടിയ കുചേലന്റെ കഥ. കൊതുമ്പുവള്ളങ്ങളും കൊച്ചകളും നിശ്ചലമായ തീരങ്ങളും ആ നാടിന്റെ പ്രത്യേകതകളായിരുന്നു. ചൂടിപിരിക്കുന്ന റാട്ടിന്റെ വാദ്യസംഗീതമലയടിക്കുന്നതായിരുന്നു അവിടത്തെ തൊടികൾ. കാവുകളിൽ കാനനമൈനകൾ വിരുന്നുവരാറുണ്ടായിരുന്നു. കളരിയും ആമ്പൽക്കുളങ്ങളും ആ ഗ്രാമത്തിന്റെ പ്രത്യേകതകളായിരുന്നു. തന്റെ നാടിന്റെ അഴകുകളെക്കുറിച്ചോർത്തു അഭിമാനം കൊള്ളുമ്പോഴും ഭർത്താവ് ഭര്യയുടെ ഭാഗ്യത്തെക്കുറിച്ച് അസൂയാലുവാകുന്നുണ്ട്. തിരുനാവായ മണൽപ്പുറവും ഓർമ്മിക്കുന്നു. ഗ്രാമഭംഗികളും അത്രമേൽ സുന്ദരവും  മനോഹരവുമായിരുന്നു.

''അമ്മ വീരപ്രസുവായിപ്പോൽ, പൈത–
ങ്ങളങ്ങനെ ഞങ്ങളിൽ വെട്ടിമരിക്കവേ''

തിരുനാവായ മണപ്പുറത്തായിരുന്നു മാമാങ്കം അരങ്ങേറിയിരുന്നത്.  12 വർഷം കൂടുമ്പോൾ നടക്കുന്ന മാമാങ്കത്തിന്റെ നിലപാടുതറയിൽ ഇരിക്കാനുള്ള അവകാശം വള്ളുവക്കോനാതിരിയിൽ നിന്ന് സാമൂതിരി യുദ്ധം ചെയ്തു നേടിയെടുതക്കുകയുണ്ടായി. അതിനുശേഷം വള്ളുവക്കോനാതിരിയുടെ ചാവേർപ്പടകൾ എല്ലാ മാമാങ്കസമ

യത്തും സാമൂതിരിയോട് ഏറ്റുമുട്ടി. നിലപാടുതറയിലെത്തി സാമൂതിരിയെ വധിക്കാൻ ശ്രമിക്കാറുണ്ട്. സാമൂതിരിയുടെ വൻ പടയോടേറ്റുമുട്ടി ചാവേർപ്പടയാളികൾ മരിച്ചുവീഴുകയാണ് പതിവ്. വീരന്മാരായ പുത്രന്മാർക്കു ജന്മം നൽകിയ അമ്മയായ കേരളമണ്ണ് വീരപ്രസുവായിത്തീരുന്നു എന്നാണ് വിശ്വാസം. മാഘമാസത്തിലെ മകം നക്ഷത്രത്തിൽ നടക്കുന്ന മാമാങ്കത്തിൽ മരിച്ചുവീഴുന്ന പോരാളികളെക്കുറിച്ചും അവരുടെ വീരമരണത്തെക്കുറിച്ചുമോർത്ത് മാമലനാട്ടമ്മ ആ ദിനങ്ങളിൽ പൊട്ടിക്കരയുകയാണ് ചെയ്യുന്നത്. തത്ത്വചിന്തയിൽ അധിഷ്ഠിതമായ പാട്ടുകൾ പാടുകയാണ് നിളാനദിയിപ്പോഴെന്ന് കവി പറയുന്നു.

അടുത്ത ഓർമ്മക്കാഴ്ച പ്രദാനം ചെയ്യുന്നത് മറ്റൊന്നായിരുന്നു. പാഠശാലപ്പറമ്പേറി മുമ്പോട്ടുപോകുമ്പോൾ പിഷാരടിസാറിന്റെ സംസ്കൃതശ്ലോകപഠനക്ലാസ്സും ഓലമേഞ്ഞ കുടിലിൽ നടക്കുന്ന ഓത്തുപഠനക്ലാസ്സും രണ്ട് സംസ്കൃതികളുടെ ഓർമ്മപ്പെടുത്തൽ നടത്തുന്നു. ഒന്ന് ആര്യപുരാതന സംസ്കൃതിയുടെ പ്രതിഫലനമാണങ്കിൽ മറ്റൊന്ന് പടിഞ്ഞാറൻ മരുവിൽ രൂപംകൊണ്ട സംസ്കൃതിയുടെ പ്രതിഫലനമാണ്. ഭൂമിയാകുന്ന അക്ഷയപാത്രത്തിൽ നിന്ന് ഒരേ സൂര്യന്റെ വെളിച്ചവും ചൂടും ഉണ്ടാണ് വർണങ്ങളും ചൊല്ലുകളും വ്യത്യസ്തമാണെങ്കിലും എല്ലാ മതസ്ഥരും ഈ മണ്ണിൽ ജീവിക്കുന്നത്.

മകനു ചോറ് ഉണ്ണുവാൻ നേരമായോ എന്നു ചോദിച്ചു നിരന്നു നില്ക്കുന്ന ബന്ധുക്കളും സുഹൃത്തുക്കളും അണിനിരക്കേ മുത്തച്ഛൻ കൈകൾ കൂപ്പിച്ചതിന്നു ശേഷം പേരക്കുട്ടിയുടെ വായിൽ ഉപ്പുചേർത്ത് ചോറ് വെച്ചുകൊടുക്കുന്നു. മുത്തരിപ്പല്ലു മുളയ്ക്കാത്ത കുഞ്ഞുവായ പുത്തനായ രുചിയറിഞ്ഞശേഷം അമ്മ കൈവെള്ളയിൽവെച്ച തെച്ചിപ്പഴം കുഞ്ഞിന്റെ ചുണ്ടിൽ വെച്ചുകൊടുത്തു. അച്ഛന്റെ മനസ്സപ്പോൾ ഭൂമിയുടെ ഉപ്പുനുകർന്ന കുഞ്ഞേ നീ ഭൂമിയുടെ ഉപ്പായി വളരണം എന്ന് പ്രാർത്ഥിച്ചു. മനസ്സ് മൗനമായി ഈ വരികൾ പാടിക്കൊണ്ടിരിക്കെ ഒരു കുളിർക്കാറ്റ് മൂളിക്കടന്നുപോയി. ഉൾക്കണ്ണിൽ അശ്രുക്കളുമായി അച്ഛൻ ഒരമ്മയുടെ നെഞ്ചിൽ നിന്നുണ്ട് മധുരം ഒരിക്കലും മറുന്നുപോകരുതെന്ന് ഉണ്ണിയോട് പറഞ്ഞു. വീണ്ടും നീളാനദി പാലമൃതൂട്ടുന്ന മണൽപ്പുറത്തുകൂടി അവർ തിരിച്ചുപോയി.മാനവ സംസ്കാരത്തിന്റെ , മാതൃസ്നേഹത്തിന്റെ വറ്റാത്ത വരളാത്ത നീർച്ചാലുകൾ ഇനിയുമൊഴുകുമെന്ന പ്രതീക്ഷയോടെ തിരുന്നാവായ മണൽപ്പുറത്തിലൂടെ തിരിച്ച് നടന്നു.

**സന്ദർഭം വിശദീകരിക്കുക**

എത്രവേഗം വീണ്ടുമോമനേ, നിന്നിലെ

കൊച്ചുകുസൃതിക്കുടുക്കയൊരമ്മയായ്– വ്യഖ്യാനിക്കുക

ഉണ്ണി മറക്കായ്ക പക്ഷേ,യൊരമ്മതൻ

നെഞ്ചിൽനിന്നുണ്ട മധുരമൊരിക്കലും– സന്ദർഭം വിശദീകരിക്കുക

**ഉപന്യാസം തയ്യാറാക്കുക**

ഒ. എൻ. വി.യുടെ ചോറൂണ് എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക

# ഇവനെക്കൂടി

### കെ.സച്ചിദാനന്ദൻ

1948 ൽ കൊടുങ്ങല്ലൂരിനടുത്ത് പുല്ലൂറ്റ് എന്ന ഗ്രാമത്തിലാണ് കൊയംപറമ്പത്ത് സച്ചിദാനനന്ദൻ ജനിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ സച്ചിദാനന്ദൻ, കാലിക്കറ്റ് സർവകലാശാലയിൽനിന്ന് ഇംഗ്ലീഷിൽ ഗവേഷണബിരുദവും നേടി. ഇംഗ്ലീഷിലും മലയാളത്തിലും നിരവധി കവിതകൾ രചിച്ച സച്ചിദാനന്ദൻ 1996 മുതൽ 2006 വരെ കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറിയായി പ്രവർത്തിച്ചു.

1989–ൽ 'ഇവനെക്കൂടി' എന്ന കവിതാസമാഹാരത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു ഇതുകൂടാതെ നിരവധി കേന്ദ്ര–കേരളസാഹിത്യ അക്കാദമി അവാർഡുകളും ഇദ്ദേഹത്തിന്റെ കൃതികൾക്ക് ലഭിച്ചിട്ടുണ്ട്.

**പ്രധാന കൃതികൾ**

എഴുത്തച്ഛൻ എഴുതുമ്പോൾ, വേനൽമഴ, അഞ്ചുസൂര്യൻ, സോക്രട്ടീസും കോഴിയും, കയറ്റം, വീട്ടുമുറ്റം, കവി ബുദ്ധൻ, ഗസലുകൾ ഗീതങ്ങൾ

## കവിതാസാരം

മഹാകവി വൈലോപ്പിള്ളിയ്ക്ക് അന്ത്യപ്രമാണമമർപ്പിച്ചുകൊണ്ട് സച്ചിദാനന്ദൻ എഴുതിയ കവിതയാണ് ഇവനെക്കൂടി. ദേവാതാത്മാവായ ഹിമവാൻ എന്ന് കുമാരസംഭവത്തിൽ കാളിദാസൻ വിശേഷിപ്പിച്ചതോർത്തുകൊണ്ട്, സഹ്യപർവതത്തെയും ദേവതാത്മാവായി കാണുന്നതിൽ തെറ്റില്ലെന്ന് നമ്മുടെ കവി വിചാരിക്കുന്നു. ഹേമന്തകാലത്തെ മെലിഞ്ഞ കുളിനീർ കൈകൾ നീട്ടി ഇവനെക്കൂടി സ്വീകരിക്കുക എന്ന് കവി നിളയോടപേക്ഷിക്കുന്നു. വൈലോപ്പിള്ളിയുടെ ഭൗതിക ശരീരം സ്വീകരിക്കാനാണ് കവി അപേക്ഷിക്കുന്നത്. നിളയോട് മാത്രമല്ല കാറ്റിനോടും ധനുരാവിനോടും കവി അഭ്യർത്ഥിക്കുന്നുണ്ട്. തുമ്പിക്കൈകൊണ്ട് കവിയുടെ ഭൗതിക ശരീരം ഉയർത്താനാണ് ആലിൻചുവട്ടിലെ പഞ്ചാരിക്കു ചെവിയാട്ടുന്ന തെക്കൻ കാറ്റിനോട് പറയുന്നത്. ആനക്കവിതകൾ എഴുതിയ വൈലോപ്പിള്ളിയുടെ ഭൗതിക ശരീരാവശിഷ്ടം ഉയർത്താൻ തെക്കൻക്കാറ്റിനെ ആനയായി തന്നെ കവിതയിൽ സങ്കല്പിച്ചിരിക്കുന്നു. തിരിവില്വാമലയിലെ 'പുനർജ്ജനി' യെന്ന ഗുഹയിലൂടെ നൂണുവരുന്ന നിലാവുകൊണ്ട് ജഡത്തെ മൂടിപ്പുതപ്പിക്കാനാണ് ധനുമാസരാവിനോട് ആവശ്യപ്പെടുന്നത്. പുനർജ്ജനി നൂണുകടന്നാൽ പിന്നീട് പാപജന്മങ്ങൾ പേറേണ്ടിവരില്ലെന്നാണ് വിശ്വാസം.

തുടർന്ന് വൈലോപ്പിള്ളിയുടെ കവിതകൾ സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാവ്യജീവിതം വരച്ചു കാണിക്കുന്നു. ഇവൻ (ഇദ്ദേഹം) ഞങ്ങളുടെ ഓണപ്പാട്ടിനു ചുവടുവെപ്പാണ് (ഓണപ്പാട്ടുകൾ എന്ന കവിത ഓർക്കുക). കന്നിവയലിലെ നെല്ലിൻ പാലാ

ണ്. തെക്കൻ പാട്ടിൻ വീര്യമാണ്. പാതിരാപ്പൂവിൽ തേൻ നിറച്ചതും കാക്കച്ചിറകിൽ സൂര്യോത്സവം വിളയിച്ചതും ഇളനീർ ശൈശവമാകെ കോരിയൊഴിച്ചതും ഇവൻ തന്നെ. കന്നിക്കൊയ്ത്ത്, ലില്ലിപ്പൂക്കൾ, കാക്ക തുടങ്ങിയ കവിതകൾ ഈ ഭാഗത്ത് സൂചിപ്പിക്കുന്നു.

'അറിവിൽ പച്ചകൈതപ്പൂവിൻ ആതിരാചന്ദ്രൻ, മുറിവിൽ മൂർച്ച മുളങ്കാടിനു കുറുങ്കുഴൽ' എന്നിങ്ങനെയാണ് കവിയെ സച്ചിദാന്ദൻ അടയാളപ്പെടുത്തുന്നത്. അറിവിന്റെ വെയിലിൽ നിന്ന് വൈലോപ്പിള്ളിക്കവിത അനുഭൂതിയുടെ ഹരിതം മാറ്റുന്നുവെന്ന് നിരൂപകപ്രശംസയാണ് സച്ചിദാനന്ദൻ സൂചിപ്പിക്കുന്നത്. മുറിവിൻ മൂർച്ച എന്നതിലൂടെ പരിവർത്തനങ്ങൾക്ക് പ്രേരണയാകാറുള്ള വേദനാനുഭവങ്ങളെക്കൂടി സൂചിപ്പിക്കുന്നു.

തുടർന്ന് നിളാ നദിയെ കപിലർ എന്ന സംഘകാലകവിയുടെ മരുതും ഇലഞ്ഞിയും നനച്ച തായ് നദിയെന്ന് സച്ചിദാനന്ദൻ സംബോധന ചെയ്യുന്നു. കാവ്യനിളയുടെ ചരിത്രഗതിയിൽ വൈലോപ്പിള്ളിക്കവിതയെ അടയാളപ്പെടുത്താനാണ് കവിയുടെ ശ്രമം. നിളയെ ഭാഷയുടേയും സംസ്കാരത്തിന്റെയും പ്രവാഹമായാണ് കവി വിഭാവനം ചെയ്യുന്നത്. 'നീലക്കുറിഞ്ഞി കാട്ടിൻ മിന്നൽ പിണർപോലുള്ള ഉറവ' സംഘസാഹിത്യത്തിലെ ഐന്തിണൈ സങ്കല്പത്തിലേക്ക് കാവ്യചരിത്രത്തെ കൊണ്ടുപോകുന്നു.

ചിലമ്പൊലി ചലിപ്പതികാരകാവ്യത്തേയും പുള്ളുവക്കുടവും പാണത്തുടിയും സമ്പന്നമായ നാടോടി ഗാന പാരമ്പര്യത്തെയും സൂചിപ്പിക്കുന്നു. ആ കാവ്യ ഗംഗ എഴുത്തച്ഛനോളം എത്തിയതായി കവി ചിത്രീകരിക്കുന്നു. 'ദമയന്തിതൻ കീറച്ചേല' ഉണ്ണായി വാര്യരുടെ ആട്ടക്കഥയേയും 'സാനുക്കളത്തിലലഞ്ഞു പൊരുൾ തേടി' എന്നത് കുമാരനാശാന്റെ ആശയഗഹനത്തേയും അനുസ്മരിക്കുന്നു. കാവ്യ പാരമ്പര്യത്തിന്റെ തുടർന്നുള്ള കണ്ണികളായ ഇടശ്ശേരിയേയും പി. യേയും കവി സ്മരിക്കുന്നു. ഈ ഘട്ടത്തിലാണ് വൈലോപ്പിള്ളി കാവ്യ പ്രവാഹത്തിന്റെ ഭാഗമാകുന്നത്. 'എട്ടുകെട്ടുകളുടെ പട്ടട' സൂചിപ്പിക്കുന്നത് ജന്മിത്വം വിഷയമാക്കി വൈലോപ്പിള്ളിയെഴുതിയ 'കുടിയൊഴിക്കലിനെ' യാണ്. തുടർന്ന് ദാമ്പത്യജീവിതത്തിലെ ഉൾപ്പിരിവുകൾ വിഷയമാക്കിയ അദ്ദേഹത്തിന്റെ പ്രശസ്തമായ 'കണ്ണീർപ്പാടം' സൂചിതമാകുന്നു.

നിരാഭരണനും നാദാകാരനുമായ കവി ആറാട്ടു മുങ്ങാനെത്തിയിരിക്കുന്നു. ഇവന്റെ കൊടി പനിനീർമുള്ളിൽ പടർന്നേറുന്ന കയ്പവല്ലരിയത്രേ. ('പനിനീർപ്പൂവിനോട്' 'കയ്പവല്ലരി) കയ്പ്പിലെ മുള്ളും കയ്പും മൃദുത്വവും വൈലോപ്പിള്ളി കവിതയുടെ ഭിന്നഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നു. ഇവന്റെ വാഹനം 'കടൽകാക്ക' യെന്നും പുലി നേർക്കു വരുമ്പോൾ 'ഓണവില്ലാ' ണ് ഇവന്റെ ആയുധമെന്നും കവി സൂചിപ്പിക്കുന്നു. കുരുത്തോലയും കൊടിത്തൂവയും തിരുവാടയാക്കിയ വൈലോപ്പിള്ളി കവിതകൾ മണ്ണിന്റെ മണമുള്ളവയാണെന്ന് സച്ചിദാനന്ദൻ ഓർക്കുന്നു. വൈലോപ്പിള്ളിക്കവിതയിലെ ആദി ദ്രാവിഡ ഭാവങ്ങൾ കണ്ടെത്താൻ സച്ചിദാനന്ദൻ ശ്രമിക്കുന്നുണ്ട്.

നീർ താണിട്ടും വറ്റാതെ കടൽ തേടുന്ന നിളാനദിയോട് വൈലോപ്പിള്ളിയുടെ ഭൗതിക ശരീരാവശിഷ്ടങ്ങൾ സ്വീകരിക്കാൻ കവി വീണ്ടും അപേക്ഷിക്കുന്നു. ഒപ്പം നിളയുടെ സമകാലികാവസ്ഥയോർത്ത് കവി വിലപിക്കുന്നു. നഗരങ്ങൾ വിഷം തുപ്പി മലിനമാക്കിയ നിളയിലെ വിഷനീരേറ്റ് പാണന്റെ ചുരപ്പുന്നയും പ്ലാശും അയ്നിയും തളരുന്നു. ഗ്രാമങ്ങൾ മൃത്യു വരിക്കുന്നു. വേട്ടപ്പട്ടികളാൽ വളഞ്ഞ് നായാട്ടുകാർ ഗ്രാമങ്ങളെ വെടിവെച്ചു വീഴ്ത്തുന്നതായി കവി സങ്കല്പിക്കുന്നു. മനുഷ്യാത്മാവുപോലും മലീമസമാകുന്നു. നമ്മൾ ഒഴിപ്പിച്ച ജാതി മത പിശാചുകൾ കാവിയിലും വെളുപ്പിലും ആത്മാക്കൾക്ക് വിലപേശുന്നു.

ഓണത്തിനുണരുന്നത് മാവേലിയല്ല വാമനനാണ്. നാം കാണുന്ന വിഷുക്കണി റെയിൽപാളത്തിൽ എന്നും വീഴുന്ന അവസ്ഥ ,അവയാകട്ടെ അസ്വസ്ഥ യുവരക്തമാണ്. വാക്കിലും മനസ്സിലും പാരുഷ്യം പെരുകുന്നു. കാരണവരായ കവിയോട് (വൈലോപ്പിള്ളിയോട്) ഇന്നത്തെ കവി (സച്ചിദാനന്ദൻ) ക്ഷമ ചോദിക്കുന്നു. മാമ്പഴക്കാലത്തിന്റെ നൈർമല്യവ്യം എന്നേ നഷ്ടപ്പെട്ടുപോയതായി പരിതപിക്കുന്നു. നീതിയുടെ മിഴികൾ അടഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ കലവറയ്ക്ക് താഴിട്ടിരിക്കുന്നു. നാടിന്റെ നട്ടെല്ലായ സംസ്കാരം ചിതയിൽപൊട്ടുന്നു. മലർകാലം മണലിലെരിഞ്ഞമരുന്നു. വെയിൽ താഴുന്നു. തണുപ്പേറുന്നു. ഒടുക്കത്തെ മാവിൽ കൂടണയുമൊറ്റക്കിളി ചിലക്കുന്നു. നഷ്ടവസന്തകത്തിന്റെ കാഴ്ചകളാണ് കൂടുതൽ.

ഹേമന്തത്തിൽ വിളർത്തുമെലിഞ്ഞ കുളിർനീർക്കണങ്ങൾകൊണ്ട് (ഭാരതപ്പുഴയും നവംബർ–ഡിസംബർ ആകുമ്പോഴേക്കും ശോഷിച്ച നീർച്ചാലുകൾ മാത്രമാകുമല്ലോ). ഇവനെക്കൂടി സ്വീകരിച്ചാലും പുഴയോരത്ത് അന്ത്യകർമ്മങ്ങൾക്കായി ഇറക്കിക്കിടത്തിയ മഹാകവിയെ നോക്കി പിൻതലമുറക്കാരനായ കവിയുടെ വാക്കുകളാണിവ.

ആലിൽ ചുവട്ടിലെ പഞ്ചാരിമേളത്തിന് (ഇടയ്ക്ക, മദ്ദളം, ഇലത്താളം, തിമില, കൊമ്പ് എന്നീ പഞ്ചവാദ്യങ്ങൾ ചേർന്നുള്ള മനോഹരമായി മേളം) ധനുരാവിനോടാണ് കവി ഇതപേക്ഷിക്കുന്നത്. സ്വപ്നാസ്വസ്ഥമായ ഈ നെറ്റിയിൽ ചുംബിക്കുവാൻ, ദേവതാത്മാവായ സഹ്യൻ അല്പമൊന്നു കുനിയട്ടെ. ('സഹ്യന്റെ മകൻ' എഴുതിയ കവിയോട് ആ മഹാനുഭാവൻ തീർച്ചയായും അങ്ങനെ വേണമല്ലോ പ്രതികരിക്കാൻ).

'പാവമീ നാടിൻ സ്വർണ്ണ കിണ്ണമായിരുന്നവൻ ദാ,
നോക്കുവാനിൽ പൂർണ്ണചന്ദ്രനായവൻ വീണ്ടും'

മലയാളകവിതയുടെ യൗവനത്തെ എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ട് കാലമായിരുന്നു. വൈലോപ്പിള്ളിയുടേത്. അതിനു തീർത്തും യോജിച്ച അന്ത്യപ്രണാമമത്രേ ഈ കവിതയുടെ ആരംഭത്തിൽ കാണുക.

മഹാകവിയുടെ ഭൗതികശരീരം എരിഞ്ഞമർന്നത് ഭാരതപ്പുഴയോരത്തായിരുന്നുവല്ലോ. നിളാനദിയും സഹ്യപർവതവും സന്ധിക്കുന്ന ഇടം. ആലിൻചോട്ടിലെ പൂരക്കാറ്റി

നോടും ധനുമാസരാവിനോടും ഇവനർഹിക്കുന്ന ആദരം നല്കാൻ കവി ആവശ്യപ്പെടുന്നുണ്ട്. നിളയെ ഭാഷയുടെയും സംസ്കാരത്തിന്റെയും അനുസ്യൂതപ്രവാഹമായി കാണുന്ന കല്പനകളാണ് 'ഇവനെക്കൂടി' യിലെ അടുത്ത ഭാഗം. പിതാവിന്റെ (സഹ്യൻ) തോൾവിട്ടിറങ്ങി നീലക്കുറിഞ്ഞിക്കാട്ടിലെ ഒരു മിന്നൽ പിണർപോലെ ഉറവയെടുത്തൊഴുകിയ നിള മഞ്ഞിന്റെ പടവുകളിറങ്ങിയ ചിലമ്പൊലിയായും കാട്ടിലെ പുള്ളുവക്കുടമായും ചുരത്തിന്റെ തുടിയായും മാറി. നാടൻപാട്ടുകളുടെയും മറ്റും നിസർഗ്ഗലാവണ്യത്തെ ഭംഗ്യന്തരേണ സൂചിപ്പിക്കുകയാണ് കവി.

തുടർന്നുവരുന്ന ഘട്ടങ്ങളിൽ എഴുത്തച്ഛൻ, ഉണ്ണായിവാരിയർ, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ തുടങ്ങി കവിതയെ പരിപോഷിപ്പിച്ച മഹാനുഭാവന്മാർ സ്മരിക്കപ്പെടുന്നുണ്ട്. കവിതയ്ക്കു പ്രായം വന്നതിന്റെ അഥവാ പരിപാകമായതിന്റെ ചിത്രം 'പ്രായമായ് കരിമ്പന നടുവിൽ തീണ്ടാനാഴി/ സീതപോൽ, വിറയ്ക്കുന്ന മലവാരത്തിൽ' എന്ന വരികളിലുണ്ട്. ദയമന്തിയുടെ കീറച്ചേലയും വിജനതയും നിമിഷം കൊണ്ട് നമ്മെ എത്തിക്കുന്നത് ഉണ്ണായിവാരിയരുടെ കാലഘട്ടത്തിലേക്കത്രെ. 'സാനുക്കളിലലഞ്ഞു പൊരുൾ തേടിയറ്റിനോടുവരാ'യിരുന്നല്ലോ കുമാരനാശാന്റെ കഥാപാത്രങ്ങൾ മിക്കവരും. പൂതത്തെ മുലപ്പാലുകൊണ്ട് വിജയിച്ച മാതൃത്വത്തിന്റെ മഹനീയഗാഥ പാടിയത് ഇടശ്ശേരി തന്നെ. നരകത്തിൽ പാലങ്ങൾ നരിച്ചീറിനെപ്പോലെ നൂണ് കടന്നത് കുഞ്ഞിരാമൻ നായരുടെ കവിതയിലെ നഷ്ടഭാഗ്യസ്മൃതികൾ. ആ ഘട്ടത്തിലാണല്ലോ വൈലോപ്പിള്ളി സ്മരിക്കപ്പെടേണ്ടത്. എട്ടുകെട്ടുകൾ കത്തിച്ചാമ്പലായതിന്റെ വെണ്ണീറെടുത്തുവേണം തന്റെ നെല്ലിയ്ക്കു നീരേകാൻ എന്ന് വൈലോപ്പിള്ളി കരുതിയിരിക്കണം. പാരമ്പര്യത്തിന്റെ ഈടുവെപ്പുകൾ പലതും നഷ്ടമായി. ജന്മിത്വം വിടപറയുന്നതിന്റെ അഥവാ അതിന്റെ തകർച്ചയുടെ കാലഘട്ടമായിരുന്നല്ലോ വൈലോപ്പിള്ളിയുടേത്. നെല്ലിക്കയുടെ മാധുര്യത്തിനും ചവർപ്പിനും ആ കാലഘട്ടവും ജന്മിത്വത്തിന്റെ അവസ്ഥയും പ്രേരകമായിട്ടുണ്ടാവാം. ഉള്ളംകൈയിൽ അദ്ദേഹം ആചമിച്ചെടുത്തതിൽ ഒരു കണ്ണീർപ്പാടം മുഴുവൻ ഉണ്ടായിരുന്നുവോ, അന്വേഷിക്കുകയാണ് കവി ഇവിടെ ചെയ്യുന്നത്.

ഇവന്റെ കൊടി പനിനീർമുള്ളിൽ പടർന്നേറുന്ന കയ്പവല്ലരിയത്രെ. 'പനിനീർപ്പൂവിനോട്' എന്ന പ്രസിദ്ധകവിതയും 'കയ്പവല്ലരി' യിലെ കവിതകളും സൂചിതമാവുന്നു. കയ്പവള്ളിയിൽത്തന്നെയുണ്ടല്ലോ മുള്ളും കയ്പും മൃദുത്വവും. കയ്പയുടെ ആരോഗ്യകരമായ കയ്പ് തന്റെ കവിതയുടെ വ്യത്യസ്തമായ അഭിരുചിക്കിണങ്ങുന്നതാണെന്ന് വൈലോപ്പിള്ളി വിചാരിച്ചുണ്ടാവണം. ദാമ്പത്യജീവിതത്തിലെ ഇണക്കങ്ങളും പിണക്കങ്ങളും 'പനിനീർപ്പൂവിനോട്' എന്ന കവിതയിൽ വായിച്ചറിയാം. ഇവന്റെ വാഹനം കടൽക്കാക്കയാണെന്നും പുലി നേർക്കുവരുമ്പോൾ ഓണവില്ലാണ് ആയുധമെന്നും എഴുതിയത് അർത്ഥവത്താകുന്നു. കടൽക്കാക്കകൾ, ഓണപ്പാട്ടുകൾ തുടങ്ങിയ കവിതകൾ ഇവിടെ ഓർക്കാം. കുരുത്തോലയും കൊടിത്തൂവയും ഇവനു തിരുവാടയാ

കുന്നു. കേരളീയത ശരിക്കും വ്യഞ്ജിക്കപ്പെടുന്നു. കനലാഴിയിൽ നൃത്തം, വചനമപ്പം, കുരുമുളകാൽ നിറമാല– എല്ലാം തീവ്രവും വിദഗ്ധവുമായ ചിഹ്നങ്ങൾ. വിളിപ്പുറത്ത് മുറിവേറ്റ് വനങ്ങൾ ആണ്. 'മനങ്ങൾ തൻ മൃഗങ്ങൾ' വിളിക്കുകിൽ നേരിന്റെ വാക്കിനും വടക്കിനും ഇവൻ പെരുമാൾ (ഉടയവൻ) ആയിരിക്കും. കലികാലത്തിന്റെ തോറ്റമാണ് ഇവനേറ്റവും പ്രിയം. ഇപ്രകാരം ദ്രാവിഡമായ ഒരനുഷ്ഠാനത്തിന്റെ ആദിമസ്വഭാവങ്ങൾ പലതും വൈലോപ്പിള്ളിക്കവിതയിൽ നിറഞ്ഞു നിൽക്കുന്നതായി കണ്ടെത്തിയത് വളരെ യുക്തമായിട്ടുണ്ട്.

അല്ലെങ്കിൽ തന്നെ നമ്മുടെ ഓണവും വിഷവുമെല്ലാം അവയുടെ ആചാരശുദ്ധി നഷ്ടപ്പെട്ട് മൃതമായി കഴിഞ്ഞിരിക്കുന്നു. ഉണർന്നുവരുന്നത് വാമനനാണ്. മഹാബലിയല്ല. നാം കാണുന്ന വിഷുക്കണിയാവട്ടെ റെയിൽപ്പാളത്തിൽ എന്നും പതിയുന്ന അസ്വസ്ഥയുവത്വത്തിന്റെ ചോര! ആതിരരാവിന്റെ രുദ്രകീർത്തനങ്ങളുടെ തൂക്കിൽക്കിടക്കുന്ന പൊന്നുണ്ണിക്ക്, ദംഷ്ട്രയും നെറ്റിക്കണ്ണുമുള്ളതായി കാണുന്നില്ലേ? അതേ, വാക്കിലും മനസിലുമൊക്കെ ഇപ്പോൾ പാരുഷ്യമാണ് നിറയുന്നത്. ഒന്നും കരുതിക്കൂട്ടിയാണെന്ന് പറഞ്ഞുകൂട. അതിനാൽ ഇന്നത്തെ കവി പൂർവികനോട് ക്ഷമാപണത്തോടെ അപേക്ഷിക്കുന്നു: പൊറുക്കുക, മാമ്പഴക്കാലം തീർന്നുപോയി! കവിതയിലുടെ പ്രത്യാശ ചൊരിഞ്ഞ ഒരു മനസ്സായിരുന്നല്ലോ വൈലോപ്പിള്ളിയുടേത്. ''ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും ഏത് യന്ത്രവത്കൃതലോകത്തിൽ പുലർന്നാലും മനസ്സിൽ ഗ്രാമത്തിന്റെ ഭംഗിയും മമതയും ഇത്തിരിക്കൊന്നപ്പൂവും ഉണ്ടാവട്ടെ പ്രതീക്ഷപുലർത്തിയ കവി. അദ്ദേഹത്തിന്റെ തലമുറയിൽ ഏറെ പേർക്കും ഈ മനോഭാവം തീക്ഷ്ണവാദങ്ങളോടും പൊരുത്തപ്പെടാമെന്ന സന്നദ്ധത ഉണ്ടായിരുന്നില്ല എന്നതാണ് സത്യം. തുടർന്ന് വന്ന തന്റെ തലമുറയാവട്ടെ, തിളച്ചു മറയുന്ന ഒരു കാലത്തിലൂടെ, അസംതൃപ്ത യൗവ്വനങ്ങളുടെ ചോരചൊരിയലിലൂടെ കടന്നുപോവുകയാണ്. പണ്ടത്തെ ആ മാമ്പഴക്കാലം.

**സന്ദർഭവും വ്യക്തമാക്കുക.**

അറിവിൻ പച്ച, കൈത–
പ്പൂവിലാതിരാച്ചന്ദ്രൻ
മുറിവിൽ മൂർച്ച, മുളങ്കാടിന്നു കുറുങ്കുഴൽ– വ്യാഖ്യാനിക്കുക

പുരങ്ങൾ നിന്നിൽ വിഷം
തുപ്പുന്നു; പരണന്റെ
ചുരപ്പുന്നയും പ്ലാശും
പയ്നിയും തളരുന്നു– സന്ദർഭം വിശദീകരിക്കുക.

**ഉപന്യാസമെഴുതുക**

'ഇവനെക്കൂടി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

# മൊഡ്യൂൾ III & IV

# ഹാസ്യത്തിന്റെ ഉല്പത്തി

## എം പി പോൾ

മലയാള നിരൂപണ സാഹിത്യത്തിലെ അതികായനാണ് പ്രൊഫ. എം പി പോൾ (1904–1952).മുണ്ടശ്ശേരി,മാരാർ എന്നിവരുൾപ്പെടുന്ന മലയാളവിമർശനത്രയത്തിലെ അംഗമായിരുന്നു.

നോവൽസാഹിത്യം, ചെറുകഥാസാഹിത്യം സൗന്ദര്യ നിരീക്ഷണം തുടങ്ങിയവയാണ് പ്രധാനകൃതികൾ.

### ലേഖനസാരം

ജീവിതത്തെ ആർക്കും തൃപ്തികരമായി നിർവചിക്കാൻ കഴിഞ്ഞിട്ടില്ല. അതേ അവസ്ഥ തന്നെയാണ് ചിരിയുടേതും എന്നു പറയുന്നതുപോലെയാണ് ചിരിയുടെ ഉറവി ടത്തെക്കുറിച്ച് 'ഹാസ്യത്തിന്റെ ഉൽപ്പത്തി' എന്ന ലേഖനത്തിൽ എം പി പോൾ വിലയിരുത്തുന്നത്. ചിരിക്ക് നിദാനമായി നിരവധി ഘടങ്ങൾ ഉണ്ട്. അവയുടെ സാമാന്യസ്വഭാവം കണ്ടത്തേണ്ടതുണ്ട്. ചിരിയുടെ ഉറവിടത്തെക്കുറിച്ച് പല നിർവചനങ്ങ ളുമുണ്ടെങ്കിലും ഒന്നും പൂർണമായി അംഗീകരിക്കാനാവില്ല എന്നാണ് എം.പി.പോൾ പറ യുന്നത്. കാരണം ദുർഘടമായ ഒരു വിഷയമാണത്. പുതിയ മനഃശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം ചിരിയുടെ ഉത്ഭവം ഒരുതരം ഇക്കിളിയിൽ നിന്നാണെന്നാണ്. മനസ്സും ദേഹവും തമ്മിലുള്ള ഗാഢബന്ധമാണ് ഇതിന്റെ അടിസ്ഥാനം. ഹാസ്യത്തിന്റെ ഉൽകൃ ഷ്ടഭാവങ്ങൾ മനസ്സിന്റെ ഒരുതരം ഇക്കിളിയിൽനിന്നാണ് ജന്മംകൊള്ളുന്നതെന്ന് മനഃശാ സ്ത്രജ്ഞരുടെ അഭിപ്രായം മുഖവിലക്കെടുത്താൽ ചിരി ചില അനുഭവവിശേഷങ്ങളുടെ പ്രത്യാഘാതമാണെന്നേ തെളിയൂ. ഈ അനുഭവങ്ങളുടെ സാമാന്യ സ്വഭാവം കണ്ടെ ത്തേണ്ടതുണ്ട്.

അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ അധഃപതനമാണ് ഹാസ്യത്തിന് നിദാനം. ദുര ഹങ്കാരിയായിരിക്കുന്ന ഒരാൾക്ക് നേരിടുന്ന അപകർഷം മറ്റുള്ളവരെ വിനോദിപ്പിക്കും. വലിയ അഹങ്കാരത്തോടെ നടന്നുപോകുന്ന ഒരാൾ പഴത്തൊലിയിൽ ചവുട്ടി വീണുപോ യാൽ ചിരിച്ചുപോകുന്നത് അതുകൊണ്ടാണ്. ഇതുപോലെ മാനസികാലോകത്തിലും ഭാഷയിലും സംഭവിക്കുന്ന അവിചാരിതമായ അപകർഷം ഹാസ്യഭാവങ്ങൾക്ക് ജന്മം നല്കുന്നുവെന്ന അരിസ്റ്റോട്ടലിയൻ സിദ്ധാന്തത്തെ പൂർണ്ണമായി അംഗീകരിക്കാൻ കഴി യില്ലെന്ന് ലേഖകൻ പറയുന്നു. ബസ്സ് വഴിയാത്രക്കാരന്റെ മേൽ അവിചാരിതമായി മുട്ടാൻ പോകുമ്പോൾ പെട്ടെന്ന് എടുത്തുചാടുന്ന യാത്രക്കാരൻ ബസ്സിലിരിക്കുന്ന യാത്ര ക്കാരിൽ ചിരിയുളവാക്കും. ഇതയാളിലുള്ള അധഃപതനം കൊണ്ടല്ല. സദ്ഗുണങ്ങൾ

നിറഞ്ഞ പല കഥാപാത്രങ്ങളും നാടകത്തിൽ ഹാസ്യവിഷയമാകാറുണ്ട്. ഉദാഹരണ മായി മോളിയറുടെ അൽസെസ്റ്റ് എന്ന കഥാപാത്രത്തെ എം.പി.പോൾ എടുത്തുകാട്ടുന്നു.

ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിലുള്ള അധ:പതനമാണ് ഹാസ്യ ത്തിന് നിദാനമെന്ന് അരിസ്റ്റോട്ടിൽ പറയുന്നു. ദുരഹങ്കാരിയായ ഒരാൾക്ക് പെട്ടെന്ന് നേരിടുന്ന അപകർഷം മറ്റുള്ളവരെ ചിരിപ്പിക്കും. കൈയും കാലും വീശി ആകാശ ത്തിൽ തല ഉരുട്ടി അമ്പട ഞാനേ എന്ന ഭാവത്തിൽ നടന്നുപോകുന്ന ഒരാൾ ഒരു പഴ ത്തൊലിയിൽ ചവുട്ടി മറിഞ്ഞു വീണാൽ കാണികൾ അയാളെ നോക്കി ചിരിക്കുന്നത് സ്വാഭാവികമാണ്. അതുപോലെ മാനസികലോകത്തിലും ഭാഷയിലും സംഭവിക്കുന്ന അവിചാരിതമായ അപകർഷമാണ് ഹാസ്യഭാവങ്ങൾക്ക് നിദാനമെന്ന് അരിസ്റ്റോട്ടിൽ പറ യുന്നു.

എം.പി. പോളിന്റെ അഭിപ്രായത്തിൽ അത് ഭദ്രമായ ഒരു സിദ്ധാന്തമല്ല. ഹാസ്യഭാ വമുളവാക്കുന്ന സംഗതികളിൽ ഒന്നുമാത്രമാണ്. അധഃപതനത്തിനുനേരേ വിപരീതമായ ഗതിയും ചിലപ്പോൾ ഹാസ്യവിഷയമാകും. ബസ്സിൽ യാത്ര ചെയ്യുമ്പോൾ അതിന്റെ വരവ് ഗൗനിക്കാതെ അലക്ഷ്യമായി നടന്നുപോകുന്ന വഴിപോക്കൻ ബസ് അയാളെ തൊട്ടുതൊട്ടില്ല എന്ന അവസ്ഥയിൽ പെട്ടെന്ന് റോഡരികിലേക്കെടുത്തു ചാടുമ്പോൾ ബസ്സിലിരിക്കുന്നവർ ചിരിക്കും. ഇവിടെ വഴിപോക്കന് അധഃപതനമൊന്നും ഉണ്ടായിട്ടില്ല. ചാടിയപ്പോൾ നിലത്തുനിന്ന് കുറച്ചുകൂടി ഉയരുകയാണ് അയാൾ ചെയ്തത്. എന്നിട്ടും ബസ്സിലുള്ളവർ ചിരിക്കാൻ കാരണമെന്നത് എന്ന ചോദ്യം അവശേഷിക്കും. സദ്ഗുണ ങ്ങൾ നിറഞ്ഞ പല കഥാപാത്രങ്ങളും നാടകത്തിൽ ഹാസ്യവിഷയമാകാറുണ്ട്. അവ യുടെ അധഃപതനമാണ് അതിന്ന് കാരണമെന്ന് പറയാൻ കഴിയില്ല. മോളിയറുടെ അല സെസ്റ്റ് എന്ന കഥാപത്രം ഉത്കൃഷ്ടഗുണസമ്പന്നനാണ്. പക്ഷേ ഒരു ഹാസ്യകഥാപാത്ര മായിട്ടാണ് നാടകത്തിൽ പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ടുതന്നെ ഒരു കാര്യം വ്യക്തമാ ണ്. ഹാസ്യത്തിന്റെ മർമ്മം അധഃപതനമല്ല എന്ന കാര്യം.

അതിശയീകരണമാണ് ഹാസ്യത്തിന് നിദാനമെന്ന അഭിപ്രായത്തെക്കുറിച്ച് എം. പി.പോൾ പറയുന്നത് അതിൽ അല്പം വാസ്തവമുണ്ടെന്നാണ്. ഹാസ്യകാരന്മാർ സാധാ രണ പ്രയോഗിക്കാറുള്ള ഒരു തന്ത്രമാണ് അതിശയോക്തി. ഹാസ്യചിത്രകലയുടെ മുഖ്യോപായവും മറ്റൊന്നല്ല. നേതാക്കന്മാരുടെ ആകൃതിയിലോ പ്രകൃതത്തിലോ ഉള്ള സ്ഥായിയായ ഒരു വികൃതലക്ഷണം കണ്ടെത്തി. അതിനെ പർവ്വതീകരിക്കുകയാണ് ഹാസ്യചിത്രകാരന്മാർ ചെയ്യാറുള്ളത്. മുസ്സോളിനിയുടെ ശിലാപ്രതിമയ്ക്കു തുല്യമായ സ്ഥൂലതയും, ഹിറ്റ്ലറുടെ മുറിമീശയും. ചർച്ചിലിന്റെ ചുരുട്ടും, ചേമ്പർവെയിന്റെ കുട യും, ലോയിസ് ജോർജ്ജിന്റെ മുഖത്തുള്ള വർത്തുളതയും ഇതിന്നുദാഹരണങ്ങളായി എം.പി.പോൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പദപ്രയോഗത്തിലെ അതിശയോക്തിയും ചിലപ്പോൾ ഹാസ്യോത്പാദനത്തിനു കാരണമാകാറുണ്ട്. സൂരിനമ്പൂതിരിപ്പാടിന്റെ ചാപല്യങ്ങളും കാർത്ത്യായനിയമ്മയുടെ സൽക്കാരസംരംഭങ്ങളും അതിശയോക്തി കലർത്തിയാണ് വർണ്ണിച്ചിട്ടുള്ളത്. അതിശ യോക്തി വൈചിത്ര്യത്തിൽ അദ്വിതീയനായ വ്യക്തിയാണത്രേ ഫ്രാൻസിലെ ഹാസ്യസാ ഹിത്യകാരനായ റാബലേയ്. എന്നാലും ഇത് ഹാസ്യപ്രയോഗത്തിലുള്ള തന്ത്രമെന്ന ല്ലാതെ ഹാസ്യത്തിന്റെ ഹേതുവാണെന്ന അഭിപ്രായം എം.പി. പോളിനില്ല.

അതിശയോക്തി ഇല്ലെങ്കിലും ഹാസ്യമുണ്ടാകാം എന്നു പറയുന്നു എം.പി.പോൾ. ഉദാഹരണങ്ങളും നിരത്തുന്നുണ്ട്. ജെയിൻ ഓസ്റ്റിൻ, ആർണോൾഡ് ബെന്നറ്റ്, ഗാത്സ്വർത്തി മുതലായ സാഹിത്യകാരന്മാരുടെ കൃതികളിലും ഹാസ്യപ്രയോഗം ധാരാള മുണ്ട്. അവരാരും അതിശയോക്തി പ്രയോഗിച്ചിട്ടുമില്ല. അതിശയോക്തിക്കു പകരം ന്യൂനോക്തിയാണ് പ്രയോഗിച്ചിട്ടുള്ളത്. മൂർഖൻപാമ്പു കടിച്ചാൽ ഒരു സുഖവുമില്ല എന്നു പറയുന്നത് ന്യൂനോക്തിക്കുദാഹരണാണ്.

ഹാസ്ലിറ്റ് തുടങ്ങിയ നിരൂപകന്മാർ വൈരുദ്ധ്യബോധത്തിലാണ് ഹാസ്യത്തിന്റെ പ്രഭാവം കണ്ടെത്തുന്നത്. രണ്ടു കഥാപാത്രങ്ങൾക്കു തമ്മിൽ രണ്ടവസ്ഥക്കുതമ്മിൽ, അതുമല്ലെങ്കിൽ ഒരേ പാത്രത്തിന്റെ രണ്ടവസ്ഥകൾക്കു തമ്മിലുള്ള പരസ്പര വൈരുദ്ധ്യ മാണ് ഹാസ്യത്തിന്റെ ഉല്പത്തിയുടെ ഉറവിടം എന്ന അഭിപ്രായക്കാരാണ്. വാമനൻ ഉപഹാസ്യതയെ പ്രാപിക്കുന്നതു ഫലത്തിന്റെ ഉന്നതിയും വാമനന്റെ വാനമത്വവും തമ്മിലുള്ള അന്തരംകൊണ്ടാണ്. മനുഷ്യശരീരത്തിലെ ചില വൈരൂപ്യങ്ങൾ ഹാസ്യവിഷ യമാകുന്നത് മനുഷ്യശരീരത്തിന്റെ സാധാരണ ഘടനയും അതിന്റെ വൈരൂപ്യവും തമ്മി ലുള്ള പരസ്പര വിരുദ്ധതകൊണ്ടാണ്. പദപ്രയോഗത്തിലും ഈ വൈരുദ്ധ്യം കാണാൻ കഴിയുമത്രേ. അതുപോലെ ഒരു വാക്യത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അർത്ഥ ങ്ങൾക്കു തമ്മിൽ വൈധർമ്മ്യമുണ്ടെങ്കിലും അതൊരു ഫലിതമായിത്തീരാവുന്നതാ ണെന്ന് അവർ പറയുന്നു.

ഈ സിദ്ധാന്താത്തെയും എം.പി.പോൾ പരിപൂർണ്ണമായി ഉൾക്കൊള്ളുന്നില്ല. ഹാസ്യപ്രതീതി ഉളവാക്കുന്ന പല സന്ദർഭങ്ങളിലും ഏതാണ്ടൊരു വൈരുദ്ധ്യപ്രകടനം കാണാറുണ്ട്. പക്ഷേ വൈരുദ്ധ്യമില്ലാത്ത സന്ദർഭങ്ങളിലും ഹാസ്യമുണ്ടാകാറുണ്ട്. പാസ്ക്കൾ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അന്യോന്യം സാദൃശ്യമുള്ള രണ്ടുപേരിൽ ഒരാളെമാത്രം കണ്ടാൽ, ആരും ചിരിക്കില്ല. രണ്ടുപേരെയും ഒരുമിച്ചുകണ്ടാൽ ചിരിക്കു കയും ചെയ്യും. ഇവിടെ വൈരുദ്ധ്യമല്ല സാദൃശ്യമാണ് ഹാസ്യത്തിന് നിദാനമെന്ന് എം. പി.പോൾ വ്യക്തമാക്കുന്നു. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പ്രാവശ്യം മൂക്കു ചൊറിഞ്ഞാൽ അതാരും ശ്രദ്ധിക്കില്ല. പക്ഷേ പറയുന്ന ഓരോ വാക്യത്തിനിടയ്ക്കും മൂക്കു ചൊറിഞ്ഞു കൊണ്ടിരുന്നാൽ ശ്രോതാക്കൾ അത് ശ്രദ്ധിക്കുകയും ചിരിക്കുകയും ചെയ്യും. അതുപോലെ അതേ, ഞാൻ പറയുന്നു എന്ന പദങ്ങൾ ഓരോ വാക്യത്തിന്റെ

ആരംഭത്തിലും പ്രയോഗിച്ചാലും അത് ഹാസ്യവിഷയമാകും. ഇവിടെ വൈരുദ്ധ്യമല്ല മറിച്ച് ആവർത്തനമാണ് ഹാസ്യത്തിന്ന് നിദാനം.

ഫ്രഞ്ചുചിന്തകനായ ബെർഗ്സൺ ഹാസ്യത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പറഞ്ഞ അഭിപ്രായം ഗാഢവും സമഞ്ജസവുമാണെന്ന പക്ഷക്കാരനാണ് എം.പി.പോൾ. മൂന്നം ശങ്ങളാണ് അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനുള്ളത്.

ഹാസ്യം മനുഷ്യനു സവിശേഷമായുള്ള ഒരു ധർമ്മമാണ്. ചിരിക്കുന്ന ജന്തു എന്ന നിർവചനം മാറ്റി ചിരിക്കു വിഷയമായ ജന്തു എന്നാക്കി അവതരിപ്പിക്കുന്നു അദ്ദേ ഹം. ചിരിക്ക് വിഷയമാകുന്നത് എപ്പോഴും മനുഷ്യനാണെന്നും ഒരു ഭൂവിഭാഗമോ പ്രകൃ തവിലാസമോ ഒരിക്കലും ഹാസ്യവിഷയമാകില്ലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. കുരങ്ങുകളുടെ ചേഷ്ടകൾ നമ്മെ ചിരിപ്പിക്കുന്നുണ്ടെങ്കിൽ അതിന്നു കാരണം മനുഷ്യ രുടെ ചേഷ്ടകളോടുള്ള സാദൃശ്യമാണ്. എപ്പോഴും മാനുഷികമായ ഒന്നായിരിക്കും ഹാസ്യത്തിന്റെ അടിസ്ഥാനം.

രണ്ടാമതായി ബർഗ്സൺ സമർത്ഥിക്കുന്നത് മനുഷ്യജീവിതം അതിന്റെ ചലനാത്മ കതയിൽ നിന്നകന്നുപോവുകയും ഒരു യന്ത്രത്തോട് സാദൃശ്യം വഹിക്കുവാൻ തുടങ്ങു കയും ചെയ്യും അതോടെയാണ് ഹാസ്യം ഉളവാകുവാൻ തുടങ്ങുക. ചലനാത്മകവും വികാസ സങ്കോചക്ഷമവുമായ ജീവിതത്തിൽ നിശ്ചലവും യാന്ത്രികവുമായ അംശങ്ങൾ കടന്നുകൂടുകയും ചെയ്യുമ്പോൾ ഹാസ്യവിഷയകമായ സന്ദർഭങ്ങളുണ്ടാവുകയും ചെയ്യുന്നു. കാലദേശവ്യവസ്ഥകൾക്കനുസൃതമായി മനസ്സിന്റെയും ശരീരത്തിന്റെയും വ്യാപാരങ്ങളെ നയിക്കാൻ കഴിയുന്ന ആൾ ഒരിക്കലും ഉപഹാസ്യനാവുകയില്ല. ഒരു തടി യൻ മറിഞ്ഞുവീണത് കണ്ട് നാം ചിരിക്കുന്നത് എന്തുകൊണ്ട്? അതിന്ന് യാന്ത്രികത്വ മായ ബന്ധപ്പെട്ട രണ്ടു കാരണങ്ങളുണ്ടാവാം. ഒന്നാമത് അമിതമായ തടി. ശരീര ത്തിന്റെ ലാഘവത്വത്തിന്ന് കോട്ടംവരുത്തി അതിനെ യാന്ത്രികമാക്കിയതിന്റെ ഫലം. രണ്ടാമതായി അയാൾ മാർഗ്ഗത്തിനനുസരിച്ച് തന്റെ ഗതിയെ നയിച്ചിരുന്നുവെങ്കിൽ വഴു കയില്ലായിരുന്നു. അങ്ങനെ നയിക്കാൻ സാധിക്കാതെവന്നത് അയാളുടെ സഞ്ചാരക്രമ ത്തിലുള്ള അശ്രദ്ധകൊണ്ടാണ്. ഈ യാന്ത്രികത്വത്തിന്റെ ബഹുമുഖമായ പ്രകടനങ്ങ ളിൽനിന്നാണ് ഹാസ്യമുണ്ടാകുന്നത്. ബെർഗ്സൺന്റെ മൂന്നാമത്തെ നിഗമനം ഹാസ്യ ത്തിന്റെ ഉത്ഭവസ്ഥാനം ഹൃദയമല്ലെന്നും തലച്ചോറാണെന്നുമാണ്. വികാരം ഹാസ്യ ത്തിന്റെ ശത്രുവാണെന്ന് പറയുന്ന അദ്ദേഹം ആർദ്രവികാരങ്ങൾ മാറ്റിവെച്ചാലേ ഹാസ്യ ത്തിന് പ്രത്യക്ഷപ്പെടാനാവൂ എന്നും വിശദീകരിക്കുന്നു. വ്യക്തമായ ഒരു നിർവചനവും ഹാസ്യത്തിന്ന് നല്കാനായി കണ്ടെത്തിയിട്ടില്ലെന്നാണ് എം.പി.പോൾ ഈ വിശകലന ത്തിലൂടെ വ്യക്തമാക്കുന്നത്. മുഖത്ത് ഒരു മാംസപിണ്ഡം ഉരുട്ടിവെച്ചതുപോലുള്ള മൂക്ക് അയാളുടെ കുറ്റംകൊണ്ട് ഉണ്ടായതെല്ലങ്കിലും പ്രകൃതിതന്നെ അയാളുടെ ചൈതന്യത്തെ കെടത്തുന്ന വൈരൂപ്യം കെട്ടിവെച്ച് അയാളെ യന്ത്രസമാനനാക്കുകയാണ് ചെയ്തത്.

ഭാഷയിലും, ഈ യാന്ത്രികത്വം കടന്നുവരാറുണ്ട്. 'അതെ', 'ഞാൻ പറയുന്നു' എന്നുള്ള വാക്കുകൾ ആവർത്തിച്ചുപയോഗിക്കുന്ന പ്രസംഗകൻ ഏതോ യന്ത്രത്താൽ നയിക്കപ്പെടുന്ന ഒരു മനുഷ്യപ്പാവയായി മാറുകയാണ്. ബാഷ സജീവമായിത്തീരുന്ന തിന്നു പകരം നിർജ്ജീവവും നിരർത്ഥഥകവുമായ സാങ്കേതികശബ്ദങ്ങൾകൊണ്ട് സ്ഥൂലമായിത്തീരുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഹാസ്യവിഷയകമായ ഏതു ദൃഷ്ടാന്തം നോക്കിയാലും അതിൽ യാന്ത്രികമായ ഒരംശമുണ്ടെന്ന് കണ്ടെത്താൻ കഴിയും.

ഹാസ്യത്തിന്റെ ഉത്ഭവസ്ഥാനം ഹൃദയമല്ലെന്നും തലച്ചോറു മാത്രമാണെന്നുമാണ് ബെർഗ്സൺ അഭിപ്രായപ്പെട്ടിട്ടുള്ളത്. അനുകമ്പ മുതലായ ആർദ്രവികാരങ്ങൽ തത്കാലത്തേക്കെങ്കിലും മാറ്റിവെച്ചാലെ ഹാസ്യത്തിന് പ്രത്യക്ഷപ്പെടാൻ കഴിയൂ. വികാരമുള്ള ഒരാളുടെ ദൃഷ്ടിയിൽ ജീവിതമൊരു ശോകപര്യവസായിയായ നാടകമായും വിചാരശീലനായ ഒരാളുടെ ദൃഷ്ടിയിൽ പ്രഹസനമായും മാറുന്നു. നാം പരിഹസിക്കുന്ന ആളോട് നമുക്ക് സ്നേഹമുണ്ടാകാം. പരിഹസിക്കപ്പെടന്ന ആളും സ്നേഹിക്കപ്പെടുന്ന ആളും രണ്ടാണ്. നാം ഒരാളെ പരിഹസിക്കുന്നത് നമ്മുടെ സാമുദായികബോധംകൊണ്ടാണ്. സ്നേഹിക്കുന്നതാകട്ടെ വ്യക്തിപരമായ ബോധംകൊണ്ടാണ്. ഓരോ മനുഷ്യനും ജീവിതത്തിന്റെ പ്രതിനിധിയായിരിക്കെ ആരെങ്കിലും ജീവിതത്തോടുനേരെ വിരുദ്ധമായ യാന്ത്രികത്വത്തിനു വിധേയനാവുകയാണെങ്കിൽ സമുദായം പരിഹാസം ഉപയോഗിച്ച് അയാളുടെമേൽ പ്രതികാരം ചെയ്യും. സമുദായം പരിമിതമാണ്, ഒരു വർഗത്തിനു ന്യായമായിത്തോന്നുന്നത് മറ്റൊരു വർഗത്തിന്റെ ദൃഷ്ടിയിൽ ഹാസ്യവിഷയമായേക്കാം. എന്നാലും ഹാസ്യം വ്യക്തിപരമായ ഒരു വ്യാപാരമല്ലെന്നും സമൂഹത്തിന്റെ പ്രതികാരപ്രചോദിതമായ പ്രത്യാഘാതമാണെന്നും ബെർഗ്സൺ സമർത്ഥിക്കുന്നു.

മനുഷ്യന്റെ ഉപകരണമായ ഭാഷയിലും ഈ യാന്ത്രികത കടന്നുവരാറുണ്ടെന്ന് ബെർഗ്സൺ പറയുന്നു. പ്രസംഗത്തിനിടയിൽ അതെ ഞാൻ പറയുന്നു. എന്നും മറ്റും ആവർത്തിക്കുന്ന പ്രസംഗകൻ യന്ത്രത്താൽ നയിക്കപ്പെടുന്നു. സാങ്കേതികശബ്ദങ്ങൾകൊണ്ട് പ്രസംഗം സ്ഥൂലമായിത്തീരുന്നു.

**ഉപന്യാസം എഴുതുക**

ഹാസ്യത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള വ്യത്യസ്തമായ വാദമുഖങ്ങൾ ഏതൊക്കെയാണ് ഹാസ്യത്തിന്റെ ഉൽപ്പത്തി മുൻനിർത്തി വ്യാഖ്യാനിക്കുക

# സ്പന്ദിക്കുന്ന അസ്ഥിമാടം

## എം.കെ.സാനു

1927–ൽ ആലപ്പുഴയിലാണ് എം.കെ.സാനു ജനിച്ചത്. ദീർഘകാലം മഹാരാജാസ് കോളേജിൽ മലയാളം പ്രൊഫസറായി സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ പ്രധാന കൃതികൾ അവധാരണം, അനുഭൂതികളുടെ നിറങ്ങൾ, ചുമരിലെ ചിത്രങ്ങൾ, രാജവീഥി, പ്രഭാതസന്ദർശനം തുടങ്ങിയവയാണ്. ചങ്ങമ്പുഴയുടെ 'നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന ജീവചരിത്ര കൃതി ഏറെ ശ്രദ്ധേയമാണ്. സ്പന്ദിക്കുന്ന അസ്ഥിമാടം എന്ന ഈ പ്രബന്ധം ചങ്ങമ്പുഴയുടെ അവസാനനാളുകളെ വികാരവായ്പോടെ വരച്ചുകാണിക്കുന്നു.

### ലേഖനസാരം

'നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന ജീവചരിത്രത്തിലെ സ്പന്ദിക്കുന്ന അസ്ഥിമാടം എന്ന അധ്യായത്തിൽ ചങ്ങമ്പുഴയുടെ മരണകാലഘട്ടവും ആ കാലഘട്ടത്തിൽ അദ്ദേഹത്തിനനുഭവിക്കേണ്ടിവന്ന ദുരന്തങ്ങളുമാണ് പ്രതിപാദിച്ചിട്ടുള്ളത്. രോഗിയായി ഏകാന്തതയിൽ കഴിഞ്ഞിരുന്നകാലത്ത് വിവിധ വികാരങ്ങൾക്കടിമപ്പെട്ട് വിവശനായിരുന്നു ചങ്ങമ്പുഴ. സമചിത്തത നഷ്ടപ്പെട്ടവന്റെ അവസ്ഥയിലായിരുന്നു പലപ്പോഴും. ചിലപ്പോൾ നൈരാശ്യമാണെങ്കിൽ മറ്റു ചിലപ്പോൾ അമർഷമായിരിക്കും. ചിലപ്പോൾ ആത്മനിന്ദയാണെങ്കിൽ പെട്ടെന്നുതന്നെ പ്രശാന്തതയിലേക്ക് വരുന്നതുകാണാം. ആ സന്ദർഭത്തിൽ മരണംതന്നെ നിത്യശാന്തിയിലേക്ക് കൈപിടിച്ചു കൊണ്ടുപോയെങ്കിലെന്ന് കവി ചിന്തിച്ചിരുന്നു.

ആരെങ്കിലും സന്ദർശകരായെത്തിയാൽ ഭാവമാകെ മാറും. പിന്നെ പ്രസരിപ്പാകും. വർത്തമാനം തുടങ്ങും. ചിരിക്കുകയും മറ്റുള്ളവരെ ചിരിപ്പിക്കുകയും ചെയ്യും. പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയും ചെയ്യും.

ഇ.എം.കോവൂർ ചങ്ങമ്പുഴയെ സന്ദർശിക്കാനെത്തിയപ്പോഴാണ് യഥാർത്ഥ വസ്തുത എല്ലാവരും അറിയുന്നത്. അദ്ദേഹത്തിന്റെ പ്രസ്താവന വായിച്ച് ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നും ഭാഷാസ്നേഹികളുടെ പണമെത്തി. പണം ലഭിച്ചു എന്നതിനപ്പുറം ജനങ്ങൾതന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്ന തിരിച്ചറിവാണ് ചങ്ങമ്പുഴയെ സ്വാധീനിച്ചത്.

തന്നെ സന്ദർശിക്കാനെത്തിയ മലയാള മനോരമ എഡിറ്ററോട് ചങ്ങമ്പുഴ തനിക്ക് ഏറ്റവുമധികം സംഭാവനകളയച്ചത് ക്രിസ്ത്യാനികളാണ് എന്ന് വ്യക്തമാക്കി. സാധാരണ പറയാറുള്ളത് ക്രിസ്ത്യാനികൾക്ക് സാഹിത്യബന്ധം കുറവാണെന്നാണ്. പക്ഷേ ആ ധാരണ തെറ്റാണെന്ന് തനിക്ക് മനസ്സിലായെന്ന് പറഞ്ഞ ചങ്ങമ്പുഴ താൻ ഏറെ ബഹുമാ

നിക്കുന്ന ലോകഗുരുവാണ് ക്രിസ്തുദേവനെന്ന് പറഞ്ഞു. മലയാള മനോരമ ലേഖകൻ പറഞ്ഞത് ഭയങ്കരമായ ക്ഷയരോഗം ബാധിച്ചിരുന്നുവെങ്കിലും ആ മുഖത്തെ പ്രസന്നത ഇല്ലാതാക്കാൻ രോഗത്തിന് കഴിഞ്ഞിരുന്നില്ല എന്നാണ്. കോവൂരിന്റെ ലേഖനത്തിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ എത്രയോ അധികമാണ് തന്റെ രോഗവും വേദനയുമെന്ന് ചങ്ങമ്പുഴ വ്യക്തമാക്കി. ഛർദ്ദിക്കുന്നതിൽ രക്തമയമുണ്ടായിരുന്നു. ശരീരതാപം മാറി മാറി പ്രകടമായിക്കൊണ്ടിരുന്നു. ലേഖകൻ സമീപത്തുണ്ടായിരുന്ന സമയത്ത് $100^0$ പനിയുണ്ടായിരുന്നു.

മഹാത്മജിയോടും നെഹ്റുവിനോടും തനിക്കുള്ള ആരാധനയെക്കുറിച്ച് പറഞ്ഞ ചങ്ങമ്പുഴ നേതാജിയെക്കുറിച്ച് പറഞ്ഞപ്പോൾ ആവേശംകൊണ്ട് ചാടിയെഴുന്നേറ്റു. ലോകത്തിലെ വേണ്ട ഇന്ത്യയിലെ പട്ടിണിയും അഭിസരണവും ജാതിയുദ്ധവും മാറ്റുവാൻ ഏതു മതത്തിനാണ് സാധിക്കുകയെന്നു പറഞ്ഞ് വാഗ്വാദത്തിനു പുറപ്പെട്ട ചങ്ങമ്പുഴയെ അദ്ദേഹത്തിന്റെ രോഗാവസ്ഥ മനസ്സിലാക്കി നിശ്ശബ്ദനായി നിന്ന് പിന്തിരിപ്പിക്കുകയാണ് മനോരമ റിപ്പോർട്ടർ. അലോപ്പതിയുടെ ഔഷധശാലപോലെയായിരുന്നു ചങ്ങമ്പുഴയുടെ വീട്. ‘‘ഘീൗ ്യ ശില്യേിമഹ ൗശെര’’ എന്ന് കവി പറഞ്ഞപ്പോൾ റിപ്പോർട്ടർ പൊട്ടിക്കരഞ്ഞുപോയത്രെ. പൂർത്തിയാക്കാൻ കഴിയാതെ പോയ ഖണ്ഡകാവ്യങ്ങൾ നെഞ്ചുവേദനയും മറവിയും ഉള്ളതുകൊണ്ട് പറഞ്ഞെഴുതിക്കാൻപോലും ആവില്ലെന്ന് അദ്ദേഹം പറഞ്ഞു. ദീപം പത്രക്കാരും തൊഴിലാളികളും തങ്ങൾക്കാവുന്ന പണമയച്ചു സ്നേഹം പ്രകടിപ്പിച്ചപ്പോൾ ചങ്ങമ്പുഴ പറഞ്ഞത് മഹാകാവ്യമെഴുതാതെ തന്നെ അവൻ തന്നെ സ്നേഹംകൊണ്ട് മഹാകവിയാക്കുകയാണെന്നാണ്.

രോഗിയായിത്തീർന്ന ചങ്ങമ്പുഴ കടുത്ത ഏകാന്തതയിൽ നാടകശാലയായ ലോകത്തെക്കുറിച്ച് താൻ കുറിച്ചിട്ട വാക്കുകൾ ഓർത്തെടുക്കുന്നു. ചികിത്സയ്ക്കുപോലും പണമില്ലാതെ നിരാശ്രയനായി നിരാശനായി കഴിയവേ താൻ അന്ത്യരംഗത്തോടടുക്കുന്നുവെന്ന് ചങ്ങമ്പുഴ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് അദ്ദേഹത്തിന്റെ സമചിത്തത നഷ്ടപ്പെടുത്തുന്നു. ചിലപ്പോൾ നൈരാശ്യവും അമർഷവും ആത്മനിന്ദയും തോന്നുന്നു. പ്രശാന്തത അനുഭവിക്കുന്ന അപൂർവ്വവേളകളിൽ നിത്യശാന്തിക്കുവേണ്ടി വെമ്പൽകൊള്ളുന്നു. പണ്ട് തന്നിൽ രൂപപ്പെട്ട ചിതറിയ ചിന്തകൾ വീണ്ടും അദ്ദേഹത്തിന്റെ ഓർമ്മയിൽ വന്നു. ലോകപ്രശംസയാകുന്ന മുൾച്ചെടി കാട്ടിൽ അലഞ്ഞുതിരിഞ്ഞു. ദുർഗമങ്ങളായ ദുർഗമങ്ങൾ താണ്ടാൻ കഴിഞ്ഞു. പക്ഷേ എല്ലാം വെറുതെയായിരുന്നു. തന്റെ പ്രതാപം ജലരേഖയായിരുന്നുവെന്ന് ഇന്ന് അരികെ വന്ന് പുഞ്ചിരിതൂകുന്ന ശവകുടീരം ഓർമ്മിപ്പിക്കുന്നു. തനിച്ചിരിക്കുമ്പോഴാണ് ഇത്തരം ചിന്തകൾ കവിയെ മദിച്ചിരുന്നത്.

മംഗളോദയത്തിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്ന മഗ്ദലനമറിയം ഈ അവസ്ഥയിൽ പൂർത്തിയാക്കാൻ നിർവ്വാഹമില്ലെന്ന് ചങ്ങമ്പുഴ പറഞ്ഞു. അപൂർണമായ വേറെയും ഖണ്ഡകാവ്യങ്ങളുണ്ടെന്നും അവയെല്ലാം പൂർത്തീകരിക്കാൻ സാധിച്ചിരുന്നു

വെങ്കിൽ തന്റെ സാമ്പത്തികഞെരുക്കത്തിന് കുറച്ച് പരിഹാരമുണ്ടായേനെ എന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഗാന്ധിജിയുടെ എഴുപത്തെട്ടടി പ്രതിമയെക്കുറിച്ചും ക്ഷേത്ര നിർമ്മാണത്തെക്കുറിച്ചുമുള്ള വാർത്തകൾ ചങ്ങമ്പുഴയെ വേദനിപ്പിച്ചു. ഇന്ത്യയിൽ ഒരു മാതൃകാ ടി.ബി.ക്ലിനിക് സ്ഥാപിക്കാൻ ആ പണം ചെലവാക്കിയിരുന്നുവെങ്കിൽ അത് ബാപ്പുജിയുടെ ആദർശങ്ങൾക്ക് ശാശ്വതീകരണമാകുമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. നിരവധി സുഹൃത്തുക്കളെയും അവരുടെ സഹായവും കൃതജ്ഞതാപൂർവ്വം സ്മരിച്ച കവി ടാറ്റായിലും മറ്റും ജോലിചെയ്തിരുന്ന സാധു തൊഴിലാളികളുടെ രണ്ടണ സംഭാവനയെ അമൂല്യമായി കണ്ടു. അദ്ദേഹത്തെ ചികിത്സിച്ചിരുന്ന ഡോ.ചെതലനെ കണ്ട് സംസാരിച്ചപ്പോഴാണ് ചങ്ങമ്പുഴയുടെ ഗുരുതരാവസ്ഥ ആ ലേഖകന് ശരിക്കും ബോധ്യമായത്. ഇതെല്ലാം റിപ്പോർട്ട് ചെയ്തതോടെ കവിയുടെ ചികിത്സയ്ക്ക് സംഭാവനകൾ പ്രവഹിക്കുക തന്നെ ചെയ്തു.

ചങ്ങമ്പുഴയോടുള്ള ആളുകളുടെ സ്നേഹത്തിന്റെ പ്രകടനത്തിന്റെ രസകരമായ ഒരു ഉദാഹരണം എം.കെ.സാനു സ്മരിക്കുന്നു. കവിയെ കാണാൻ നഗരത്തിലേക്ക് പുറപ്പെട്ട മകനെ വിലക്കിയ ഗ്രാമീണനായ അച്ഛന് മകൻ 'വാഴക്കുല' വായിക്കാൻനൽകി. വാഴക്കുല വായിച്ചതിന്റെ ആവേശത്തിൽ കർഷകനായ ആ അച്ഛൻ തന്നെ ഒരു വാഴക്കുലയുമായി നഗരത്തിൽ ചങ്ങമ്പുഴയെ കാണാൻ ചെന്നു.

രോഗം മൂർച്ഛിച്ചപ്പോൾ ചങ്ങമ്പുഴയെ കോയമ്പത്തൂരിലേക്ക് വിദഗ്ധ ചികിത്സയ്ക്ക് കൊണ്ടുപോവാൻ തീരുമാനിച്ചു. ആ അവസ്ഥയിൽ ദീർഘയാത്ര കൂടുതൽ ദോഷകരമാവുമെന്ന് കണ്ട് തൃശ്ശൂർ മംഗളോദയം നഴ്സിങ്ങ് ഹോമിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചു. കേരളീയമാനസങ്ങളെയാകമാനം അലൗകികാനുഭൂതിൽ അമഗ്നമാക്കിയ കവി 1948 ജൂൺ 17-ന് ദിവംഗതനായി. അമ്മയോടോ പ്രിയ സുഹൃത്തുക്കളോടോ യാത്ര ചേദിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഇടപ്പള്ളിയിലെ തറവാട്ടുവക സ്ഥലത്താണ് അദ്ദേഹത്തെ സംസ്കരിച്ചത്. അന്ന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയവരിൽ ഈറനണിയാത്ത കണ്ണുകൾ ഉണ്ടായിരുന്നില്ലെന്ന് എം.കെ.സാനു ഓർക്കുന്നു.

ശവകുടീരത്തിനുമുമ്പിൽ ആ സായംകാലത്ത് എം.കെ.സാനു ചിന്താഭാരത്തോടെ നിലകൊണ്ടു. നിലാവിൽ നീരോടിനിൽക്കുന്ന പാതിരാവുകളെ പാലപ്പൂവിന്റെ പരിമളം പുൽകി നിൽക്കുമ്പോൾ ആ കല്ലറയ്ക്കുള്ളിലെ ഹൃദയം സ്പന്ദിക്കുകയും ആ സ്പന്ദനം ഒരു പല്ലവിയായി ഉയരുകയും ചെയ്യുന്ന ദൃശ്യം എം.കെ.സാനു സങ്കല്പിക്കുന്നു. ചാരത്തുള്ള മാമരക്കാവിന്റെ കൊമ്പത്ത് കൊക്കു രുമ്മിയിരിക്കുന്ന കിളികൾ, ആ ശവകുടീര രഹസ്യത്തിന്റെ പല്ലവി മാനത്ത് നക്ഷത്രങ്ങളെ

അറിയിക്കുന്നത് നക്ഷത്രങ്ങൾ വിസ്മയത്താൽ കണ്ണുചിമ്മി പോകുന്നതും ലേഖകന്റെ സങ്കല്പത്തിൽ തെളിഞ്ഞുവന്നു.

**ഉപന്യാസമെഴുതുക**

ചങ്ങമ്പുഴയുടെ അവസാനനാളുകളെക്കുറിച്ച് സ്പന്ദിക്കുന്ന അസ്ഥിമാടം മുൻനിർത്തി വിശദീകരിക്കുക.

## മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ

**വി. രാജകൃഷ്ണൻ**

സാഹിത്യവിമർശകൻ, ചലച്ചിത്ര നിരൂപകൻ, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയനാണ് പ്രൊ.വി. രാജകൃഷ്ണൻ. ശ്രാദ്ധം, രോഗത്തിന്റെ പൂക്കൾ, മൗനം തേടുന്നവാക്ക്, കാഴ്ചയുടെ അശാന്തി, ചെറുകഥയുടെ ഛന്ദസ്സ് എന്നിവയാണ് പ്രധാന കൃതികൾ.

### ലേഖനസാരം

കാരൂരിന്റെ മരപ്പാവകൾ എന്ന കഥ മലയാളത്തിലെ എക്കാലത്തെയും മികച്ച കഥകളിലൊന്നാണ്. ഈ പ്രമേയം പൊറ്റെക്കാടാണ് കഥാശില്പമാക്കി വാർത്തെടുത്തതെങ്കിൽ ഇടതൂർന്ന പശ്ചാത്തലവർണ്ണന നടത്തി തന്റെ കഥാനായികയുടെ വിഷാദസുന്ദരമായ രൂപത്തിന് കൂടുതൽ ആകർഷണീയതയരുളുമായിരുന്നു. പൊറ്റക്കാടിന്റെ കഥയിൽ നളിനി പണിയുന്ന ശില്പങ്ങളുടെ സൗകുമാര്യം വായനക്കാരന്റെ ഭാവനയെ വിരുന്നൂട്ടുന്ന ഘടകമായിത്തീരുകയും ചെയ്യും. നളിനി ഉറൂബിന്റെ നായികയായിരുന്നുവെങ്കിൽ നളിനിയും എന്യൂമറേറ്ററുമായുള്ള നീണ്ട സംഭാഷണത്തിനിടയിൽ കവിത കലർന്ന കൊച്ചുവാങ്മയ ചിത്രങ്ങളിലൂടെ അവളുടെ അന്തർഗതങ്ങൾ വായനക്കാരുടെ മുമ്പിൽ തുറന്നുകാട്ടുമായിരുന്നു. വിവാഹിതയായ നളിനിയുടെ മനസ്സാക്ഷിയും അബോധപ്രേരണകളും തമ്മിൽ വടംവലിയിൽ കയറിപ്പിടിച്ചുകൊണ്ട് കഥയിലെ ഭാവസംഘർഷത്തിന് ഉറൂബ് തീകൊളുത്തുകയും ചെയ്യുമായിരുന്നു. മരപ്പാവകളുടെ ഇതിവൃത്തം തകഴിയുടെ കൈകളിലാണെത്തിയതെങ്കിൽ തുറന്നടിച്ച സാമൂഹ്യവിമർശനത്തിൽ ചെന്നവസാനിക്കുമായിരുന്നു. തന്റെ കഥാനായികയുടെ ജീവിതത്തെ പാവയുടേതിനു തുല്യമാക്കിത്തീർത്ത സമുദായവ്യവസ്ഥിതിയെ ഉന്നംവെച്ചുകൊണ്ടുള്ള ഒരു നീതിതത്വം തന്നെ അവളുടെ ഏറ്റുപറച്ചിലിൽ നിന്ന് തകഴി സ്ഥാപിച്ചെടുക്കുമായിരുന്നു.

തന്റെ സമകാലികരായ എഴുത്തുകാരിൽ നിന്ന് കാരൂരിനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹം പിന്തുടർന്ന ഋജുവും നിരാലംകൃതവും തികച്ചും കേരളീയവുമായ കഥനരീതിയുടെ പ്രത്യേകതകൊണ്ടാണെന്ന് രാജകൃഷ്ണൻ അഭിപ്രായപ്പെടുന്നു. സുഘടിതമായ കഥാസങ്കല്പം, കഥാപാത്രങ്ങളുടെ മുന്നിലുള്ള ഏതെങ്കിലും തരത്തിലുള്ള തെരഞ്ഞെടു

പ്പിനെ വലംവെച്ചു നീങ്ങുന്ന സംഘട്ടനത്തിന്റെ ചിത്രീകരണം, ചെറിയ തോതിലുള്ള മനഃശാസ്ത്രവിശകലനം തുടങ്ങിയുള്ള ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ പരമ്പരാഗതമായ സിദ്ധികൾ നവോത്ഥാനകാലഘട്ടത്തിലെ എഴുത്തുകാർ ഉപയോഗപ്പെടുത്തിയ അളവിൽപ്പോലും കാരൂർ ഉപയോഗപ്പെടുത്തിയിട്ടില്ല. പത്മനാഭന്റെയും എം.ടിയുടെയും മാധവിക്കുട്ടിയുടെയും തലമുറ സൂക്ഷ്മഭംഗിയോടെ സാക്ഷാത്കരിച്ച ഐറണി, ബിംബകല്പന, പ്രതിരൂപാത്മകത്വം തുടങ്ങിയ ആധുനികമായ ശില്പസങ്കേതങ്ങൾ കാരൂരിനെ തീരെ ആകർഷിച്ചിരുന്നില്ല.

കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ കലയാണ് എന്ന് രാജകൃഷ്ണൻ പറയാൻ കാരണമിതാണ്. തന്റെ മാധ്യമം തുറന്നുതരുന്ന രചനാസാധ്യതകൾ പരമാവധി ചൂഷണം ചെയ്യുന്നതിലൂടെയല്ല, ആ സാധ്യതകൾക്ക് അറിഞ്ഞുകൊണ്ട് നിയന്ത്രണം കല്പിക്കുന്നതിലൂടെയാണ് കാരൂർ തന്റെ ഇഫക്ടുകൾ പലതും നേടിയെടുക്കുന്നത്.

ഭാവപരമായ പുതുമയുടെ പേരിൽ 1963-ൽ എഴുതിയ കാരൂരിന്റെ മരപ്പാവകൾ അനുവാചകലോകം അംഗീകരിക്കണമെന്നില്ല എന്ന അഭിപ്രായമാണ് രാജകൃഷ്ണനുള്ളത്. കാരൂർ ഈ കഥയെഴുതിയ കാലത്ത് ഇതിൽ പലരും കണ്ടെത്തിയ പുതുമ-സെക്സിന്റെ പരിചരണത്തിൽ കാഥികൻ കാണിച്ച സൂക്ഷ്മ വൈദഗ്ധ്യമാണ്. ഈ വൈദഗ്ധ്യം അധികം വൈകാതെ നമ്മുടെ കഥാസാഹിത്യത്തിലെ ഒരു പ്രധാനധാരയുടെ ഭാഗമായി പരിണമിക്കുകയുണ്ടായി. പ്രമേയസ്വീകരണത്തിൽ തന്റെ തന്നെ പതിവുരീതിയിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് കാരൂർ അക്കാലത്ത് പ്രദർശിപ്പിച്ച നൂതനത്വം മുൻനിർത്തി ഈ കഥയ്ക്ക് പുതിയ കാലഘട്ടത്തിലും അംഗീകാരം നേടാനാവില്ല എന്ന് രാജകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. കഥാസങ്കല്പത്തിൽ പല പൊളിച്ചെഴുത്തുകൾക്കും സാക്ഷ്യംവഹിച്ച കഴിഞ്ഞ രണ്ടുദശകത്തിനുള്ളിലെ സാഹിത്യസംസ്കാരം പശ്ചാത്തലത്തിൽ നിറുത്തിക്കൊണ്ട് ഒരു പുനർവായന നടത്തിയപ്പോൾ രാജകൃഷ്ണന്റെ മനസ്സിൽ പതിഞ്ഞ കാര്യങ്ങൾ അദ്ദേഹം വിശകലനം ചെയ്യുന്നതിപ്രകാരമാണ്.

മരപ്പാവകളിലെ കഥാനായികയുടെ ജീവിതത്തിൽ നീറിപ്പിടിക്കുന്ന ഓരോർമ്മ മറഞ്ഞുകിടപ്പുണ്ട്. ഭർത്താവുമായുള്ള കെട്ടുപിണഞ്ഞ ബന്ധം അവളെ ഉലച്ച അനുഭവമായിരുന്നു. അവൾ പുറമെ പ്രദർശിപ്പിക്കുന്ന കൂസലില്ലായ്മക്ക് അടിയിലായി വാശിയും സങ്കടവും കൂടിക്കലർന്ന ഒരു വികാരം അവളുടെ മനസ്സിനെ ഉടക്കിവലിച്ചുകൊണ്ടിരുന്നു. കഥ ആരംഭിക്കുന്ന സന്ദർഭത്തിൽ നളിനി അവളുടെ ഉടഞ്ഞദാമ്പത്യത്തിന്റെ സ്വാധീനം കുടഞ്ഞുകളയാൻ ശ്രമിക്കുന്നുണ്ട്. തന്നെപ്പറ്റി അയൽക്കാർ പറഞ്ഞുനടക്കുന്നതായി അവൾ സൂചിപ്പിക്കുന്ന വാദങ്ങളിൽനിന്ന് വിവാഹത്തകർച്ചയ്ക്കുശേഷം അവൾ സ്വതന്ത്രജീവിതം നയിക്കുകയായിരുന്നുവെന്നനുമാനിക്കാം. കേരളത്തിലെ നാട്ടിൻപുറങ്ങളിൽ നളിനിയുടെ വിഭാഗത്തിൽപ്പെട്ട ആളുകൾക്കിടയിൽ സാധാരണമായി കണ്ടുവരുന്ന ദുരിതങ്ങളാണ് കാരൂർ നളിനിയിലൂടെയും അവതരിപ്പിക്കുന്നത്. നിഷ്കള

ങ്കമായ സ്നേഹത്തിൽ നിന്നാരംഭിച്ച് ചെറിയപിണക്കങ്ങളിലൂടെയും ഏറ്റുമുട്ടലുകളിലൂടെയും തപ്പിത്തടഞ്ഞുനീങ്ങി ഒടുവിൽ നീണ്ടൊരു വേർപാടിൽ എത്തിനില്ക്കുന്ന ഒരു ഗ്രാമീണ ദാമ്പത്യത്തിന്റെ ചിത്രം ഒട്ടും നിറം കലർത്താതെയാണ് കാരൂർ അവതരിപ്പിച്ചിട്ടുള്ളത്. സാധാരണ സ്ത്രീകൾ ഈ കെടുതികളെ വേഗം അതിജീവിക്കാറുണ്ട്. ദൈനംദിനസാമ്പത്തിക പ്രശ്നങ്ങളുടെ സമ്മർദ്ദവും ചുറ്റുപാടുകളുടെ പ്രലോഭനവും ചേർന്ന് അവരുടെ ജീവിതത്തിന് വേറൊരു ചാൽ കീറാറുണ്ട്. ഇത്തരം ആഘാതങ്ങളെ ഒപ്പിയെടുത്ത് ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രേരണ നളിനിയിലും കുടികൊള്ളുന്നുണ്ട്. അവളുടെ കൂടെപ്പിറപ്പായ തന്റേടവും ഫലിതബോധവും വേദനകളെ മെരുക്കിടാൻ സഹായിക്കുന്ന സിദ്ധികളാണ്. എന്നാൽ നളിനിയെ അവളുടെ കൂട്ടുകാരികളിൽനിന്ന് മാറ്റിനിർത്തുന്ന വേറൊരു വശമുണ്ട്. അതവളുടെ വ്യക്തിത്വമാണ്. കാരൂരിന്റെ അവശരും ഭാഗ്യഹീനരുമായ മറ്റനവധി കഥാപാത്രങ്ങളിൽനിന്നും നളിനി വ്യത്യസ്തയായിത്തീരുന്നത് അവളൊരു കലാകാരിയാണ് എന്ന മേന്മയിലൂന്നിയാണ്. കലാകാരന്മാർക്ക് സഹജമായ അഹന്ത നളിനിയിലുമുണ്ടായിരുന്നു. എന്ന്യൂമറേറ്ററുമായുണ്ടായ ഇടഞ്ഞുകയറുന്ന സംഭാഷണത്തിന്റെ ഒടുവിൽ നളിനി അവളുടെ എല്ലാ വൈചിത്ര്യത്തോടുകൂടി ഉയർന്നുനില്ക്കുന്നുണ്ട്. എന്ന്യൂമറേറ്ററുടെ ചോദ്യങ്ങൾക്കോരോന്നിനും നർമ്മത്തിൽചാലിച്ച തർക്കുത്തരം പറഞ്ഞുനില്ക്കുന്ന നളിനി അയാളുടെ മനസ്സിൽ വിസ്മയം കലർന്ന മധുരാസ്വാസ്ഥ്യമുണർത്തി പിൻവാങ്ങുകയും ചെയ്യുന്നു. ഈ അസാധാരണ വ്യക്തിത്വമാണ് കഥയെ എക്കാലത്തും ആസ്വാദ്യകരമാക്കിത്തീർക്കുന്നത്.

നളിനിയുടെ ജീവിതത്തിന്റെയും കലയുടെയും പണിപ്പുരരഹസ്യങ്ങൾ തുറന്നുകാട്ടാനായി ഒരു വിവരണരീതിയാണ് കാരൂർ സ്വീകരിച്ചിട്ടുള്ളത്. നളിനിയുടെ ആത്മനിഷ്ഠമായ കാഴ്ചപ്പാടിൽക്കൂടിയാണ് കാരൂർ കഥാഖ്യാനം നിർവ്വഹിച്ചിട്ടുള്ളതെങ്കിൽ മരപ്പാവകളുടെ സ്വരശില്പമാകെ മാറിപ്പോയേനെ എന്നാണ് രാജകൃഷ്ണന്റെ അഭിപ്രായം. കഥയുടെ ഉപരിതലത്തിൽ ഇപ്പോൾ കാണുന്ന ലാഘവം കലർന്ന നർമ്മത്തിന്റെ സ്ഥാനത്ത് കുറേക്കൂടി പച്ചയായ വികാരങ്ങളുടെ കുത്തിയൊഴുക്ക് അനുഭവപ്പെടുമായിരുന്നു. പക്ഷേ ഔപചാരികവിദ്യാഭ്യാസമില്ലാത്ത നളിനി എന്ന്യൂമറേറ്റർക്ക് നല്കുന്ന ഉരുളയ്ക്കുപ്പേരിപോലെത്തെ മറുപടികളിൽനിന്ന് അവളറിയാതെ ചിതറിത്തെറിക്കുന്ന ഫലിതം അപ്പോൾ കഥയിൽനിന്ന് അകന്നുപോകുമായിരുന്നു. കഥ നടക്കുന്ന അവസരത്തിൽ ഉള്ളിലേക്കു വലിയാനും ശില്പവൃത്തിയിൽ ആനന്ദം കണ്ടെത്താനും അവളെ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളുടെ ക്രൂരത കൂടുതൽ വ്യക്തമാക്കിത്തരാൻ അത്തരമൊരു അഖ്യാനരീതി സഹായിക്കുമായിരുന്നു. എന്നാൽ കാരൂർ ബോധപൂർവ്വം ഈ രീതി സ്വീകരിക്കുന്നില്ല. അദ്ദേഹം ഒരു സാക്ഷിയുടെ നിലയിൽനിന്ന് താൻ യാദൃശ്ചികമായി പരിചയപ്പെട്ട തികച്ചും അപരിചിതനായ ഒരു ചെറുപ്പക്കാരനുമൊത്ത് അവൾ നടത്തുന്ന സൊറപറച്ചിൽ കേട്ട് രസിക്കുകമാത്രമാണ് ചെയ്യുന്നത്.

കാരൂരിന്റെ കഥാലോകത്തിൽ സാധാരണയായി മേമ്പൊടി വിതറിയിട്ടുള്ള ലോകോക്തികളും ധാർമ്മികനിരീക്ഷണങ്ങളും മരപ്പാവകളിൽ കുറവാണ്. കഥയുടെ അന്ത്യത്തിൽ നളിനിയുമായുള്ള കൂടിക്കാഴ്ച എന്യൂമറേറ്ററുടെ മനസ്സിലുണർത്തിയ പ്രതികരണത്തെപ്പറ്റി സൂചിപ്പിക്കുന്ന ഒരൊറ്റ സന്ദർഭത്തിൽ മാത്രമാണ് കാഥികൻ നേരിട്ടുവന്ന് അനുവാചകനോട് പറയുന്നത്. ''അയാൾ അടുത്ത വീട്ടിലേക്ക് നടന്നു. അയാളുടെ ഹൃദയത്തിൽ വീണക്കമ്പി മീട്ടിയാലുണ്ടാകുന്ന നാദം പ്രതിധ്വനിച്ചുകൊണ്ടിരുന്നു.'' മറ്റിടങ്ങളിലെല്ലാം നായികയും ചെറുപ്പക്കാരനും തമ്മിലുള്ള വാഗ്വാദത്തിന്റെ ഊർജ്ജം ഒന്നുകൊണ്ടുമാത്രമാണ് കഥ മുന്നോട്ടുനീങ്ങുന്നത്. സംഭാഷണത്തിന്റെ കാര്യത്തിൽ മുൻതൂക്കം നളിനിക്കാണെങ്കിലും എന്യൂമറേറ്റർക്ക് കഥയിലുള്ള സ്ഥാനം ചെറുതല്ല. ഔദ്യോഗികമായ വിവരം തേടലിൽനിന്ന് പടിപടിയായി കുസൃതിമുറ്റിയ സ്വകാര്യാന്വേഷണങ്ങളിലേക്ക് കടക്കുന്ന അയാളുടെ ചോദ്യങ്ങളോട് പ്രതികരിക്കുന്നതിലൂടെ അവൾ തന്റെ ഉള്ളിലുള്ള മാർദ്ദവം കലർന്ന ഒരു വശം സ്പർശിച്ചറിയുകയാണ്. സംഭാഷണ പ്രധാനമായ ഈ ചെറുകഥയിൽ ഡയലോഗ് ഒന്നുമാത്രമാണ് തന്റെ പ്രധാന കഥാപാത്രത്തിന്റെ മാനസികാവസ്ഥ പരതാനായി കാരൂർ അവലംബിച്ചിട്ടുള്ള ശില്പോപാധി.

കാരൂരിന്റെ കഥകളിൽ തലയെടുപ്പോടെ നിൽക്കുന്ന ഒരു സൃഷ്ടിയാണ് 'മകരപ്പാവകൾ' എന്ന് വി. രാജകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ഈ കഥയിലെ നിലീന ഭംഗിയുള്ള ശൃംഗാരഭാവം കഥ പുറത്തുവന്ന കാലത്തുതന്നെ നിരൂപക ശ്രദ്ധ നേടിയിരുന്നു. അമർത്തപ്പെട്ട ലൈംഗികാഭിലാഷത്തിന്റെ തരളമായ പ്രകാശനമെന്നത് സ്ത്രീഹൃദയത്തിന്റെ ആഴങ്ങൾ തേടിപ്പോയ പിൽക്കാല ചെറുകഥാകൃത്തുക്കളെ മോഹിപ്പിച്ച മനശ്ശാസ്ത്ര സമസ്യയായി മാറുകയുണ്ടായി. മാധവിക്കുട്ടിയെപ്പോലുള്ള എഴുത്തുകാർ കാരൂർ തൊട്ടുകാണിച്ച ഈ ഭാവമേഖലയ്ക്ക് പുത്തൻ പൊരുൾ സമ്മാനിക്കുകയുണ്ടായി. കഥാസങ്കല്പത്തിൽ പല പൊളിച്ചെഴുത്തുകളും നടന്നുകഴിഞ്ഞ ഇക്കാലത്ത് 'മരപ്പാവകൾ' വീണ്ടും വായിക്കുമ്പോൾ മനസ്സിൽ പതിയുന്ന അംശങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഈ കുറിപ്പെന്ന് ലേഖകൻ പറയുന്നു.

ദാമ്പത്യതകർച്ചയുടെ അവശിഷ്ടമായി വാശിയും സങ്കടവും കൂടിക്കലർന്ന ഒരു വികാരം 'മരപ്പാവകളി' ലെ കഥാനായികയായ നളിനിയുടെ ഉള്ളിൽ ഉടക്കി നിൽക്കുന്നുണ്ട്. പുറമേക്ക് അവർ പ്രകടിപ്പിക്കുന്നതാവട്ടേ കൂസലില്ലായ്മയും വിവാഹമോചിതയെക്കുറിച്ച് നാട്ടിൻപുറത്തെ അയൽക്കാർ സാധാരണ പറയാറുള്ള കുറ്റങ്ങൾ വകവെയ്ക്കാതെ സ്വതന്ത്രജീവിതം നയിച്ചുപോരുന്നവളാണ് നളിനി. തന്റേടവും ഫലിതബോധവും വേദനകളെ കുടഞ്ഞെറിയാൻ അവളെ സഹായിക്കുന്നുണ്ട്. കാരൂരിന്റെ ഭാഗ്യഹീനകളായ കഥാപാത്രങ്ങളിൽ നിന്ന് നളിനിയെ വേർതിരിച്ച് നിർത്തുന്ന വസ്തുത അവൾ കലാകാരിയാണെന്നതാണ്.

അവളുണ്ടാക്കിയ പാവകൾ കോപത്തിനും വിലാസഭാവത്തിനുമിടയിൽ വെറുപ്പിനും സമർപ്പണത്തിനുമിടയിൽ ആളിക്കത്തുന്ന അവളുടെ ഹൃദയത്തിന്റെ പ്രതിഫലനമായിരുന്നു. അവളുടെ അഴകാർന്ന ശരീരത്തിന്റെ വടിവുകളാവാഹിച്ച ആ മരപ്പാവകൾ മതിയായിരുന്നു ചുറ്റുമുള്ളവർക്ക് കുറ്റം പറയാൻ. സ്വന്തം സർഗാത്മകതയിലേക്ക് ചുരുങ്ങാൻ ശീലിച്ചതോടെ അവൾക്ക് അപവാദങ്ങളെ പേടിയില്ലാതായി. ഈ കൂസലില്ലായ്മയെ 'അഹന്ത' യെന്നാണ് എന്യൂമറേറ്റർ വിശേഷിപ്പിച്ചത്. കലാകാരനു സഹജമായ ഈ അഹന്തയാണ് നളിനിയെ നളിനിയാക്കി മാറ്റിയത്.

നളിനിയുടെ വ്യക്തിസത്തയുടെ പരഭാഗശോഭയ്ക്കായി എന്യൂമറേറ്ററെ സൃഷ്ടിച്ചത് ഏറെ ഉചിതമാണെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു. മനുഷ്യരെ വസ്തുതകളാക്കി മാറ്റുകയാണല്ലോ എന്യൂമറേറ്റർമാരുടെ ജോലി. എന്യൂമറേറ്ററുടെ ചോദ്യങ്ങൾക്ക് തർക്കുത്തരം പറയുന്ന നളിനി തന്റെ 'അഹന്ത' കൊണ്ട് എന്യൂമറേറ്ററുടെ ഫയലിലെ ഒരക്കമായി ചുരുങ്ങുന്നില്ല. അവസാനം ആ ഉദ്യോഗസ്ഥന്റെ ഹൃദയത്തിൽ വിസ്മയം കലർന്ന മധുരാസ്വാസ്ഥ്യം ജനിപ്പിച്ച് അവൾ പിൻവാങ്ങുന്നു.

നളിനിയുടെ ജീവിതത്തിന്റേയും കലയുടേയും പണിപ്പുര രഹസ്യങ്ങൾ വെളിച്ചത്തു കൊണ്ടുവരാൻ കാരൂർ കണ്ടെത്തിയ വിവരണ രീതി പ്രത്യേകം പരിഗണന അർഹിക്കുന്നു. നളിനിയുടെ ആത്മനിഷ്ഠമായ കാഴ്ചപ്പാടിലൂടെ കഥ അവതരിപ്പിച്ചിരുന്നുവെങ്കിൽ ഉപരിതല സ്പർശിയായ നർമ്മത്തിന്റെ സ്ഥാനത്ത് വികാരങ്ങളുടെ കുത്തൊഴുക്ക് അനുവാചകന് അനുഭവിക്കാൻ കഴിയുമായിരുന്നുവെന്ന് ലേഖകൻ വിശകലനം ചെയ്യുന്നു. മരപ്പാവകളുടെ കഥാശില്പവും നായികയുടെ ശില്പകലാവിദ്യയും തമ്മിലുള്ള സാദൃശ്യം ലേഖകൻ ചൂണ്ടിക്കാട്ടുന്നു. നളിനിയെപ്പോലെ കാരൂരും ഒരർത്ഥത്തിൽ മരപ്പാവകളുടെ നിർമാതാവാണ്. അദ്ദേഹത്തിന്റെ കഥകളിൽ ദന്തം കൊണ്ടുള്ള അലങ്കാരപ്പണികളില്ല. മാർബിൾ കൈകാര്യം ചെയ്യുന്നില്ല. അനാകർഷകമെന്ന് തോന്നുന്ന പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒതുക്കവും ശാലീനതയുമുള്ള കഥാശില്പങ്ങൾ ശ്രദ്ധാപൂർവം മെനയുന്ന വിദ്യയായിരുന്നു കാരൂരിന്റേത്.

**ഉപന്യാസമെഴുതു**

'മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ' എന്ന വി രാജകൃഷ്ണന്റെ ലേഖനം സമകാലിക സമൂഹത്തോട് സംവദിക്കുന്നതെന്ത് ?

# സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെസദാചാരവും

**എം. തോമസ് മാത്യു**

1940 –ൽ പത്തനംതിട്ടയിലെ കീക്കൊഴൂരിലാണ് എം. തോമസ് മാത്യു ജനിച്ചത്. വിവിധകോളേജുകളിൽ മലയാളം പ്രൊഫസറായിരുന്ന അദ്ദേഹം കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ടിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദന്തഗോപുരത്തിലേക്ക് വീണ്ടും, സാഹിത്യദർശനം, ആത്മാവിന്റെ മുറിവുകൾ, മരുഭൂമിയിൽ, വിളിച്ചുപറയുന്നവന്റെ ദൈവം, ബൈബിൾ അനുഭവം, നിനവുകൾ നിരൂപണങ്ങൾ എന്നിവ പ്രധാന കൃതികളാ ണ്.

## ലേഖനസാരം

'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' എന്ന ലേഖനത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ചും കലയുടെ ധർമ്മശാസ്ത്രത്തെക്കുറിച്ചും വിചി ന്തനം ചെയ്യുന്നു. മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് നിസ്സഹായകനായ മനുഷ്യൻ അതി ജീവനത്തിനുള്ള പോരാട്ടത്തിലാണ് പുതിയ വടിവുകളും അടവുകളും നേടുന്നത്. പ്രകൃതി കനിഞ്ഞ് നൽകാത്തതല്ല. സ്വയം ഉണ്ടാക്കാനുള്ള വൈഭവത്തിന്റെ ദൈവസാ ദൃശ്യം വിളംബരം ചെയ്യുന്ന കർമ്മമാണ് കലാപ്രവർത്തനം. കലാകാരന്റെ സ്വാതന്ത്ര്യ ത്തിന്റെ പ്രകാശനമാണ് കലാവിഷ്കരണം. കലജീവിതം തന്നെ എന്ന തീർപ്പിലൂടെ മാരാർ ആവിഷ്കരിച്ച ദർശനവും ഇതുതന്നെ. കലാവിഷ്കാരങ്ങളിലൂടെ അവനവന്റെ സ്വത്വം കണ്ടെത്തുന്നു. അവനവനിലുള്ള ആത്മപ്രകാശനത്വരയുടെ നിരന്തരമായ പ്രക്രി യയിലാണ് ഒരു കലാകാരൻ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. അതുകൊണ്ട് സ്വാതന്ത്ര്യത്തിനുള്ള ത്വരയാണ് ആവിഷ്കരണത്തിനുള്ള പ്രേരണയെന്ന് പറയാം. സ്രഷ്ടാവായ വ്യക്തിമാത്രമല്ല ഈ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. ആസ്വാദകർ കൂടി യാണ്. ആസ്വാദനം പുനഃസൃഷ്ടിയായതിനാൽ കലയിലൂടെ വിമോചനപ്രക്രിയ നിര ന്തരം നടന്നുകൊണ്ടിരിക്കുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം ധാർമ്മികതയുമായി കൂടി ബന്ധ പ്പെട്ടിരിക്കുന്നു. സ്വന്തം ഇച്ഛയോടൊപ്പം സദാചാരത്തെക്കുറിച്ചു കൂടി അവന് ബോധവാ നാവേണ്ടിവരുന്നു. ധർമ്മസങ്കടങ്ങൾ മനുഷ്യന്റെ മാത്രം അവകാശമാണ്. അതുകൊണ്ട് കലയ്ക്ക് സൗന്ദര്യശാസ്ത്രം മാത്രമല്ല, ധർമ്മശാസ്ത്രം കൂടിയുണ്ട്. നല്ല നടപ്പിന്റെ ഉത്ത രവാദിത്വം കയ്യാളിപ്പോരുന്ന അധികാരകേന്ദ്രങ്ങൾ സ്വതന്ത്രഭരണത്തെ സംശയത്തോ ടെയും ഭീതിയോടെയുമാണ് വീക്ഷിച്ചുപോന്നത്. ഒന്നു നോട്ടംതെറ്റിയാൽ വഴിതെറ്റിപ്പോ കുന്നവരാണ് വിശ്വാസികൾ എന്ന് സ്വയം വിശ്വസിക്കുന്നു. തെറ്റായി വ്യാഖ്യാനിച്ചാലോ എന്ന് പേടിച്ച് ഒരു കാലത്ത് ബൈബിൾ വായനപോലും സഭകൾ വിലക്കിയിരുന്നു. ബൈബിൾ വിവർത്തനം ചെയ്ത കുറ്റത്തിനാണ് ടിൻഡേലിനെ ചുട്ടുകൊന്നത്. സ്വതന്ത്ര

മായ എല്ലാ അന്വേഷണങ്ങളെയും സൃഷ്ടികളേയും സഭ സംശയത്തോടെയാണ് നോക്കിയത്.

രാഷ്ട്രീയാധികാരവും വ്യത്യസ്തമല്ല. കാളിദാസൻ ആദർശരാജാവായി പ്രശംസിച്ച ദിലീപിന്റെ പ്രജകളുടെ ഗുണങ്ങളിലൊന്നായി അദ്ദേഹം അവതരിപ്പിക്കുന്നത് പ്രജകൾ രാജാജ്ഞകളിൽ നിന്നും കടുകിട വ്യതിചലിക്കുന്നില്ലെന്നതാണ്. രാഷ്ട്രാധികാരം എപ്പോഴും ആഗ്രഹിക്കുന്നത് അനുസരിക്കുന്ന പ്രജാസഞ്ചയത്തെയാണ്. പക്ഷേ കലാകാരന്മാർ എപ്പോഴും നവവ്യതിയാനങ്ങൾ സങ്കല്പിക്കുകയും അവയുടെ രൂപകല്നയിൽ ആത്മാവ് അർപ്പിക്കുകയും ചെയ്യുന്നു.

സമഗ്രാധിപത്യങ്ങളുടെ സുവർണ്ണകാലം കലയുടെ ചീത്തകാലമായിരുന്നുവെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു. എന്ത്, എങ്ങനെ എഴുതണം എഴുതാമെന്ന് ഭരണകൂടം തീരുമാനിച്ച കാലത്ത് മോസ്കോയിലേയും സെന്റ് പീറ്റേഴ്സ്ബർഗിലേയും ചിന്തകർക്കും എഴുത്തുകാർക്കും ജീവനും കൊണ്ട് പാലായനം ചെയ്യേണ്ടി വന്നു.

ചുരുക്കത്തിൽ സൃഷ്ടിയുടെ സദാചാരത്തിനു കാവലാളാവാൻ അധികാരത്തിന്റെ യാതൊരുരൂപവും നല്ലതല്ല. അധികാരത്തിന്റെ കൂടപ്പിറപ്പാണ് ഭയം. പുതിയതെന്തും അതിനെ പേടിപ്പെടുത്തുന്നു. അവ തങ്ങളുടെ ഇരിപ്പിടം ഇളക്കുമെന്ന് അവർ കരുതുന്നു. ഈ ഭയം ഹിംസയിലേക്ക് നയിക്കുന്നു. ഒതുക്കാനാവാത്തതിനെ ആദരവിന്റെ പ്രലോഭനങ്ങളിലൂടെ വശപ്പെടുത്തുന്നു. സർഗസ്വാതന്ത്ര്യത്തെ കുത്തിയാലും നക്കിയാലും കൊല്ലുക തന്നെ ചെയ്യുന്നു.

നിലവിലുള്ള അതൃപ്തിയാണ് സൃഷ്ടിയുടെ മൗലിക ചോദന. സത്യത്തിൽ സ്വന്തം നിലനിൽപ്പിനുവേണ്ടി അത് പ്രകൃതിയെ പൂരിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സൃഷ്ടിയുടെ ചരിത്രം ചരിത്രത്തെ നിരന്തമായി മാറ്റിയെഴുതുന്നതിന്റെ ചരിത്രമായിത്തീരുന്നു. ആയുധങ്ങൾക്കും പീഢനങ്ങൾക്കും ഭ്രഷ്ടിനും പുരസ്കാരപ്രലോഭനങ്ങൾക്കും ആവിഷ്കരണത്വരയെ അടക്കി നിർത്താൻ കഴിഞ്ഞിട്ടില്ല. എതിർപ്പുകളുടെ മധ്യത്തിൽ തന്നെയാണ് ശ്രേഷ്ഠമായ കലരൂപം കൊള്ളുന്നത്. കലാകാരന്റെ ഏത് സാഹചര്യത്തിലും പഥ്യമായ അപ്രിയസത്യം വിളിച്ചുപറയുന്നു. അയാളുടെ വിരൽ അധർമ്മത്തിന് നേരെ ചൂണ്ടുന്നു.

എം. തോമസ് മാത്യു തന്റെ സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും എന്ന ലേഖനത്തിൽ മതവും അതിന്റെ അധികാരകേന്ദ്രമായ പൗരോഹിത്യവും ആദ്യം മുതലേ സ്വീകരിച്ച നിലപാടുകളെക്കുറിച്ച് പറയുന്നുണ്ട്. വിചിത്രമായ ഒരു രക്ഷാകർത്തൃഭാവമാണ് മതത്തിന്റേതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഒന്നു നോട്ടം തെറ്റിയാൽ വഴിതെറ്റിപ്പോകുന്നവരാണ് വിശ്വാസികൾ എന്നവർ വിശ്വസിച്ചു. അതുകൊണ്ട് അജഗണത്തെ മുഴുവൻ സ്വന്തം വിരൽത്തുമ്പിൽ തൂക്കിയിടാൻ ശ്രദ്ധിച്ചു. കല

കളെ മുഴുവൻ സപ്തതാപത്തിലുൾപ്പെടുത്തി തിരസ്കരിച്ചു. തോമസ് മാത്യു പറയുന്നു: വേദശാസ്ത്രത്തിന്റെ വഴി സ്വർഗ്ഗത്തിലേക്കുള്ള വഴിയേക്കാൾ ഞെരുക്കമുള്ളതാണെന്ന്.

സ്വതന്ത്രമായ എല്ലാ അന്വേഷണങ്ങളേയും പുതിയ എല്ലാ സൃഷ്ടികളെയും സഭ സംശയത്തോടുകൂടിയാണ് നോക്കിയത്. വേദപ്രമാണങ്ങളിലാണ് മറിച്ച് നിരീക്ഷണ പരീക്ഷണങ്ങളിലല്ല അത് തെളിവു നേടിയത്. ഒരു മതവും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. മതമാണോ അതല്ല മതത്തിനുള്ളിൽ വളരുന്ന അധികാരകേന്ദ്രമാണോ ഭയം കാണിക്കുന്നതെന്ന് നമുക്ക് സംശയം തോന്നാം. പ്രപഞ്ചപ്രതിഭാസങ്ങളുടെ പിന്നിലേക്ക് നോക്കാനുള്ള മനുഷ്യന്റെ ജിജ്ഞാസയും അജ്ഞേയതയ്ക്ക് അഭിമുഖമായി നിൽക്കാനുള്ള അവന്റെ ധൈര്യവുമാണ് മതമായി പിറന്നത്. മതം അതിന്റെ സമൂഹഘടനയുടെ സു, സ്ഥിതിക്കുവേണ്ടി തന്റെ സാരാംശമായ ആദ്ധ്യാത്മികതയ്ക്കുപോലും അതിരു കല്പിക്കാൻ തുടങ്ങി. അധികാരം എവിടെയും അളവുകൂടിയാൽ തിന്മയായി മാറും. പുതിയതായി വരുന്നതെന്തും നിലവിലുള്ളതിന്റെ ഘടനയെ ഇളക്കിമറിക്കും. ഒരു പുതിയ ക്രമം അനിവാര്യമാക്കിത്തീർക്കുകയും ചെയ്യും. അതുകൊണ്ട് പുതുമയിലെപ്പോഴും കലാപത്തിന്റെ ഒരംശം ഉണ്ടായിരിക്കും. ഇന്നുവരെ ഇല്ലാത്തതാണെങ്കിലേ സൃഷ്ടിയാവുകയുള്ളൂ. ഏതു സൃഷ്ടിയും വ്യവസ്ഥാപിത തത്വത്തിനെതിരായിരിക്കും. അതുകൊണ്ടാണ് അധികാരം അതിനെ ഭയപ്പെടുന്നത്.

രാഷ്ട്രീയാധികാരവും ആഗ്രഹിക്കുന്നത് അനുസരിക്കുന്ന പ്രജാസഞ്ചയത്തെയാണ്. സത്യധർമ്മങ്ങളുടെ പുതിയ വിതാനങ്ങൾ സങ്കല്പിക്കുകയും അതിന്റെ രൂപകല്പനയിൽ ആത്മാവ് അർപ്പിക്കുകയും ചെയ്യുന്നവൻ സി.ജെ.തോമസ് പറഞ്ഞതുപോലെ ''അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം'' എന്ന് വിശ്വസിക്കുന്നവനായിരിക്കും. പുസ്തകങ്ങൾ ഉണ്ടായ കാലംതൊട്ടേ ഭരണാധികാരം അതിനെ നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നു. 15–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് യൂറോപ്പിൽ അച്ചടിച്ച ഗ്രന്ഥങ്ങൾ പ്രചരിക്കാൻ തുടങ്ങിയത്. റോമിലെ അലക്സാണ്ടർ ആറാമനാണാ ഗ്രന്ഥശോധകന് സെൻസർ–നിയമിച്ചത്. പ്രീസ്റ്റ്ലി തന്റെ സാഹിത്യവും പാശ്ചാത്യമനുഷ്യരും എന്ന പ്രശസ്തഗ്രന്ഥത്തിൽ ഇതിനെക്കുറിച്ചെഴുതിയിട്ടുള്ളത് ശ്രദ്ധേയമാണ്. ''അധികാരം അതിന്റെ സ്വതഃസിദ്ധമായ അന്തർദൃഷ്ടിയാൽ തന്റെ ശത്രുവിനെ തിരിച്ചറിഞ്ഞിരിക്കുന്നു. പുസ്തകം ജനിച്ചിരിക്കുന്നു''എന്നാണ് വിവരിച്ചിട്ടുള്ളത്. കവികളെ രാജ്യത്തുനിന്ന് നിഷ്കാസനം ചെയ്യണമെന്ന് പ്ലേറ്റോയും നിഷ്കർഷിച്ചിരുന്നു. ഇവരെല്ലാം സംസാരിച്ചത് സദാചാരത്തിന്റെയും രാഷ്ട്രഭദ്രതയുടെയും പേരിലാണ്. സൃഷ്ടിയുടെ സദാചാരം ലംഘിക്കപ്പെടാതിരിക്കാൻ കണ്ണിൽ എണ്ണയൊഴിച്ച് കാവൽനിന്നവരാണ് ഇവരെല്ലാം. അധികാരത്തിന് കലാസൃഷ്ടികൾ ഭീഷണിയായിത്തീരുമെന്ന ഭയമാണ് എക്കാലത്തും രാഷ്ട്രീയക്കാർ അതിനെ നിഷേധിക്കുന്നതിന് കാരണമായത്. ഏത് സൃഷ്ടിയും

വ്യവസ്ഥാപിതതത്വത്തിന് എതിരായിരിക്കുമെന്ന് അധികാരം കയ്യാളുന്നവർ മനസ്സിലാക്കി യിരുന്നു.

തോമസ് മാത്യു സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും എന്ന ലേഖനത്തിൽ സമഗ്രാധിപത്യത്തിന്റെ സുവർണ്ണകാലം കലയുടെ ചീത്തക്കാലമായിരു ന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. എന്ത് എങ്ങനെ എഴുതണമെന്നും എഴുതാമെന്നും തീരുമ നിക്കാനുള്ള അധികാരവും അവകാശവും സ്റ്റേറ്റ് കയ്യടക്കിയ കാലമായിരുന്നു അത്. മോസ്കോയിലെയും സെന്റ് പീറ്റേഴ്സ് ബർഗിലെയും ഭാഷാശാസ്ത്രപഠനകേന്ദ്രങ്ങ ളിലെ അംഗങ്ങൾ അനുഭവിച്ച പീഡനവും ഒടുവിൽ അവർ ജീവനുംകൊണ്ട് പാലായനം ചെയ്തതും സോഷ്യലിസത്തിന്റെ ചരിത്രം നിഷേധിക്കുന്നില്ല. സ്റ്റാലിന്റെ കുചേഷ്ടിതമാ ണെന്ന് പറയാനും വയ്യായിരുന്നു. കാരണം ലെനിൻ ''സാഹിത്യകാരന്മാരേ, നിങ്ങൾ ബൂർഷ്വാ പ്രസാധകന്മാരിൽനിന്ന് സ്വതന്ത്രരോ' എന്ന് ഔദ്ധത്യത്തോടെ ചോദിച്ചിരുന്നു. ആ ചോദ്യം ചിന്തയുടെയും ആവിഷ്കരണത്തിന്റെയും പ്രാണനാളിയിൽ പിടിമുറുക്കി ക്കൊണ്ടാണ് ചോദിച്ചത്. ബൂർഷ്വാ പ്രസാധകനിൽനിന്ന് സാഹിത്യകാരനെ രക്ഷിക്കാ നാകാം പുസ്തകപ്രസാധനം സ്റ്റേറ്റിന്റെ കുത്തകയാക്കി മാറ്റി. പിന്നീട് സ്ഥിതി ഏറെ ദയ നീയമായിത്തീർന്നു.

വിപ്ലവത്തിന്റെ ശീലുകൾക്ക് നക്ഷത്രവീര്യം പകർന്ന എവ്തുഷങ്കോവിന്റെ വാക്കു കൾ അതിന് തെളിവാണ്. ''സാമാന്യമായ സത്യസന്ധത സാഹസബുദ്ധിയെന്ന് വിശേഷി പ്പിക്കപ്പെടുന്ന ഈ വിചിത്രദിനങ്ങളെയോർത്ത് പുരുഷാന്തരങ്ങൾ ലജ്ജയാൽ വെന്തുനീ റും'' എന്നാണ് അദ്ദേഹമെഴുതിയത്. പാസ്റ്റർനാക്കിന്റെ അനുഭവങ്ങളും സോൾഷിനി റ്റ്സിന്റെ കഥകളും ആ ദുരന്താവസ്ഥ എടുത്തുകാട്ടുന്നവയാണ്. പിന്നീട് ഔദ്യോഗിക കുമ്പസാരങ്ങളുണ്ടായത് ഈ കഥകളെ സ്ഥിരീകരിക്കുകയും ചെയ്തു. സ്പെയിനിലെ ഉനാമുനോ പ്രസംഗിച്ചുകൊണ്ടിരിക്കെ ഒരു കമ്മിസാർ എഴുന്നേറ്റ് 'ബുദ്ധിജീവികൾക്ക് മരണം' എന്ന് ആക്രോശിച്ചു. അതിനുശേഷം ഉനാമുനോവിനെ ആരും കണ്ടില്ല. എന്തു സംഭവിച്ചു എന്നും അറിയില്ല. സോഷ്യലിസത്തിന്റെ ഉറപ്പിന് ആ രക്തം ആവശ്യമായിരുന്നിരിക്കണം. ഹിറ്റ്ലറുടെ ജർമ്മനിയിൽനിന്ന് ഒളിച്ചോടിയവരാരും സോവിയറ്റ് യൂണിയനിൽ അഭയം തേടാതിരുന്നതും അധികാരത്തിന്റെ അടിച്ചമർത്തലിനെക്കുറിച്ച് ബോധമുണ്ടായി രുന്നതുകൊണ്ടാണ്. സൃഷ്ടിയുടെ സദാചാരത്തിന് കാവലാളാകാൻ അധികാര ത്തിന്റെ യാതൊരു രൂപവും നന്നല്ല എന്ന കാര്യമാണ് ഇതിൽനിന്ന് വ്യക്തമാ വുന്നത്. തങ്ങൾക്ക് അനിഷ്ടകരമായ എന്തിനെയും അമർച്ച ചെയ്യുക എന്നതാണ് അധികാരത്തിന്റെ പ്രകൃതം. മതാധികാരമായാലും ഏകാധിപത്യമായാലും സമഗ്രാധിപത്യമായാലും ഇക്കാര്യത്തിൽ മാറ്റമില്ല.

കലയ്ക്ക് സൗന്ദര്യശാസ്ത്രം മാത്രമല്ല. ധർമ്മശാസ്ത്രവുമുണ്ട് എന്ന് പറയുന്ന തോമസ് മാത്യു പറഞ്ഞ കാര്യങ്ങൾ വിശദീകരിക്കുകയാണ്. ഭാരതീ

യേതിഹാസങ്ങളിൽ ഒരേ കഴിവുള്ളവരും എന്നാൽ അത് വിപരീതോദ്ദേ്യശങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നവരുമായ രണ്ടുപേരെപ്പറ്റി പറയുന്നുണ്ട്. രണ്ടുപേരും ഒരുപോലെ ശില്പവിദ്യാനിപുണരായിരുന്നു. മയാസുരനും വിശ്വകർമ്മാവും. രണ്ടുപേർക്കും സർഗശക്തിയും സൗന്ദര്യാവിഷ്ക്കരണ വൈദ്ഗദ്ധ്യവുമുണ്ടായിരുന്നു. കഴിവ് തുല്യവുമായിരുന്നു. കഴിവിന്റെ വിനിയോഗത്തിലാണ് വിന്യാസമുണ്ടായിരുന്നത്. വിശ്വകർമ്മാവ് തന്റെ കഴിവ് കലാവിലാസത്തിനായി ഉപയോഗിച്ചു. ദൈവത്തിന്റെയും ദേവഗണങ്ങളുടെയും സദ്വൃത്തരുടെയും പ്രീതിക്കു പാത്രമായി. മയനാകട്ടെ കലയുടെ സൗന്ദര്യസാക്ഷാത്കാരത്തെ പരിത്യജിച്ച് കൃത്രമസൂത്രങ്ങൾ അവലംബിച്ചു. ദുഷ്ടന്മാരുടെയും വിശ്വകർമ്മാവ് ദിവ്യശില്പിയും വിസ്മയാവഹമായ സൗന്ദര്യാവിഷ്ക്കർത്താവുമായി പേരെടുത്തു. മയൻ കണ്ണഞ്ചിക്കുന്ന കമനീയതകളെ കാപ്യത്തിനും ചതിക്കുമായി പ്രയോജനപ്പെടുത്തി. കർമ്മവൈപരീത്യം അയാളെ ധർമ്മച്യുതിയിലേക്ക് നയിച്ചു. കാണികളെ ഭ്രമിപ്പിച്ച് വിനാശഗർത്തത്തിലേക്ക് ആഴ്ത്തുന്നതിലാണ് മയന് താല്പര്യം. ദുഷ്ടജനങ്ങളുടെ ഇഷ്ടദാസനായതിനാൽ അവർ അയാൾക്ക് പ്രസിദ്ധിയും പ്രാമാണ്യവും നൽകിയിരിക്കുന്നു. ചതിയന്മാർക്കെല്ലാം അയാളെ ആവശ്യമുണ്ട്. അതുകൊണ്ട് ധാരാളം പണിയും പണവും കീർത്തിയും ലഭിച്ചു. അങ്ങനെ കലയുടെ ലോകത്ത് വിശ്വകർമ്മാവിന്റെ വഴിയും മയന്റെ വഴിയും വൈരുദ്ധ്യത്തോടെ അറിയപ്പെട്ടു. വിശ്വകർമ്മാവ് വിശ്വത്തെ പണിയുകയും മാറ്റിപ്പണിയുകയും ചെയ്ത് വിരാജിച്ചു. മയൻ മാലോകരെ മയക്കിച്ചതിക്കുകയും ചെയ്തു.

ഇവരെ എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നത് പ്രശ്നമാണ്. കലയുടെ ലോകത്ത് ധർമ്മവിചാരം നിർവഹിക്കാൻ അധികാരപ്പെട്ടവർ ആര്? ധർമ്മലംഘനങ്ങളെ ആര് നിരോധിക്കും? ആവിഷ്ക്കരണ സ്വാതന്ത്ര്യത്തിന്റെ രണ്ടാമത്ത് തലവും അതുന്നയിക്കുന്ന പ്രശ്നങ്ങളും ഇതാണ്.

**ഉപന്യാസമെഴുതുക**

ജനാധിപത്യാവകാശങ്ങളുടെയും പൗരസ്വാതന്ത്ര്യത്തിന്റെയും വിശാലലോകമാണ് സൃഷ്ടിയുടേത്, 'സൃഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' ചർച്ച ചെയ്യുന്നത് വിശദീകരിക്കുക.

# തപന്റെ അമ്മ

**ഡോ എം.എം.ബഷീർ**

സാഹിത്യനിരൂപണ രംഗത്ത് തനത് മുദ്രപതിപ്പിച്ച ഡോ എം.എം.ബഷീർ കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാളവിഭാഗം അധ്യാപകനായിരുന്നു. കവിതയിലെ ചില പ്രശ്നങ്ങൾ, ആശാന്റെ പണിപ്പുര, സാഹിത്യാലോചന, കുമാരനാശാന്റെ രചനാശില്പങ്ങൾ തുടങ്ങിയവയാണ് പ്രധാന നിരൂപണങ്ങൾ. ഭാരതത്തിലെ പ്രശസ്ത എഴുത്തുകാരിയായ മഹശ്വേതാദേവിയുടെ 'തപന്റെ അമ്മ' എന്ന നോവലിനെക്കുറിച്ചുള്ള എം.എം.ബഷീറിന്റെ ആസ്വാദനമാണ് ഈ ലേഖനം.

എം.എം.ബഷീറിന്റെ അഭിപ്രായത്തിൽ ഭാരതീയ സാഹിത്യത്തിലെ ഏറ്റവും വലിയ സാഹിത്യകാരിയാണ് മഹാശ്വേതാദോവി. സാധാരണക്കാർക്കും അവശ ർക്കും വേണ്ടി എഴുതുക മാത്രമല്ല അവരുടെ ഉന്നമനത്തിനുവേണ്ടി അവർക്കിട യിൽ ഇറങ്ങി പ്രവർത്തിക്കുകയും ചെയ്യുന്ന എഴുത്തുകാരിയാണ് മഹാശ്വേതാ ദേവി. വാക്കും പ്രവൃത്തിയും സംയോജിപ്പിക്കുന്ന, പൊരുത്തപ്പെടുത്തുന്ന അപൂർവ്വ വ്യക്തിത്വങ്ങളിലൊന്നായി മാറുന്നു അവർ. ഭാഷയുടെയും ശില്പഭംഗി യുടെയും പേരിലല്ല ഒരു സാഹിത്യകൃതി വിലയിരുത്തപ്പെടേണ്ടത് എന്ന അഭിപ്രായമാണ് അവർക്കുള്ളത്. സാഹിത്യം സാഹിത്യമായിത്തീരുന്നത് മനുഷ്യജീവിതത്തിന്റെ പങ്കപ്പാടുകളെയും വേദനകളെയും കാരുണ്യത്തോടെ ആവിഷ്ക്കരിക്കുമ്പോഴാണെന്ന് അവർ ഉറച്ചുവിശ്വസിക്കുന്നു. നിന്ദിതരും പീഡിതരുമായ മനുഷ്യരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി സാഹിത്യത്തെ പ്രയോജനപ്പെടുത്തുമ്പോഴാണ് സാഹിത്യം അതിന്റെ കർത്തവ്യം നിറവേറ്റുന്നത്. മഹാശ്വേതാദേവിയുടെ അഭിപ്രായത്തിൽ എഴുത്തുകാരന് പ്രതിബദ്ധത വേണ്ടത് പാർട്ടിയോടോ ഐഡിയോളജിയോടോ അല്ല മനുഷ്യരാശിയോടും ലോകത്തോടുമാണ്. മഹാശ്വേതാദേവി ഒരു പാർട്ടിയിലും അംഗത്വമെടുത്തിട്ടില്ല. ഒരു തത്ത്വശാസ്ത്രത്തിലും അവർ അന്ധമായി വിശ്വസിക്കുന്നില്ല. അവരുടെ എഴുത്തും ജീവിതവും താൻ ജീവിക്കുന്ന കാലഘട്ടത്തിലെ മർദ്ദിതരും പീഡിതരുമായ നിന്ദിതവർഗത്തിനുവേണ്ടിയാണ് മാറ്റിവെച്ചിരിക്കുന്നത്.

## ലേഖനസാരം

മഹാശ്വേതാദേവിയുടെ വളരെ പ്രശസ്തമായ തപന്റെ അമ്മ എന്ന നോവലിൽ സമ്പന്നർ തങ്ങളുടെ സ്വാർത്ഥതയ്ക്കുവേണ്ടി കൊലയാളിയാക്കി മാറ്റിയ ഒരു മകന്റെയും ആ മകനെ വളരെയധികം സ്നേഹിക്കുകയും അവനോടൊപ്പം ജീവിക്കുകയും ചെയ്യുന്ന ഒരമ്മയുടേയും കഥപറയുന്നു. പണവും കൈക്കരുത്തും സ്വാധീനമുള്ളവർ എല്ലാ കൊള്ളരുതായ്മകളും ചെയ്തതിന്നുശേഷം മാന്യരായി

ജീവിക്കുന്നതുകാണുമ്പോൾ മഹാശ്വേതാദേവിയെപ്പോലുള്ള ഒരെഴുത്തുകാരിക്ക് അവരുടെ തനിനിറം സമൂഹത്തിനു മുമ്പിൽ തുറന്നുകാണിക്കാതിരിക്കാൻ കഴിയില്ല.

മനുഷ്യനും മനുഷ്യത്വവും രാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അപ്പുറത്താണ് മഹാശ്വേതാദേവിയെ സംബന്ധിച്ചിടത്തോളം. മഹാശ്വേതാ ദേവിയുടെ അഭിപ്രായത്തിൽ ജീവിതം കൂട്ടലോ കിഴിക്കലോ അല്ല. രാഷ്ട്രീയ ക്കളിക്കുവേണ്ടിയുമല്ല മനുഷ്യജീവിതം. അവരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയപദ്ധതികളും മതസംഹിതകളും മനുഷ്യന്റെ നിലനില്പിനും നീതിക്കും വേണ്ടിയുള്ള അവകാശം സാക്ഷാത്കരിക്കാനുള്ളവ മാത്രമാണ്. സങ്കുചിതമായ പാർട്ടിരാഷ്ട്രീയത്തിൽ താൻ വിശ്വസിക്കുന്നില്ല എന്നു പറയുന്ന മഹാശ്വേതാദേവി ഇന്നത്തെ സാമൂഹികാവസ്ഥയ്ക്ക് മാറ്റം വേണമെന്ന ഉറച്ച ചിന്താഗതിക്കാരിയാണ്.

സ്വാതന്ത്ര്യം കിട്ടിയിട്ട് അറുപതു വർഷം കഴിഞ്ഞിട്ടും നാടിന്റെ അടിസ്ഥാനപ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നതിൽ അസംതൃപ്തയാണവർ. ഭക്ഷണവും കുടിവെള്ളവും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യവും ഇന്നും ഭൂരിപക്ഷം പേർക്കും അപ്രാപ്യമാണ്. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർന്നിട്ടുമില്ല. അതിന് ശ്രമിക്കാത്ത ഭരണകൂടങ്ങളെ അംഗീകരിക്കാൻ അവർ ഒരുക്കവുമല്ല. രാജ്യത്തിലെ ഇത്തരം അനാസ്ഥകളോടുള്ള പ്രതിഷേധം അവരുടെ മനസ്സിൽ ഒടുങ്ങാത്ത പകയും വിദ്വേഷവുമായി ഉറഞ്ഞുകിടപ്പുണ്ട്. അതിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടാണ് അവരുടെ ഓരോ സാഹിത്യരചനയും ജന്മം കൊള്ളുന്നത്. വലതുപാർട്ടികളായാലും ഇടതുപാർട്ടി കളായാലും ആരും പാവ പ്പെട്ടവരോടുള്ള കടമ നിറവേറ്റിയിട്ടില്ല. താൻ ജീവിച്ചിരു ക്കുന്ന കാലത്ത് അതൊന്നും കാണാൻ കഴിയുമെന്ന വിശ്വാസവും അവർക്കില്ല. സ്വയം ലജ്ജിക്കാ തിരിക്കാൻവേണ്ടി താൻ ജീവിച്ചിരിക്കുന്ന കാലം മുഴുവൻ മനുഷ്യരുടെ പ്രശ്നങ്ങളെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുമെന്നവർ പറയുന്നു. കാരണം എഴുത്തുകാർ അവർ ജീവിച്ചിരിക്കുന്ന കാലത്തുതന്നെ വിലയിരു ത്തപ്പെടു ന്നവരാണ്. എല്ലാം കണ്ടും കേട്ടും ഇരിക്കുമ്പോഴും നിശ്ശബ്ദരായിരി ക്കുന്നത് ഒരു എഴുത്തുകാരനും എഴുത്തികാരിക്കും ഭൂഷണമല്ല. അതുകൊണ്ട മരിക്കുന്നതുവരെ താൻ ഇത്തരം അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ തൂലിക ചലിപ്പി ക്കുമെന്നവർ വ്യക്തമാക്കുന്നു.

കള്ളനും കൊലപാതകിയുമായ മകനോടുള്ള ഒരമ്മയുടെ നിഷ്കളങ്കവും പാവനവുമായ സ്നേഹത്തിന്റെ കഥയെന്നോ, സമ്പന്നർ കൊലയാളിയാക്കി വളർത്തുകയും തങ്ങളുടെ കളിപ്പാവയാക്കി മാറ്റുകയും ചെയ്ത തീഷ്ണയൗവനത്തിന്റെ കഥയെന്നോ വിശേഷിപ്പിക്കാവുന്ന ഒരു നോവലാണ് 'തപന്റെ അമ്മ' . തപന് വീട്ടിൽനിന്ന് സ്നേഹം ലഭിച്ചില്ല. അച്ഛനും സഹോദരനും അവനെ പരിഗണിച്ചില്ല. തെരുവിൽ ദാദയായി വളർന്ന അവനെ അമ്മമാത്രം സ്നേഹിച്ചു. കുതറിമാറാനാവാത്ത

വിധം ഗുണ്ടായിസത്തിന്റെ പിടിയില മർന്നുപോയ അവന്റെ തകർന്ന ജീവിതത്തിലെ ഒരേയൊരാശ്വാസം അമ്മയായിരുന്നു. തപൻ മനസ്സിൽ പറഞ്ഞുകൊണ്ടേയിരുന്നു. 'അമ്മേ, നിങ്ങൾ ചെയ്യുന്നത് ശരി, ഞാൻ ചെയ്യുന്നതെല്ലാം തെറ്റ്' അമ്മക്ക് തണലാവാൻ അവന് ആഗ്രഹമുണ്ട്. മറ്റ് ആൺമക്കളുടെ കൂടെ പോകാൻ അമ്മയോട് അവൻ നിർദ്ദേശിക്കുന്നു. എത്രപണംവേണമെങ്കിലും എത്തിക്കാമെന്ന് പറഞ്ഞുനോക്കുന്നു. ഞാൻ കൂടിപോയാൽ നിനക്ക് പിന്നെ ആരുമുണ്ടാവില്ലെന്നായിരുന്നു സ്നേഹനിധിയായ് ആ അമ്മയുടെ മറുപടി. അമ്മയെക്കുറിച്ചോർത്ത് അവൻ വിതുമ്പി. താൻ അകപ്പെട്ട കെണിയിൽനിന്നും മോചനം നേടാനാവില്ലല്ലോ എന്നോർത്ത് അവൻ വേദനിച്ചു.

തെരുവിൽ ദാദയാണെങ്കിലും അവൻ സ്ത്രീകളെ ഉപദ്രവിച്ചില്ല. കൂടെയുള്ളവരെ അതിന് അനുവദിച്ചതുമില്ല ആരോരുമില്ലാത്തവർക്കും അവൻ താങ്ങായി. പാവപ്പെട്ട ഒരു സ്ത്രീയെ രക്ഷിക്കാനായി തപൻ എതിർഗുണ്ടകളോട് ഏറ്റുമുട്ടി മരിക്കുന്നു. അതുവരെ മകനെക്കുറിച്ചോർത്ത് തലതാഴ്ത്തി നടന്ന അമ്മ അന്ന് അഭിമാനത്തോടെ തലയുയർത്തി നടന്നു. ഒരു പെൺകുട്ടിയെ വേശ്യയാകുന്നതിൽ രക്ഷിക്കാൻ വേണ്ടിയാണ് തന്റെ മകൻ ജീവത്യാഗം ചെയ്തതെന്ന് ആ അമ്മ ഓർത്തു.

സങ്കുചിത രാഷ്ട്രീയത്തിൽ വിശ്വസിക്കാത്ത എഴുത്തുകാരി സാമൂഹി കാവസ്ഥയ്ക്ക് മാറ്റം വരാൻ ആഗ്രഹിക്കുന്നു. പാവപ്പെട്ടവന്റെ ജീവിതനിലവാരം ഉയർത്താനാവാത്ത ഒരു ഭരണകൂടത്തെയും അവർ അംഗീകരി ക്കുന്നില്ല. സ്വയം വിശദീകരിക്കാനുള്ള ഒരു ബാധ്യതയെന്ന നിലയ്ക്കാണ് മനുഷ്യരുടെ പ്രശ്നങ്ങളെ ക്കുറിച്ച് അവൾ എഴുതികൊണ്ടേയിരുന്നത്.

തപന്റെ അമ്മ എന്ന നോവലിലെ മകൻ കള്ളനും കൊലപാതകിയുമാണ്. സമ്പന്നർ അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ച് നശിപ്പിച്ചതാണ് ആ ചെറുപ്പക്കാരന്റെ ജീവിതം. തപന് വീട്ടിൽനിന്ന് സ്നേഹം ലഭിച്ചില്ല. അച്ഛനും സഹോദരങ്ങളും അവനെ തള്ളിക്കളഞ്ഞു. വെറുക്കുകയും ചെയ്തു. അവനൊരിക്കലും അവരിൽനിന്ന് ഒന്നും പ്രതീക്ഷിക്കാനും കഴിയുമായിരുന്നില്ല. എല്ലാവരും വെറുത്തിട്ടും അമ്മ മാത്രം അവനെ സ്നേഹിച്ചു. സാഹചര്യങ്ങളുടെ കുത്തൊഴുക്കിൽ തകർന്നുപോയ മകന്റെ ജീവിതത്തിനവർ കാവൽനിന്നു. ഒറ്റപ്പെട്ടവനായ അവന്റെ ജീവിതത്തിൽ സമാശ്വാസമായത് അമ്മയുടെ സ്നേഹം മാത്രമായിരുന്നു. തെരുവുഗുണ്ടകളുടെ പിടിയിൽ അമർന്നുപോയ അവന്റെ ജീവിതം ഒരു ദാദയുടേതായിരുന്നു. ഒരിക്കൽ കുടുങ്ങിയാൽ പിന്നെ ആ കുടുക്കിൽനിന്ന് ഊരിപ്പോരാൻ കഴിയാത്തവിധം കുടുക്കുകൾ മുറുകിക്കൊണ്ടേയിരിക്കുന്ന ഒന്നാണ് ഒരു ഗുണ്ടയുടെ ജീവിതം. തന്നെ സ്നേഹിക്കുന്ന അമ്മയെ അവരുടെ ദു:ഖങ്ങളിൽനുന്നും അസ്വസ്ഥതകളിൽനിന്നും മോചിപ്പിക്കണമെന്ന് അവന്ന് ഏറെ ആഗ്രഹമുണ്ട്. അതുകൊണ്ടവൻ അമ്മയെ നിർബന്ധിക്കുന്നുമുണ്ട്. തന്നെ ഉപേക്ഷിച്ച് മറ്റു മക്കളുടെ

അടുത്തുപോയി സ്വസ്ഥമായി ജീവിക്കാൻ. മറ്റ് ആൺമക്കളോടൊപ്പം ജീവിച്ചാൽ മതി എത്ര പണം വേണമെങ്കിലും താനെത്തിച്ചുതരാമെന്നും തപൻ പറഞ്ഞുനോക്കി. നിനക്കാരുമുണ്ടാകില്ല ഞാൻകൂടി പോയാൽ എന്നുപറഞ്ഞ് അമ്മ അവനോടൊപ്പം നിന്നും. അമ്മയുടെ കാര്യം ഒരിക്കലും ചിന്തിക്കാത്ത മകനാണ് താനെന്നും തെറ്റുമാത്രം ചെയ്യുന്ന താൻ ശരിമാത്രം ചെയ്യുന്ന അമ്മയ്ക്ക് സ്നേഹിക്കാൻ പറ്റിയവനല്ലെന്നും അവൻ പറഞ്ഞുനോക്കി. അമ്മ മറുപടി പറഞ്ഞത് കുറ്റബോധത്തോടെയാണ്. നിനക്കുവേണ്ടി ഒന്നും ചെയ്തുതരാൻ അമ്മയ്ക്കു കഴിഞ്ഞില്ല എന്നായിരുന്നു അവരുടെ ദു:ഖം.

അമ്മയുടെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കിയ കവലച്ചട്ടമ്പിയും കൂലിത്തല്ലുകാരനുമായ ആ മകൻ ദു:ഖത്തോടെ അമ്മയെക്കുറിച്ചോർത്ത് മനസ്സിൽ വിതുമ്പി. തന്റെ തലയിൽ വന്നുവീണ നശിച്ച ജീവിതത്തിൽനിന്ന് മടങ്ങിവരാനാവില്ല എന്നോർത്ത് അവൻ വേദനിച്ചു.

തപന്റെ അമ്മ പൊട്ടിത്തെറിക്കുന്നുണ്ട്. തന്റെ മകന്റെ കയ്യിൽ കത്തിയെടുത്തുകൊടുത്തത് ഭവാനിബാബു എന്ന പണക്കാരനാണ്. കൊലയാളി യായ തന്റെ മകൻ കൊല്ലപ്പെട്ടു. പക്ഷേ ഭവാനിബാബു ഇനിയും കൊലയാളികളെ സൃഷ്ടിക്കും. കൊല ചെയ്യിക്കുകയും ചെയ്യും. അവർ എന്നും രക്ഷപ്പെട്ട് സമൂഹത്തിനുമുമ്പിൽ മാന്യരായി ജീവിക്കുകയും ചെയ്യും. നിയമം സംരക്ഷിക്കുന്നു എന്നു ഭാവിക്കുന്ന പോലീസ് ഇസ്പെക്ടറോട് തപന്റെ അമ്മ ചോദിക്കുന്ന ‘‘ഇതെന്ത് നിയമമാണ്. ഇതെന്നത് വിധിയാണ് ഇൻസ്പെക്ടർ സാബ്’’.

മഹാശ്വേതാദേവി തപന്റെ അമ്മ എന്ന കഥാപാത്രത്തിലൂടെ ചോദിക്കുന്ന ചേദ്യം ഈ രാജ്യത്തിലെ നിയമവ്യവസ്ഥയോടും ഭരണവ്യവസ്ഥയോടും മനുഷ്യസ്നേഹിയായ ഒരെഴുത്തുകാരിയെന്ന നിലയിൽ തനിക്കുതന്നെ ചോദിക്കാനുള്ള ചോദ്യമാണ്. നിരാശരായ പാവപ്പെട്ട യുവാക്കളെ നായകന്മാരെ അവർ തുറന്നുകാട്ടുന്നു. മോഹങ്ങളിൽപ്പെട്ട്, സുഖജീവിതം കാംക്ഷിക്കുന്ന, അവരുടെ വലകളിൽ വീണുപോകുന്ന യുവാക്കളേയും അവർ നിറക്കൂട്ടികളില്ലാതെ അവതരിപ്പിക്കുന്നു. അത്തരക്കാരായ യുവാക്കളുടെ അമ്മമാരുടെ പ്രതിനിധിയാണ് തപന്റെ അമ്മ. കുറ്റം തപന്റേതല്ല അവനെ അങ്ങനെയാക്കിത്തീർക്കുന്ന വ്യവസ്ഥിതിയുടേതാണ്.

**ഉപന്യാസമെഴുതുക**

മഹാശ്വേതാദേവിയുടെ നിലപാടുകളാണ് തപന്റെ അമ്മ എന്ന നോവലിൽ ചർച്ച ചെയ്യുന്നത്. വിലയിരുത്തുക.

# ഇതിഹാസ കഥാപാത്രങ്ങൾ

## കുട്ടികൃഷ്ണമാരാർ

സാഹിത്യനിരൂപണ രംഗത്ത് മൗലികമായ രചനകളിലൂടെ ശ്രദ്ധേയനായ എഴുത്തുകാരനാണ് കുട്ടികൃഷ്ണമാരാർ. കൃത്യവും കണിശവുമായ താർക്കിക യുക്തിയിലകപ്പെട്ട വിമർശനങ്ങൾ വിശദീകരിച്ച എഴുത്തുകാരനാണ് അദ്ദേഹം ആദ്ധ്യാത്മിക വിഷയങ്ങളിൽ മാത്രമല്ല വൃത്തശാസ്ത്രം, അലങ്കാരം തുടങ്ങിയ മേഖലകളിലുള്ള മാരാരുടെ അവഗാഹം അത്ഭുതപ്പെടുത്തുന്നതാണ്. കല കലയ്ക്കു വേണ്ടിയോ ജീവിതത്തിനുവേണ്ടിയോ എന്ന സംവാദതലത്തിൽ കല ജീവിതം തന്നെയാണ് എന്നു സമർത്ഥിക്കാൻ മാരാർക്ക് പ്രയാസമുണ്ടായിരുന്നില്ല.

**പ്രധാന കൃതികൾ**: സാഹിത്യഭൂഷണം, സാഹിത്യസല്ലാപം, മലയാളശൈലി, വൃത്തശില്പം, ദന്തഗോപുരം, സാഹിത്യവിദ്യ, കല ജീവിതം തന്നെ, ഭാരതപര്യടനം തുടങ്ങിയവയാണ് പ്രധാനകൃതികൾ.

### ലേഖനസാരം

കുട്ടികൃഷ്ണമാരാർ ഇതിഹാസ കഥാപാത്രങ്ങൾ എന്ന നിരൂപണത്തിൽ രാമായണത്തിലെയും മഹാഭാരതത്തിലയും ഇതിഹാസ കഥാപാത്രങ്ങളുടെ സാധുത വിലയിരുത്തുകയാണ്. ഇതിഹാസങ്ങളിലെ നായകന്മാർ സർവ്വഗുണസമ്പന്നരും പ്രതിനായകന്മാർ എല്ലാ ദുർഗുണങ്ങളുടെയും ആചാര്യന്മാരുമാണെന്നാണ് സാധാരണ ജനങ്ങൾ കരുതുന്നതെന്ന് മാരാർ അഭിപ്രായപ്പെടുന്നുണ്ട്. നന്മതിന്മകൾ നിറഞ്ഞതാണ് സാധാരണമനുഷ്യരുടെ സ്വഭാവം. ഇതിഹാസകഥാപാത്രങ്ങളെ സൃഷ്ടിക്കുമ്പോൾ ഇതിഹാസകാരന്മാർ മനുഷ്യരുടെ സ്വഭാവങ്ങൾക്കു സമാനമായ ദൗർബ്ബല്യങ്ങളുടെ പഴുതുകൾ ഇതിഹാസകഥാപാത്രങ്ങൾക്കും നല്കിയിട്ടുണ്ടെന്നാണ് മാരാരുടെ അഭിപ്രായം. അവരൊന്നും കേവലാദർശപാത്രങ്ങളല്ലെന്നും യഥാർത്ഥമനുഷ്യന്റെ കുറച്ചധികം വലുപ്പംകൂടിയ ക്ലോസപ്പുകളാണെന്നും അദ്ദേഹം പറയുന്നുണ്ട്. എം. പി. പോളിന്റെ അഭിപ്രായത്തിൽ ഇതിഹാസങ്ങളിലേയും മഹാകാവ്യങ്ങളിലേയും നായകർ മാതൃകാപുരുഷന്മാരാണ്. നായികാനായകന്മാർ എല്ലാ സദ്ഗുണങ്ങളുടെയും ഉത്തമ മാതൃകയായിരിക്കും. അസൽ പാത്രങ്ങളിലാവട്ടെ സർവദുർഗുണങ്ങളും ഒത്തുചേർന്നിരിക്കും. സാധാരണ ജീവിതത്തിൽ ഇങ്ങനെയുള്ളവർ കാണപ്പെടുന്നില്ല. ഈ കഥാപാത്രങ്ങൾ സാധാരണ മനുഷ്യസ്വഭാവത്തിന് വിരുദ്ധരോ അതീതരോ ആണ്. അത്തരം കഥാപാത്രങ്ങളേക്കാൾ മനസ്സിൽ ഇടം നേടുന്നത് ഗുണദോഷസങ്കലിതരായ യഥാർത്ഥമനുഷ്യരുടെ ഭാവങ്ങൾ പേറുന്ന കഥാപാത്രങ്ങളാണെന്ന് എം. പി. പോൾ നിരീക്ഷിക്കുന്നു.

കുട്ടികൃഷ്ണമാരാർ ഈ നിരീക്ഷണത്തെ 'ഇതിഹാസകഥാപാത്രങ്ങൾ' എന്ന പഠനത്തിൽ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. യഥാർത്ഥ മനുഷ്യജീവിതവും സ്വഭാവവും ചിത്രീകരിക്കപ്പെട്ട അസംഖ്യം സാഹിത്യകൃതികളേക്കാൾ ഇതിഹാസ കഥാപാത്രങ്ങളാണ് പൊതുജനഹൃദയത്തിൽ പതിഞ്ഞു കിടക്കുന്നത് എന്നാണ് മാരാരുടെ അഭിപ്രായം. ഭാരതീയർക്ക് ഇതിഹാസകഥാപാത്രങ്ങൾ അയൽവീട്ടുകാരെപ്പോലെ സുപരിചിതരാണ്. സാധാരണക്കാർ ഈ പരിചയം പാരായണം കൊണ്ടുമാത്രമല്ല, പലപ്പോഴും കേട്ടുകേൾവികൊണ്ടുകൂടിയാണ് ഈ കഥാപാത്രങ്ങളെ ഭാരതീയർ കൂടെ കൊണ്ടുനടക്കുന്നതു കാണുമ്പോൾ ഇതിഹാസകാരന്മാർ ഏറ്റവും നല്ല മനഃശാസ്ത്രജ്ഞരാണെന്ന് നമ്മൾ ചിന്തിച്ചുപോകും. നന്മതിന്മകൾ ആപേക്ഷികമാണെന്നിരിക്കെ സാധാരണ ജീവിതത്തിൽ അവ വകതിരിക്കുക പ്രയാസമാണെന്ന് നമുക്ക് ബോധ്യപ്പെടും. ഇതിഹാസകഥാപാത്രങ്ങളിലെ നന്മതിന്മകളും സൂക്ഷ്മനിരീക്ഷണത്തിൽ പോലും തീർപ്പുകല്പിക്കാനാവാത്തവിധം കുഴഞ്ഞുമറിഞ്ഞു കിടക്കുന്നതാണെന്ന് ബോധ്യപ്പെടും. അവർ വെറും ആദർശവ്യക്തിത്വങ്ങളല്ലെന്നും യഥാർത്ഥ മനുഷ്യരുടെ കുറച്ചധികം വലിയ ക്ലോസപ്പുകളാണെന്നു ആഴത്തിലുള്ള വിശകലനത്തിൽ കാണാനാകും.

രാമായണത്തിലെ മുഖ്യകഥാപാത്രങ്ങളുടെ മാനുഷികമായ ദൗർബല്യങ്ങളാണ് കഥാഗതിയുടെ ഒഴുക്കിന് ആക്കം കൂട്ടുന്നതെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. സീതയിൽ പാതിവ്രത്യവും രാമനിൽ പിതൃഭക്തിയും ഭ്രാതൃസ്നേഹവും, പ്രജാരഞ്ജനവും മുന്തിനിൽക്കുന്നു. എന്നാൽ ഈ കല്പിത ഗുണങ്ങളിൽ വന്നുപെടുന്ന മാനുഷികമായ പുഴുക്കുത്തുകൾ മാരാർ ചൂണ്ടിക്കാണിക്കുന്നു. സീത തനിക്കു കാവൽ നിന്ന ലക്ഷ്മണനെ തെറിപറഞ്ഞ് ആട്ടിയകറ്റിയില്ലായിരുന്നുവെങ്കിൽ രാമായണം ആരണ്യകാണ്ഡത്തോടെ അവസാനിക്കുമായിരുന്നുവെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. ലക്ഷ്മണനെ ആട്ടിയകറ്റിയതുകൊണ്ടാണല്ലോ രാവണന് എളുപ്പത്തിൽ സീതയെ കട്ടുകൊണ്ടുപോവാനായത്. ലക്ഷ്മണനോടുള്ള ദുർഭാഷണം സീതയെ സതീത്വം കൈവെടിഞ്ഞ ഒരു സാധാരണ സ്ത്രീയാക്കി മാറ്റുന്നു.

രാമന്റെ കാര്യവും വിഭിന്നമല്ല. അച്ഛന്റെ വാഗ്ദാന പാലനത്തിനുവേണ്ടി രാജാധികാരം വലിച്ചെറിഞ്ഞു കാട്ടിലേക്കുപോയ ത്യാഗിയായ മകൻ എന്നതാണ് രാമന്റെ മുഖ്യഭാവം. എന്നാൽ സർവഗുണ സമ്പന്നനായ രാമനും തനിമനുഷ്യനായി തീരുന്ന ചില സന്ദർഭങ്ങൾ മാരാർ ചൂണ്ടിക്കാട്ടുന്നു. പട്ടാഭിഷേകം മുടങ്ങിപ്പോയതിലുള്ള ദുഃഖം സീതയുടെ മുമ്പിൽ മറയില്ലാതെ പുറത്തേക്കൊഴുകുന്നതാണ് ഇതിന് നിദർശനമായി മാരാർ മുന്നോട്ടുവെക്കുന്ന സന്ദർഭം. കാട്ടിലേക്ക് അനുയാത്ര ചെയ്ത അയോദ്ധ്യാവാസികളെല്ലാം തിരിച്ചുപോയപ്പോൾ ലക്ഷ്മണനോട് രാമൻ പിതാവിനെ കുറ്റപ്പെടുത്തി സംസാരിക്കുന്നുണ്ട്. വിച്ഛിന്നാഭിഷേകത്തിനും കാരണഭൂതരായ ഭരതനേയും കൈകേയിയേയും കുറ്റപ്പെടുത്തുന്ന ഒന്നിലധികം സന്ദർഭങ്ങൾ രാമായണത്തിലുണ്ടെന്ന് മാരാർ

വ്യക്തമാക്കുന്നു. ചിത്രകൂടത്തിലിരിക്കെ തന്നെ സന്ദർശിക്കാനെത്തിയ ഭരതനോട് തെറ്റിദ്ധാരണയോടെയാണ് രാമൻ പെരുമാറുന്നത്. രാമന്റെ പിതൃഭക്തിയിലും ഭ്രാതൃസ്നേഹത്തിലും പ്രജാരഞ്ജനത്വത്തിലും കാണുന്ന ഈ വൈരുദ്ധ്യങ്ങൾ ഇതിഹാസ കഥാപാത്രങ്ങളിലെ യഥാർത്ഥ മനുഷ്യത്വത്തിന്റെ ചിത്രീകരണത്തിനുള്ള ഉദാഹരണങ്ങളാണ്.

പ്രതിനായകനായ രാവണൻ 'ഒരു മനുഷ്യനുണ്ടാകാൻ പാടുള്ള സകലദുർഗുണങ്ങളും നിറഞ്ഞവനല്ലെന്ന്' ശ്രീ ഹനുമാൻ തന്നെ വിളിച്ചു പറയുന്നത് മാരാർ ചൂണ്ടിക്കാട്ടുന്നു. സുന്ദരകാണ്ഡത്തിൽ ഹനുമാൻ രാവണന്റെ രൂപത്തേയും ധൈര്യത്തേയും ഓജസ്സിനേയും പ്രകീർത്തിക്കുന്നു. സർവ്വലക്ഷണയുക്തനെന്ന് പ്രശംസിക്കുന്നു. രാവണന്റെ അധർമ്മം ലോകരാവണത്വമാണോ ത്രൈലോക്യവിജയമാണോ എന്ന് മാരാർ അന്വേഷിക്കുന്നു. ദിഗ്വിജം നേടുന്ന ചക്രവർത്തിമാർ ബഹുമാനിതരാകുമ്പോൾ മൂന്നുലോകവും ജയിച്ച രാവണൻ എന്തുകൊണ്ട് ബഹുമാനിതനാവുന്നില്ലെന്ന് മാരാർ ചോദിക്കുന്നു. രാവണനെ കെട്ടിയിട്ട കാർത്തവീര്യാർജ്ജുനനനെ നാം ബഹുമാനിക്കുമ്പോൾ അതിന്റെ മുക്കാൽപങ്കുപോലും ഇന്ദ്രനെ കെട്ടിയിട്ട രാവണന് നാം നൽകുന്നില്ല. നമ്മൾ ബഹുമാനിച്ചാലും ഇല്ലെങ്കിലും രാമൻ അതു ചെയ്തിട്ടുണ്ടെന്ന് കാളിദാസൻ രഘുവംശത്തിൽ പറഞ്ഞിട്ടുണ്ട്.

ദേവശത്രുവായ രാവണൻ ദേവാരാധകരായ തപസ്വികളെ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ അത് ദണ്ഡനീതി മാത്രമായി കാണാനേ പറ്റൂ എന്ന് മാരാർ പറയുന്നു. രുഗ്മിണീ ഹരണകർത്താവായ ശ്രീകൃഷ്ണൻ മുതൽ അനേകം ബഹുഭാര്യന്മാരെ ആരാധിച്ചും ആദരിച്ചും പോരുന്ന നാം രാവണനെ മാത്രം അതിന്റെ പേരിൽ കുറ്റം പറയുന്നതെന്തിനാണ് എന്നും മാരാർ ചോദിക്കുന്നു.

രാമായണത്തെ നാലു കൂട്ടു സഹോദരന്മാരുടെ കഥ എന്ന നിലക്കും മാരാർ നോക്കി കാണുന്നുണ്ട്. രാമലക്ഷ്മണാദികൾ, ബാലിസുഗ്രീവന്മാർ, രാവണകുംഭകർണ്ണവിഭീഷണന്മാർ, സമ്പാദി ജടായുക്കൾ എന്നിങ്ങനെയുള്ള കൂട്ടു സഹോദരന്മാരിൽ ഏറ്റവും ഉത്തമം ഒടുവിലത്തേതാണെന്ന് മാരാർ കരുതുന്നു. ഭരതലക്ഷ്മണന്മാരുടെ ജ്യേഷ്ഠനുവേണ്ടിയുള്ള സഹനം സമ്പാതി അനുജനുവേണ്ടി ചെയ്ത അത്രയും മഹത്തരമെന്ന് പറഞ്ഞുകൂടാ. അനുജനായ ജടായുവിനെ രക്ഷിക്കാനായി സമ്പാതി ജീവത്യാഗം ചെയ്തു. ജടായുവാകട്ടെ സീതയെ രക്ഷിക്കാൻ രാവണനെ വഴിമുടക്കുന്നതിനിടെ സ്വർഗം പൂകി. വാനരഭ്രാതാക്കളുടെ കഥയിൽ അനുജൻ, ജ്യേഷ്ഠനെ കൊല്ലിക്കയാണുണ്ടായത്. തെറ്റിദ്ധാരണയാണ് ജ്യേഷ്ഠന്റെ മരണത്തിന് കാരണമായത് എന്നത് കഥാസന്ദർഭത്തെ ഏറ്റവും ശോകപൂർണവും ഹൃദയക്ഷോഭവകവുമാക്കി തീർക്കുന്നു. രാക്ഷസസഹോദരന്മാരുടെ കഥയിൽ ജ്യേഷ്ഠൻ (രാവണൻ) അന്യന്റെ ഭാര്യയെ കട്ടുകൊണ്ടുപോകുന്നതിനെ അനുജന്മാർ (കുംഭകർണനും വിഭീഷണനും) ഒരുപോലെ എതിർക്കു

ന്നുണ്ട്. കുംഭകർണ്ണൻ ജ്യേഷ്ഠനുവേണ്ടി യുദ്ധം ചെയ്ത് കൊല്ലപ്പെടുന്നു. വിഭീഷണൻ ജ്യേഷ്ഠന്റെ അനീതിക്കെതിരെ രാമലക്ഷ്മണന്മാരോട് ചേരുന്നു.

ജ്യേഷ്ഠന്റെ പരദാരമോഷണത്തെ കുംഭകർണ്ണനും വിഭീഷണനും എതിർക്കുന്നു ണ്ടെങ്കിലും കുംഭകർണ്ണൻ ജ്യേഷ്ഠനു വേണ്ടി പടപൊരുതി ജീവനൊടുക്കുന്നുണ്ട്. തന്നോട് വിശ്വാസവഞ്ചന കാണിച്ച വിഭീഷണനെ രാവണൻ ഒരുതരത്തിലും ദ്രോഹിക്കു ന്നില്ല.

(ലേഖനത്തിലുള്ള സംസ്കൃതശ്ലോകങ്ങളുടെയും ഉദ്ധരണികളുടെയും ഏകദേശ വിവർത്തനം).

**രാമായണം**

സുദുഷ്ട്ത്വം – ദുഷ്ടനായ നീ വനത്തിൽ രാമനെ അനുസരിക്കാത്തതെന്ത്. അതോ നീ എന്നെ ഒളിഞ്ഞ് സംരക്ഷിക്കാൻ ഭരതനാൽ നിയുക്തനായവനാണോ.

അത്യുൽക്കടൈ – ലോകൈക കാര്യങ്ങളിലോ സമ്പത്തിലോ എനിക്ക് താൽപര്യമശ്ലേഷ മില്ല. ധർമ്മം പ്രവർത്തിക്കുന്നവനും വിലരായ ഋഷികൾക്ക് തുല്യനായി എന്നെ കണ്ടാ ലും.താം ദുഷ്ട്വാ – സീതയെ കണ്ടപ്പോൾ, ധർമിഷ്ഠനായ രാമൻ തന്റെ മനോഗതം മറ ച്ചുവെച്ചു. സീതക്കുമുമ്പിൽ തന്റെ ദുഃഖം നിയന്ത്രിക്കുവാൻ രാമൻ പാടുപെട്ടു.

കോ ഹ്യവിദ്വാനപി – അല്ലയോ ലക്ഷ്മണ, വിദ്വാനും ഹൃദയാലുവുമായ ഏതൊരു പുരു ഷനാണോ ആ സ്ത്രീയുടെ വാക്കുകേട്ട്, നിയമപരമായി ചെയ്യേണ്ട രാജ്യാവകാശത്തെ അനുവർത്തിക്കാത്തത്. ആ ദശരഥൻ ധർമാർത്ഥങ്ങളെ പരിത്യജിച്ച് കാമത്തെ മാത്രം സ്വീകരിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

സുഖീ ബത– പറയൂ, കൈകേയി പുത്രനായ ഭരതൻ സ്വഭാര്യയോടുകൂടി സസുഖം വാഴുന്നില്ലേ. ആരാണ് കോസലരാജ്യത്തെ മുഴുവനായും സ്വരാജ്യംപോലെ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ദശഥരന്റെ മരണാസന്ന വാക്യങ്ങൾ പറയുന്നതിലും എന്നെ കാട്ടില യച്ചതിലും ഭരതന് രാജ്യം ലഭിച്ചതിലും കൈകേയി സംതൃപ്തയായിരിക്കുന്നു. ദുശ്ചരിത യായ കൈകേയി വിദ്വേഷം മൂത്ത് അന്യായം ചെയ്തുകൂട്ടുകയാണ്. അധർമകാരിയായ അവളെ എന്റെ മാതാക്കൾ എങ്ങനെ നേരിടാനാണ്.

ജിത്വാ ശത്രുഗണാൽ – രാമൻ, ശത്രുക്കളെ ജയിച്ച്, ഉത്കൃഷ്ടമായ യശസ്സുനേടി, മഹാ ബലശാലികളായ സുഹൃത്തുക്കളോടൊപ്പം ഐശ്വര്യവാനായി അയോധ്യയിലേക്കെത്തു കയാണ്. ഈ വാർത്ത കേട്ട് ഭരതൻ യമനെ ഭജിക്കും. പ്രപിതാമഹന്മാരുടെ രാജ്യം സത്യത്തിൽ ആരുടേതായിരുന്നുവെന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

യദി രാജസ്യ– നീ രാജ്യതൽപരനായാണ് ഇങ്ങനെയൊക്കെ സംസാരിക്കുന്നത് എങ്കിൽ ഭരതനോട് ആ രാജ്യം എനിക്കു വിട്ടുതരാൻ ഞാൻ തന്നെ പറയാം.

അഹോ രൂപ– നിന്റെ രൂപം, ധൈര്യം, സത്വം, ശോഭ എന്നിവ ഒരു രാക്ഷസരാജാവിന്റെ സർവലക്ഷണങ്ങൾക്കും യോജിച്ചതുതന്നെ. ബലവത്തായ ആ അധർമ്മം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ദേവലോകത്തിലെ ഇന്ദ്രനുപോലും താങ്കൾ രക്ഷിതാവാകുമായിരുന്നു.

രാമസ്തുലിത – കൈലാസമെടുത്ത് അമ്മാനമാടിയ ആ ശത്രുവിനെ രാമൻ ബഹുമാനിച്ചു.

രാജർഷി വിപ്ര ദൈത്യാനാം – രാജർഷികൾ, ബ്രാഹ്മണർ, അസുരർ, ഗന്ധർവർ എന്നിവരുടെയെല്ലാം പത്നിമാരും കന്യകമാരും രാക്ഷസനായ രാവണനോട് കാമതൽപരകളായി. യുദ്ധാനന്തരം രാവണനാൽ മോഷ്ടിക്കപ്പെട്ട സ്ത്രീകളോ, അയാളോട് മദനാനുകൂലകളായി. ചിലർ സ്വരാജ്യത്തേക്ക് മടങ്ങിപ്പോയി. ചിലർ വീരത്യാഗം (സതി) അനുഷ്ഠിച്ചു ഗുണങ്ങൾ നേടി. സീത ഒഴികെയുള്ള അനാഥസ്ത്രീകളെല്ലാം രാവണനോട് അനുകൂലമായി. ഭാര്യാസമേതനായ രാവണൻ സീത അടക്കമുള്ള സ്ത്രീകളെ കാമാർത്തികൊണ്ടാണ് തട്ടിക്കൊണ്ടുപോയത് എന്നു പറയുന്നത് ഹീനത്വം തന്നെ.

മാം നിഹത്യ– ഞാൻ മരിക്കുന്നതിനു മുൻപേ, രാഘവാ നിന്നെ ഞാൻ കൊല്ലും.

സ സുഹൃദ്യോ – അപകടാവസ്ഥയിൽ ദൈന്യത പ്രകടിപ്പിക്കുന്നവനോട് സൗഹൃദം ഭാവിക്കു, കരഞ്ഞ് സഹായമഭ്യർത്ഥിക്കുന്നവനോട് ബന്ധുത്വവും.

ബാലി നം ച ഹതം – ബാലിയെ കൊന്ന് സുഗ്രീവനെ അഭിഷേകം ചെയ്ത കാര്യം പറഞ്ഞ് (രാവണൻ മരിച്ചാൽ) രാജാവായി വാഴിക്കാമെന്ന് മോഹിപ്പിച്ച് സൂത്രത്തിൽ ഇവിടേക്ക് കൊണ്ടുവന്നതാണിവനെ.

അമിത്രാനസ്തത് – മിത്രനല്ലാത്തവനും കുലീനനും സ്വദേശിയും കീർത്തിയുള്ളവനും ദുഃഖനാശകനുമായ ഇവനിതാ ഇവിടെ ആഗതനായിരിക്കുന്നു.

യയോർവീര്യമപാശ്രിത്യ – ആരുടെ വീര്യത്തെ ആശ്രയിച്ചാണ് ഞാൻ രാജ്യസ്ഥിരത ആഗ്രഹിച്ചത്, ആ രണ്ടു പുരുഷശ്രേഷ്ഠന്മാരുമിതാ ദേഹം നശിച്ച് കിടക്കുന്നു. എന്റെ രാജ്യം പകൽക്കിനാവുപോലെ വാണ് ഇല്ലാതായിപ്പോവുകയും ചെയ്യുന്നു.

പോരാട്ടത്തിൽ സ്വന്തം പുരി തകർന്നുപോയ പൗലസ്ത്യകുമാരനാണിവൻ.

**മഹാഭാരതം**

മഹാഭാരതത്തിലെ പ്രതിനായകനായ ദുര്യോധനന്റെ മഹത്വങ്ങൾ മാരാർ ചികഞ്ഞെടുക്കുന്നു. പെറ്റുവീണതുമുതൽ ദുര്യോധനനെ ഉപേക്ഷിച്ചുകളയാനായിരുന്നു വിദുരരും മറ്റും ധൃതരാഷ്ട്രരോട് ഉപദേശിച്ചത്. അയാൾ കാരണം കുലം മുടിയുമെന്നും

അവർ പറഞ്ഞു. ആരേയും ചെവിക്കൊള്ളാതെ ദുര്യോധനൻ പിതൃസഹോദരപുത്ര ന്മാരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ദുർമ്മതി, ദുർബുദ്ധി, ദുരാത്മാവ്, ലോഭപരായണൻ, ക്രോധപരായണൻ എന്നിങ്ങനെയുള്ള ശകാരവാക്കുകൾകൊണ്ടാണ് ദുര്യോധനൻ വിശേഷിപ്പിക്കപ്പെട്ടത്.

കുരുക്ഷേത്രയുദ്ധത്തിന്റെ അവസാനം ഭീമനുമായുള്ള ദ്വന്ദയുദ്ധത്തിൽ തുട ചതഞ്ഞ് വീണ ദുര്യോധനൻ തുടർന്നുണ്ടായ ദുരന്തങ്ങൾക്കും കലാപങ്ങൾക്കും സാക്ഷിയായി കുറേ നാളുകൾകൂടി മരിക്കാതെ കിടന്നു. ഈ അവസരത്തിലും പലരും ദുര്യോധനനെ അധിക്ഷേപിച്ചു. ശ്രീകൃഷ്ണൻപോലും പരോക്ഷമായി അതിൽ പങ്കുകൊ ണ്ടു. മിത്രമെന്നോ ശത്രുവെന്നോ കരുതാനാകാത്ത മരമു്ട്ടിപോലയായിത്തീർന്ന ഇവന്റെ മേൽ ഇനി വാക്കുകൾ വെട്ടിയിട്ടിട്ടെന്താണ് എന്നായിരുന്നു ശ്രീകൃഷ്ണന്റെ പരോക്ഷമായ അധിക്ഷേപം. ഇതുകേട്ട ദുര്യോധനൻ കൈ രണ്ടും നിലത്തൂന്നി ഊര കൊണ്ട് നിവർന്നുനിന്ന് പുരികം ചുളിച്ച് ഉഗ്രമായ മറുപടി പറഞ്ഞു.

''ഞാൻ വിധിയാംവണ്ണം അധ്യയനം ചെയ്തു. ദാനം ചെയ്തു. ഭൂമിയടക്കിവാണു. രാജാക്കളുടെ തലയ്ക്കുമീതെ നിന്നു. മികച്ച ഐശ്വര്യവും ദേവോചിതമായി ഭോഗ ങ്ങളും അനുഭവിച്ചു. സ്വധർമ്മം നോക്കുന്ന ക്ഷത്രിയർ ഇഷ്ടപ്പെടുംവിധം കൊലയുമേറ്റു എന്റേതിനേക്കാൾ നല്ല അവസാനം ആർക്കാണുള്ളത്. ഞാൻ സുഹൃത്തുക്കളോടും അനുജന്മാരോടും കൂടി സ്വർഗ്ഗത്തിലേക്ക് പോകുകയാണ്. നിങ്ങളോ സങ്കൽപം കെട്ടു വിഷാദിച്ചു കഴിച്ചുകൂട്ടേണ്ടിയും വരും'' ഈ വാക്കുകൾ കേട്ട് ആകാശത്തുനിന്ന് പുഷ്പവൃഷ്ടിയുണ്ടായി ഗന്ധർവാപ്സരസ്സുകൾ വാദ്യഘോഷം മുഴക്കി. നമ്മൾ 'താൻ പോരിമ'യെന്ന് ലഘൂകരിക്കുന്ന ദുര്യോധനന്റെ വാക്കുകൾക്ക് അസാധാരണമായ ശ്രേഷ്ഠതയുണ്ടായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഈ ശ്രേഷ്ഠത ഇതിഹാസ കവിതന്നെ പിന്നീട് ചിത്രീകരിച്ചിട്ടുണ്ട്. ധർമ്മശ്രദ്ധയാൽ ഉടലോടെ സ്വർഗ്ഗംപൂകിയ യുധിഷ്ഠിരൻ ദേവന്മാർക്കിടയിൽ മഹാപ്രഭാവത്തോടെയിരിക്കുന്ന ദുര്യോധനനെ കണ്ട പ്പോൾ അമർഷം പൂണ്ടത്രേ. ഇതുകണ്ട നാരദൻ ദുര്യോധനന്റെ സ്വർഗയോഗ്യതയെക്കു റിച്ച് പറഞ്ഞത് ശ്രദ്ധേയമായി. ഏറ്റവും വലിയ ഭയത്തിലും അത്യാപത്തിലും സർവപ്രാ ണിഭയങ്കരമായ മരണത്തിൽപോലും തെല്ലു ഭയപ്പെടാതെ നടുങ്ങാതെ നിൽക്കുക എന്ന തിനെ ദേവസിദ്ധവും ഗന്ധർവാഭിനന്ദ്യവുമായ ഒരു പുണ്യമായാണ് നാരദൻ വിശദീകരി ക്കുന്നത്. ദുര്യോധനെ സ്വർഗാവകാശിയാക്കിയത് ഇതാണ്. ദുര്യോധനന്റെ നിർഭയത്വ ത്തിന്റെ നേരെ മറുവശമാണ് യുധിഷ്ഠിരനിലുള്ളത്.

അർജ്ജുനനെക്കാളും മികവ് കാണിച്ച കർണ്ണനോട് യുധിഷ്ഠിരന് ബഹുമാനത്തേ ക്കാൾ ഭയമായിരുന്നു. ഭീഷ്മരേയും ദ്രോണരേയും കൃപരേയും അശ്വത്ഥാമാവിനേയും അവരുടെ ദുർജ്ജയതയോർത്ത് യുധിഷ്ഠിരൻ ഭയന്നു. യുധിഷ്ഠിരന്റെ സ്ഥായീഭാവമാ

യിരുന്ന ഈ ഭയം കാരണമാണ് പാണ്ഡവർക്ക് വാരണാവതത്തിലെ അരക്കില്ല ത്തിൽച്ചെന്ന് പാർക്കുകയും അവിടെനിന്ന് ഒളിച്ചോടുകയും വേണ്ടിവന്നത്. എവിടെപ്പോ യാലും ദുര്യോധനൻ ചാരന്മാരെക്കൊണ്ട് തങ്ങളെ കൊല്ലിച്ചേക്കുമെന്ന് യുധിഷ്ഠിരൻ ഭയന്നു. ഏകചക്രയിൽ പിച്ചയിരക്കേണ്ടിവന്നു. അർജ്ജുനന്റെ അഭ്യാസബലത്താൽ പാഞ്ചാലിയെ വിട്ട് ബന്ധുബലം നേടി അഭിവൃദ്ധിപ്രാപിച്ചെങ്കിലും പകുത്തുകിട്ടിയ രാജ്യം ചൂതുകളിയിൽ നഷ്ടപ്പെടുത്തേണ്ടിവന്നു. പാഞ്ചാലിയെപ്പോലും പണയംവെക്കേ ണ്ടിവന്നു. പാഞ്ചാലി സഭയിൽ അപമാനിതയായപ്പോൾ യുധിഷ്ഠിരന്റെ ക്ഷത്രിയത്വം മാത്രമല്ല ആണത്തംപോലും ചൂളിപ്പോയി. അജ്ഞാതവാസക്കാലത്ത് യുധിഷ്ഠിരന് വീണ്ടും ഇതേ അനുഭവമുണ്ടായി. പഞ്ചാലിയിൽ കാമാവേശംപൂണ്ട കീചകൻ അത് നിറ വേറാത്ത ദേഷ്യത്തിൽ അവളെ യുധിഷ്ഠിരാദികളുടെ മുമ്പിലിട്ട് ചവിട്ടി. അജ്ഞാതവാ സത്തിലായതുകൊണ്ട് ഭീമന് ഉശിരുള്ള നാല് വാക്കുപോലും പറയാൻപോലും സാധിച്ചി ല്ല. ശക്തരായ സഹോദരുടെ പിന്തുണ ഉണ്ടായിട്ടും ഭയം ഒരു ദൗർബല്യമായി യുധിഷ്ഠി രനെ പിൻതുടരുകയായിരുന്നു. ഈ ദുർബലത ചൂണ്ടിക്കാണിച്ച് മഹർഷി മാർക്കണ്ഡേ യൻ യുധിഷ്ഠിരനോട് പറഞ്ഞു. ''നേശേബലസ്യേതി ചരേദധർമ്മം'' ഒരാൾ തനിക്ക് ബലമില്ലാ എന്നു കരുതി തെരഞ്ഞെടുക്കുന്ന പ്രവൃത്തി എന്തുതന്നെയായാലും അയാളെ സംബന്ധിച്ചിടത്തോളം അത് അധർമ്മമാണെന്നാണ് ഇതിന് സന്ദർഭമനുസരിച്ച് ലഭി ക്കുന്ന വിശാലാർഥം.

ദുര്യോധനൻ പാണ്ഡവരോട് ചെയ്ത കടുംകൈകൾ ശത്രുസംഹാരത്തിനുവേണ്ടി ഏതു രാജാവും ചെയ്യുന്നതുതന്നെ. ക്ഷത്രിയർ അംഗീകരിക്കുന്ന ദണ്ഡനീതി മാത്രമാണ്. കാളിദാസൻ വിശേഷിപ്പിച്ചപോലെ 'പരാതി സന്താനവിദ്യകൾ' പയറ്റിയാണ് പലരും ജയം കണ്ടെത്തിയിരുന്നത്. കുരുക്ഷേത്രത്തിൽ പാണ്ഡവരും കൃഷ്ണന്റെ മൗനാനുവാദ ത്തോടെ ചില 'പരാതി സന്താനവിദ്യകൾ' പയറ്റിയാണ് ശത്രുസംഹാരം നടത്തിയത്. ആ അധർമ്മങ്ങൾ സർവ്വക്ഷത്രിയ സാധാരണമാണ്. ഈ നിലയ്ക്ക് ദുര്യോധനന്റെ അധർമ്മ ങ്ങളേയും അസാധാരണമായി കാണേണ്ടതില്ല. അവ മാറ്റിവെച്ചാൽ ആര്യജനങ്ങൾക്കു ണ്ടായിരിക്കേണ്ടുന്ന സർവനന്മകളും ദുര്യോധനനുണ്ടായിരുന്നു. പ്രജാതല്പരനായ രാജാവായിരുന്നു ദുര്യോധനൻ. ഭീഷ്മാദികളായ ഗുരുജനങ്ങളോടും മാതാപിതാക്ക ളോടും അയാൾക്ക് വേണ്ടുവോളം ഭക്ത്യാദരങ്ങളുണ്ടായിരുന്നു. പാണ്ഡവരുമായി സന്ധിചെയ്യുക എന്നതൊഴിച്ച് ഗുരുജനങ്ങളും എല്ലാ ഇഷ്ടങ്ങളും ദുര്യോധനൻ അനുസ രിച്ചു. ശകുനിപോലും രണ്ടു സന്ദർഭത്തിൽ പാണ്ഡവരോടിണങ്ങുവാൻ ദുര്യോധനനെ ഉപദേശിക്കുന്നുണ്ട്. അതിലും ഭേദം ആത്മഹത്യയാണ് എന്നതായിരുന്നു ദുര്യോധനന്റെ നിലപാട്.

ദുര്യോധനന്റെ മാതൃഭക്തി ശ്രേഷ്ഠമായിരുന്നു. യുദ്ധം നടന്ന പതിനെട്ടുദിവ സവും അയാൾ അമ്മയുടെ അനുഗ്രഹം വാങ്ങിയേ യുദ്ധക്കളത്തിലേക്ക് പുറപ്പെട്ടിട്ടു

ള്ളൂ. ആ അമ്മയാകട്ടേ ധർമ്മം ജയിക്കട്ടേ എന്നല്ലാതെ മകന് പ്രത്യേകം ജയമാശംസിച്ചില്ല. സുഹൃത്തെന്ന നിലയിൽ ദുര്യോധനനേക്കാൾ ശ്രേഷ്ഠനായ ഒരാൾ ഭാരതത്തിലുണ്ടെങ്കിൽ അത് അയാളുടെ സുഹൃത്തായ കർണനനാണെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. ശത്രുപക്ഷപാതിയെന്നു കരുതപ്പെട്ട ഭഗവാൻ കൃഷ്ണനോടുപോലും ദുര്യോധനന് ബഹുമാനമുണ്ടായിരുന്നു. തൊണ്ണൂറ്റിയൊൻപത് സഹോദരരും അദ്ദേഹത്തിനുവേണ്ടി യുദ്ധത്തിൽ പ്രാണത്യാഗം ചെയ്തു എന്നതിൽനിന്ന് ആ സൗഭ്രാത്രത്തിന്റെ ആഴം മനസ്സിലാക്കാൻ കഴിയും.

പാണ്ഡവർ ദുര്യോധനന് അടുത്ത സഹോദരരായിരുന്നില്ല. ഒപ്പം വളർന്നവ രായിരുന്നില്ല. അതുകൊണ്ടുതന്നെ സ്വന്തം ഐശ്വര്യത്തിന്റെ അപഹർത്താക്കൾ എന്ന നിലയിലേ അവരെ കാണാൻ ദുര്യോധനന് കഴിഞ്ഞിരുന്നുള്ളൂ. ഈ സ്ഥിതിക്ക് അയാളവരെ ശത്രുക്കളെന്ന ഭാവത്തിൽ വീക്ഷിച്ചത് മനുഷ്യസഹജമായേ കാണാനാവൂ.

മഹാഭാരതത്തിലെ നായകപ്രതിനായകാദികളെ മാരാർ വെറും കുട്ടികളായി കാണുന്നു. കശപിശ കൂടുന്ന ഇവരിലെ മുതിർന്ന കുട്ടിയായാണ് കർണ്ണനെ കാണുന്നത്. തറവാട്ടിലെ മുതിർന്ന പ്രധാന വ്യക്തികളെ ഓരോരുത്തരായി മാരാർ പരിചയപ്പെടുത്തുന്നു.

മക്കളെച്ചൊല്ലി ദുഃഖിക്കുന്ന കുന്തി, ഗാന്ധാരി, ആരാധനാപാത്രങ്ങളായ ഭഗവാൻ വാസുദേവൻ, കുരുപിതാമഹൻ ഭീഷ്മർ, പുത്രവാത്സല്യംതകൊണ്ട് അന്ധനായിത്തീർന്ന ധൃതരാഷ്ട്രർ, അസ്ത്രവിദ്യാനിധിയായ ദ്രോണാചാര്യർ മകൻ അശ്വത്ഥാമാവ് സ്വയം നിഷ്പക്ഷവാദിയെന്ന് വിശേഷിപ്പിച്ച ബലഭദ്രൻ ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത മനുഷ്യപ്രതിരൂപങ്ങൾ. ഋഷികവിയായ കൃഷ്ണദ്വൈപായനന് പ്രണാമമർപ്പിച്ചുകൊണ്ടാണ് മാരാർ അവസാനിപ്പിക്കുന്നത്.

അന്തഃപുരനായികമാരായി ഗാന്ധാരിയും കുന്തിയും വർത്തിക്കുന്നു. മഹാതപസ്വിനിമാരും മക്കളെച്ചൊല്ലി ദുഃഖിക്കുന്നവരുമായ ആ അമ്മമാരെ വന്ദിക്കുകയാണ് മാരാർ ചെയ്യുന്നത്. അത്യുന്നതമായ സൗധത്തിൽ മറ്റുള്ളവരുടെ ആരാധനാപാത്രങ്ങളായി ഇരിക്കുന്ന രണ്ട് ദിവ്യാത്മാക്കളാണ് ഭഗവാൻ വാസുദേവനും ഭീഷ്മാചാര്യരും. എവിടെനിന്നു നോക്കിയാലും ഇവരെ രണ്ടുപേരെയും കാണാമെന്നതുപോലെ എല്ലായിടത്തും ഇവരുടെ കണ്ണെത്തുന്നുമുണ്ട്. ഒരാൾ ഈശ്വരത്വത്തിൽനിന്ന് ഇറങ്ങിവരുന്നു. മറ്റെയാൾ ഇവിടെനിന്ന് ഈശ്വരത്വത്തിലേക്ക് കയറിപ്പോകുന്നു. അവരുടെ കർമ്മങ്ങൾ ധർമ്മചിന്തകന്മാരെ സംഭ്രമിപ്പിക്കുകയും ചെയ്യാറുണ്ട്. ഭീഷ്മപിതാമഹൻ അധർമ്മിഷ്ഠരായ ധാർത്തരാഷ്ട്രന്മാരുടെ ഒന്നാമത്തെ സേനാപതിയായിരുന്നു. ധർമ്മിഷ്ഠരായ പാണ്ഡവരോടു പത്തുദിവസം അത്യുഗ്രമായ യുദ്ധം ചെയ്തു ഭീഷ്മർ. വാസുദേവനാകട്ടെ ധർമ്മിഷ്ഠരായ പാണ്ഡവരുടെ തേരുതെളിച്ചു കൊണ്ട് വിജയത്തിനായി അവരെ അധർമ്മങ്ങൾ

ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു. എന്നാലും ഇവരെ ധർമ്മജ്ഞതയുടെ പേരിൽ ലോകം ആരാധിച്ചുകൊണ്ടിരിക്കുന്നു.

കണ്ണുകൊണ്ടെന്നതിലുമധികം പുത്രവാത്സല്യംകൊണ്ട് അന്ധനായ വ്യക്തിയാണ് ധൃതരാഷ്ട്രർ. എല്ലാ അറിവുകളുമുണ്ടായിട്ടും മകനോട് മറുത്തുപറയാൻ കരുത്തില്ലാത്ത അച്ഛനായിരുന്നു ധൃതരാഷ്ട്രർ. അദ്ദേഹത്തെയാണ് യഥാർത്ഥത്തിൽ എല്ലാ ആപത്തിനും ശകാരിക്കേണ്ടത്. പക്ഷേ അദ്ദേഹത്തെപ്പോലെ ഹൃദയവ്യഥയനുഭവിച്ച മറ്റൊരാൾ മഹാഭാരതത്തിലില്ല എന്ന അഭിപ്രായം നിലനിൽക്കുന്നതുകൊണ്ട് കുറ്റപ്പെടുത്താനുമാവില്ല. പാവം അവസാനം താൻ പാർക്കും കാടിന് തീയിട്ട് ജീവനൊടുക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം എപ്പോഴുമുണ്ടായിരുന്ന ധർമ്മജ്ഞനായിരുന്നു വിദുരർ. കേവലമായ ധർമ്മജ്ഞതയ്ക്ക് സ്വകർമ്മവ്യഗ്രമായ ലോകത്ത് ഒരു സ്ഥാനവുമില്ലെന്ന് മനസ്സിലാക്കുകയുണ്ടായി വിദുരർ. ജീവിതകാലം മുഴുവൻ ധൃതരാഷ്ട്രർക്ക് അനർഘങ്ങളായ ധർമ്മസൂക്തങ്ങൾ പറഞ്ഞു കൊടുക്കുകയായിരുന്നു അദ്ദേഹം. ഒടുവിൽ വാനപ്രസ്ഥനായി ഏകാന്തഘോരങ്ങളായ വനാന്തരങ്ങളിൽ വായിലൊരു വെള്ളാരങ്കല്ലുമിട്ടുകൊണ്ട് അലഞ്ഞുനടക്കുകയായിരുന്നു.

അസ്ത്രവിദ്യാനിധിയായ ദ്രോണാചാര്യരും അദ്ദേഹത്തിന്റെ മകൻ അശ്വത്ഥാമാവും കൗരവപാണ്ഡവയുദ്ധത്തിൽ സ്വന്തം വകയായ കുടിപ്പകകൂടി കൂട്ടിച്ചേർത്ത് അതിനെ കൂടുതൽ ഭയാനകമാക്കി. പാണ്ഡവപക്ഷപാതിയായ കൃഷ്ണന്റെ ജ്യേഷ്ഠനായിരുന്നു സ്വയം നിഷ്പക്ഷവാദിയെന്ന് വിശേഷിപ്പിച്ചുകൊണ്ടിരുന്ന ബലഭദ്രൻ. മഹാഭാരതത്തിലെ മിഴിവുറ്റ മറ്റൊരു വ്യക്തിയാണ് കൃഷ്ണദ്വൈപായനൻ. പല മഹർഷിമാരോടൊപ്പവും അല്ലാതെയും ഇദ്ദേഹം സർവ്വവ്യാപിയായി സഞ്ചരിക്കുന്നു.

(ലേഖനത്തിലുള്ള സംസ്കൃതശ്ലോകങ്ങളുടെയും ഉദ്ധരണികളുടെയും ഏകദേശ വിവർത്തനം).

**മഹാഭാരതം**

അസാവാദ്യസ്യ നിധനേ – ബുദ്ധിമാനായ ആ കുരുവംശരാജാവിന്റെ വാക്കുകൾ കഴിഞ്ഞപ്പോഴേക്കും ആകാശത്തുനിന്ന് പുണ്യഗന്ധമുള്ള പുഷ്പങ്ങൾ വർഷിച്ചു. ഗന്ധർവന്മാരും അപ്സരസ്സുകളും മനോഹര ഗീത–വാദ്യ– നൃത്താദികൾ ആവിഷ്കരിച്ചു. സിദ്ധന്മാർ 'ബലേ .... ബലേ' എന്ന് മന്ത്രിച്ചു. സുഗന്ധമുള്ള മാരുതൻ കുളിർമയോടെ വീശി. ദിക്കുകൾ നന്നേ ശോഭിച്ചു. ആകാശം നക്ഷത്രങ്ങളാലും മിന്നലിനാലും തിളങ്ങി.

ഭയേ മഹതി – ഇവൻ കൊടിയ ഭയകാലത്തിൽപോലും നിർഭയനായ രാജാവായി വാണു.

നകർണ തുല്യോ – കർണനു തുല്യനായ വില്ലാളിവീരൻ ഭൂമിയിൽ ഇല്ലതന്നെ.

യുധിഷ്ഠിര മഹാബാഹോ – യുധിഷ്ഠിരാ, മഹാബാഹുവായ നിന്റെ വിചാരങ്ങൾ ഞാന റിയുന്നുണ്ട്. അതറിഞ്ഞുതന്നെയാണ് ഇവിടേക്ക് വേഗം വന്നത്. ഭീഷ്മർ, ദ്രോണർ, കൃപർ, കർണൻ, അശ്വത്ഥമാവ് എന്നിവരിൽ നിന്ന് നീ എന്തോ ഭയവും ശത്രുതയും പ്രതീക്ഷിക്കുന്നുണ്ട്.

നാത്രദോഷോ – അത് ദോഷകരമാവുകയില്ല.

വയം തു യദി ദാഹസ്യ – രാജ്യം ദാഹിച്ചു നടക്കുന്ന ആ ദുര്യോദനൻ നമ്മെ ദേഹോപ ദ്രവമേൽപ്പിക്കുകയോ കൊല്ലുകയോ ചെയ്യും.

ഭുയോപി ദുഃഖം മമ ഭീമസേനാ – അല്ലയോ ഭീമ, എനിക്ക് വലുതായ ദുഃഖം തോന്നുന്നു. എല്ലാം വിഷയുക്തമാണ് എന്നറിഞ്ഞിട്ടും ഭയം കാരണം പലതും എനിക്ക് രുചിക്കേണ്ടി വന്നു. ക്ഷമാശീലനായ ഞാൻ മറ്റുള്ളവരുടെ ആജ്ഞയനുസരിച്ച് ഒരുകാര്യവും ചെയ്തി ല്ല.

നേശേ ബലസ്യേതി – താൻ ബലത്തിനാളല്ലെന്നുവന്നാൽ അധർമം പ്രവർത്തിക്കാ.

അന്വീക്ഷികീ – അന്വിക്ഷീകീ, വാർത്ത, ദണ്ഡനീതി എന്നിവയാണ് മൂന്നു വിദ്യകൾ.

പരാതി സന്ധാനമതീയതേ – ഈ മൂന്നു വിദ്യകളാലാണ് അപരനെ നേരിടേണ്ടത്.

നൈഷ ശക്യഃ – അല്ലയോ യുധിഷ്ഠിരാ, ധർമം പ്രവർത്തിച്ച് ഭീഷ്മർ തുടങ്ങിയ മഹാര ഥന്മാരെ കൊല്ലുവാനാകില്ല. മായാജാലം കൊണ്ടോ, ആഗ്രഹംകൊണ്ടോ എല്ലാവരും കൊല്ലപ്പെടുമോ? അതിനാൽ പലപ്പോഴും അധർമം ചെയ്യേണ്ടി വരും. വിജയവും ധനവും രാജ്യവും ആർക്കാണ് വധിക്കാനാവുമോ എന്ന് ദുര്യോധനൻ മുമ്പേ ശ്രമിച്ചു നോക്കിയതാണ്. പക്ഷേ, അത് നടപ്പിലാക്കാൻ അവനു കഴിഞ്ഞില്ല. അതിനാൽ മുൻവൈ രാഗ്യം മൂത്ത് മറ്റുള്ളവരുടെ നാശത്തിനായി നല്ല മാർഗം വരുന്നതും കാത്തിരിക്കുന്നത് വിഡ്ഢിത്തമാണെന്നാണ് മനസ്സിലാക്കേണ്ടത്. ധർമനിഷ്ഠനായ യുധിഷ്ഠിരൻ ആ അധർമം ചെയ്യാൻ കുരുക്ഷേത്രം യുദ്ധം വരെ കാത്തിരുന്നു.

തഥാ ദുര്യോധനേനാപി – അല്ലയോ രാജാവേ, ദുര്യോധനൻ പിതാവിനെപ്പോലെത്തന്നെ വിശ്വസ്തനായി നല്ലരീതിയിൽ രാജ്യം പരിപാലിച്ചു. നിന്റെ പുത്രൻ അൽപംപോലും കള വുപ്രവർത്തിച്ചിട്ടില്ല. അല്ലയോ രാജശ്രേഷ്ഠ, അങ്ങയുടെ ഭരണകാലത്തെ സുഖങ്ങൾ എല്ലാംതന്നെ ഇപ്പോഴും ഞങ്ങൾ അനുഭവിക്കുന്നുണ്ട്.

ഉക്താസ്യഷ്ടാ – പതിനെട്ട് ദിവസവും മറ്റു മാതാക്കൾ പുത്രന്മാരാൽ ജയമാഗ്രഹിച്ച പ്പോൾ എന്റെ മാതാവുമാത്രം ശത്രുക്കളുടെ ഉദ്യമത്തിന് മംഗളമാംശിച്ചു. എപ്പോഴൊക്കെ പുത്രന്മാർ ജയത്തിനായ് യാചിച്ചുവോ അപ്പോഴൊക്കെ ഗാന്ധാരി 'എവിടെ ധർമ്മ മുണ്ടോ അവിടെ വിജയവും' എന്ന് ആശംസിച്ചു.

സ ഹി പൂജ്യ തമോ – കമലലോചനനായ ആ കൃഷ്ണൻ മൂന്നു ലോകങ്ങളിലും പൂജിക്കപ്പെട്ടടേണ്ട ദേവൻ തന്നെയാണെന്ന് എല്ലായ്പ്പോഴും മനസ്സിലാക്കാവുന്നതാണ്.

മാന്യമാനഃ പ്രഭാവം – കമലലോചനനായ ആ കൃഷ്ണൻ മൂന്നു ലോകങ്ങളിലും പൂജിക്കപ്പെടേണ്ട ക്ഷത്രിയ ധർമംകൊണ്ടും സ്വയമനുഷ്ഠിച്ച കർമങ്ങൾ കൊണ്ടും മറ്റുള്ളവരുടെയും കൃഷ്ണന്റെയും മുമ്പിൽ ഞാൻ തോറ്റുപോയി.

വനം പ്രവിശതാനേന – ബുദ്ധിമാനായ അദ്ദേഹം വനത്തിൽ പ്രവേശിച്ച് വായുവെ ഭക്ഷണമായി സ്വീകരിച്ചു. യാഗാഗ്നിയിലല്ല, മറിച്ച് ഉത്കൃഷ്ടമായ വനാഗ്നിയിൽ അദ്ദേഹം ദേഹത്യാഗം ചെയ്യുകയും ചെയ്തു.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

എം.പി.പോളിന്റെ അഭിപ്രായത്തിൽ ഇതിഹാസകഥാപാത്രങ്ങൾ എങ്ങനെയുള്ളവരാണ്?

രാമായണകഥാപാത്രങ്ങളുടെ മാനുഷികഭാവം മാരാർ വിവരിക്കുന്നതെങ്ങനെ?

ദുര്യോധനന്റെ വീരോചിതമായ വിടവാങ്ങൽ മാരാർ വിശകലനം ചെയ്യുന്നതെങ്ങനെ?

**ഉപന്യാസമെഴുതുക**

‘ഇതിഹാസകഥാപാത്രങ്ങൾ യഥാർത്ഥ മനുഷ്യരുടെ വലുപ്പം കൂടിയ ക്ലോസപ്പുകളാണ്’ മാരാരുടെ ലേഖനത്തെ ആസ്പദമാക്കി അവലോകനം ചെയ്യുക.

**********